# സർ തോമസ് മോർ



ഐ. സി. ചാക്കൊ

PRICE Re 1.

3434
H200

# സർ തോമസ് മോർ

പണ്ഡിതൻ,

ഗ്രന്ഥകാരൻ, മഹാമാത്രൻ,

ധർമ്മധീരൻ, വിശുദ്ധൻ.

ഗ്രന്ഥകർത്താവ്,

ഐ. സി. ചാക്കൊ.

Publishers:
L. J. FERNANDEZ & SONS,
CITY PRESS, TRIVANDRUM.

1948

# മുഖവുര

സർ തോമസ്‌മോർ സംഭവവഹുലമായ ഒരു കാലത്തു് ഇംഗ്ലണ്ടിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്ന ഒരാളായിരുന്നുവെന്നു രാജ്യചരിത്രജ്ഞന്മാർക്കെല്ലാം അറിയാം. അദ്ദേഹം ഒരു പണ്ഡിതനും സാഹിത്യകാരനുമായിരുന്നുവെന്നു് സാഹിത്യചരിത്രജ്ഞന്മാർക്കുമറിയാം. എന്നാൽ അദ്ദേഹം ഒരു ധർമ്മധീരനും ദീനാനുകമ്പിയും മഹാപുണ്യവാനുമായിരുന്നുവെന്നുള്ള വാസ്തവം മിക്കവർക്കും അജ്ഞാതമായിരിക്കണം.

അദ്ദേഹം മരിച്ചിട്ടു നാനൂറുവർഷം തികയുന്ന ഈയാണ്ടിൽ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പാ, തോമസ്‌മോർ വിശുദ്ധനാണെന്നു പ്രഖ്യാപനം ചെയ്തു. ഈ പ്രഖ്യാപനത്തിന്റെ അർത്ഥം അതിഗംഭീരമാകുന്നു. ക്രിസ്തീയസഭയിൽ വിശുദ്ധരായി ഗണിക്കപ്പെടുന്ന പരേതന്മാർക്കു് ആരാധനകളിലുള്ള സ്ഥാനം ഉന്നതമാകുന്നു. അവരുടെ നാമങ്ങളിൽ പള്ളികൾ പ്രതിഷ്ഠിക്കപ്പെടുന്നു; ക്രിസ്തീയപഞ്ചാംഗത്തിൽ അവരുടെ സ്മരണക്കായി പ്രത്യേകദിനങ്ങളും പ്രത്യേകകർമ്മങ്ങളും വിധിക്കപ്പെടുന്നു; അവരുടെ പ്രതിമകൾക്കു് ദേവാലയങ്ങളിൽ പ്രതിഷ്ഠ ലഭിക്കുന്നു. കീർത്തിമാന്മാരായ ചക്രവർത്തികൾ, രാജാക്കന്മാർ മുതലായ മഹാരഥന്മാരെ ലോകം കാലക്രമേണ വിസ്മരിക്കുന്നു. എന്നാൽ ഒരു വിശുദ്ധനെ ക്രിസ്തീയസഭ ഒരിക്കലും വിസ്മരിക്കുന്നില്ല.

തോമസ്‌മോർ വിശുദ്ധനാണെന്നുള്ള പ്രഖ്യാപനം അദ്ദേഹത്തെ ലോകത്തിന്റെ നയനങ്ങൾക്കു് ഇപ്പോൾ ഏകലക്ഷ്യമാക്കിത്തീർത്തിരിക്കുന്നു. സാധാരണമായി വിശുദ്ധപദത്തെ പ്രാപിക്കുന്നവർ ലോകത്തെ ത്യജിച്ചു് മഹാതാപസന്മാരായി ജീവിതം നയിക്കുന്നവരാണു്. ലോകവ്യവഹാരങ്ങളിൽ ഇടപെട്ടു് ഗൃഹസ്ഥന്മാരായി ജീവിക്കുന്നവർ ഈ പദത്തിനർഹന്മാരായി

തിരുന്നതു് അസാധാരണസംഭവമാണു്. ലോകവ്യവഹാരങ്ങളിൽ മുഴുകിയിരുന്നപ്പോഴും ഈശ്വരഭക്തിയും ദീനാനുകമ്പയും ധൎമ്മധീരത്വവും തോമസ്മോറിൽ പ്രശോഭിച്ചിരുന്നു.

യാതൊരാദൎശത്തിനുവേണ്ടി തോമസ്മോർ തന്റെ പ്രാണനെ ത്യജിച്ചുവോ ആ ആദൎശം സൎവമതക്കാൎക്കും സ്വീകാൎയ്യമാണെന്നു ഞാൻ ഭാവിക്കുന്നില്ല. എന്നാൽ മോറിന്റെ ഈ പ്രാണത്യാഗത്തിൽ ധൎമ്മബുദ്ധികളായ സകല മതക്കാരുടെയും ബഹുമാനത്തെ ആകൎഷിക്കുന്ന ഒരു തത്വം അന്തൎഭവിച്ചിരിക്കുന്നു. സത്യമെന്നു നമുക്കു ബോധമുള്ള ആദൎശത്തിൽനിന്നു് പ്രലോഭനങ്ങളാൽ വശീകൃതരായിട്ടോ ഭീഷണങ്ങളാൽ സംത്രസ്തരായിട്ടോ നാം വ്യതിചലിക്കരുതെന്നുള്ളതാണു് ആ തത്വം. തോമസ്മോറിന്റെ ജീവചരിത്രം ഈ ഉത്തമതത്വത്തെ നമ്മുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്നു. അദ്ദേഹം ഏകാഗ്രചിത്തനായ ഒരു ഭ്രാന്തിമാനായിരുന്നെന്നോ അപണ്ഡിതനായിരുന്നെന്നോ അരസികനായിരുന്നെന്നോ അലഭ്യഭോഗനായിരുന്നെന്നോ ഭഗാശനായിരുന്നെന്നോ ആൎക്കും പറയുവാൻ സാധിക്കയില്ല.

തോമസ്മോർ വിശുദ്ധനാണെന്നുള്ള പ്രഖ്യാപനം നിമിത്തം അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ചു് ലോകത്തിലെങ്ങും ആവിർഭവിച്ചിരിക്കുന്ന ജിജ്ഞാസയാണു് എന്റെ ഈ പ്രയത്നത്തിന്റെ മുഖ്യകാരണം.

ഈ ജീവചരിത്രത്തിനു് ആധാരമായ വൃത്താന്തങ്ങൾ മിക്കവാറും ഞാൻ ഗ്രഹിച്ചിരിക്കുന്നതു് ക്രിസ്റ്റോഫർഹോളിസ് (Christopher Hollis) ഈയിടെ എഴുതി പ്രസിദ്ധംചെയ്തിരിക്കുന്ന "സർ തോമസ്മോർ" (Sir Thomas More) എന്ന ഗ്രന്ഥത്തിൽ നിന്നാണു്. ആ ഗ്രന്ഥകാരന്റെ അഭിപ്രായങ്ങളും ഈ പുസ്തകത്തിലേക്കു സംക്രമിച്ചിട്ടുണ്ടെന്നു വരാം.

തിരുവനന്തപുരം,<br>1935 ആഗസ്റ്റ് 9-ാംനു.

ഐ. സി. ചാക്കോ

# അനുക്രമണിക


| | |
|---|---|
| | പക്കം |
| മുഖവുര ... ... ... | 3 |
| ഒന്നാമദ്ധ്യായം. | |
| ജന്മവും ബാല്യവും ... ... | 7 |
| രണ്ടാമദ്ധ്യായം. | |
| കുടുംബജീവിതം ... ... | 19 |
| മൂന്നാമദ്ധ്യായം. | |
| ഉദ്യോഗങ്ങൾ ... ... ... | 40 |
| നാലാമദ്ധ്യായം. | |
| സർ തോമസ് മോറും ഹെൻറിയും തമ്മിൽ അഭിപ്രായവ്യത്യാസം ... ... | 60 |
| അഞ്ചാമദ്ധ്യായം. | |
| ഹെൻറിയുടെ പുനർവിവാഹവും അതിന്റെ ഫലങ്ങളും ... ... ... | 71 |
| ആറാമദ്ധ്യായം. | |
| സർ തോമസ് മോറിന്റെ കാരാഗൃഹവാസം | 89 |
| ഏഴാമദ്ധ്യായം. | |
| വിസ്താരവും വിധിയും ... ... | 111 |
| എട്ടാമദ്ധ്യായം. | |
| വിധിനടത്തു് ... ... | 134 |
| ഒൻപതാമദ്ധ്യായം. | |
| സർ തോമസ് മോറിന്റെ സാഹിത്യകൃതികൾ ... ... ... | 140 |

# സർ തോമസ് മോർ

## ഒന്നാം അദ്ധ്യായം

### ജന്മവും ബാല്യവും

സർ തോമസ് മോർ ജനിച്ചതു് ഏതാണ്ടിലാണെന്നുള്ളതിനെക്കുറിച്ചു് അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിയിട്ടുള്ളവരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. അദ്ദേഹം ജനിച്ചതു് ൧൪൮൦-ലാണെന്നായിരുന്നു ആദ്യത്തെ അഭിപ്രായം. എന്നാൽ പിന്നീടു കണ്ടുകിട്ടിയ ഒരു രേഖയിൽ അദ്ദേഹത്തിന്റെ ജനനം ഇംഗ്ലണ്ടിലെ രാജാവായ "എഡ്വെർഡു ചതുർത്ഥന്റെ ഭരണത്തിന്റെ പതിനേഴാംവർഷം ഫെബ്രുവരി ൭-ാംനു- വെള്ളിയാഴ്ചയാണ്" എന്നു കാണുന്നു. എഡ്വെർഡു ചതുർത്ഥന്റെ ഭരണത്തിന്റെ പതിനേഴാംവർഷം ൧൪൭൮ ആയിരുന്നു. എന്നാൽ ആ ആണ്ടിലെ ഫെബ്രുവരിമാസം ൭-ാംനു- ഒരു വെള്ളിയാഴ്ചയല്ല; ൧൪൭൭ ഫെബ്രുവരി ൭-ാംനു- വെള്ളിയാഴ്ചയാണു്. ആയതുകൊണ്ടു് തോമസിന്റെ ജനനം വെള്ളിയാഴ്ചയായിരുന്നെങ്കിൽ അതു് ൧൪൭൭-ൽ ആയിരുന്നിരിക്കണം. നവീനമായി കണ്ടുകിട്ടിയ ഈ രേഖയിൽ വെള്ളിയാഴ്ചയെന്നു പറഞ്ഞിരിക്കുന്നതു തെററായിരിക്കണമെന്നു സങ്കല്പിച്ചുകൊണ്ടു് ഇപ്പോൾ ഗ്രന്ഥകാ

രന്മാർ സർതോമസിൻെറ ജനനം ൧൪൮൦-ൽ ആയിരുന്നുവെന്നാണ് സാധാരണമായി പ്രസ്താവിക്കുന്നതു്.

തോമസ്മോറിൻെറ കുടുംബം പ്രഖ്യാതമായിട്ടുള്ളതല്ലായിരുന്നു. അദ്ദേഹം തൻെറ പിതാവിനെക്കുറിച്ചെഴുതിയിരിക്കുന്നതു് "പ്രഖ്യാതമല്ലെങ്കിലും മാന്യമായ കുടുംബത്തിൽ ജനിച്ചവൻ" എന്നാകുന്നു. തോമസിൻെറ ജനനകാലത്തു് അദ്ദേഹത്തിൻെറ പിതാവായ ജോൺമോർ, ലിംകൺസ് ഇൻ (Lincoln's Inn) എന്നു പറയുന്ന ബാരിസ്റ്റർ സമാജത്തിൻെറ ബട്ളർ ആയിരുന്നു. ബട്ളർ എന്നു പറഞ്ഞാൽ ഇപ്പോൾ ആ ശബ്ദത്തിനു സാധാരണമായുള്ള അൎത്ഥത്തിൽ നീചനായ ഒരു ഭൃത്യൻ എന്നു നാം ധരിക്കരുതു്. ഗുരുകുലത്തിൽ താമസിക്കുന്ന ശിഷ്യന്മാർ ഭൃത്യയോഗ്യമായ ഗുരുശുശ്രൂഷ ചെയ്യാറുണ്ടായിരുന്നതുപോലെ ആ കാലത്തു് ബാരിസ്റ്റർസ്ഥാനാൎത്ഥികൾ ഇങ്ങനെയുള്ളനീചോദ്യോഗങ്ങൾ വഹിക്കേണ്ടിയിരുന്നു. ജോൺമോറിൻെറ ബട്ട്ളർജോലി ബാരിസ്റ്റർസ്ഥാനാൎത്ഥിത്വത്തിൻെറ ഒരു ദശാവിശേഷം മാത്രമായിരുന്നു. അദ്ദേഹം യഥാകാലം ഒരു ബാരിസ്റ്ററായിത്തീരുകയും, വളരെക്കാലം വിജയകരമായി കോടതികളിൽ വ്യവഹരിച്ചതിൻെറശേഷം, ൧൫൧൭-ൽ കോമൺപ്ലീസ് (Common Pleas) കോടതിയിലും ൧൫൨൦-ൽ കിങ്സ്ബെഞ്ചി (King's Bench)ലും ഒരു ജഡ്ജിയായിത്തീരുകയും ചെയ്തു. ജോൺമോർ ഇങ്ങനെ ജഡ്ജിയായിരിക്കുമ്പോൾ തൻെറ മകനായ തോമസ്മോർ തൻെറ മേലാവായി ഇംഗ്ലണ്ടിലെ ചാൻസല്ലർ (Chancellor) ആയിത്തീൎന്നു.

തോമസ്മോറിന്ന മൂന്ന വിമാതാക്കന്മാർ ഉണ്ടാകുന്നതിനിടയായി. ജോണിന്റെ ആദ്യഭാൎയ്യയുടെ ഏകപുത്രനായിരുന്നതോമസ്. തോമസിന്റെ സഹോദരീയായ എലിസബെത്ത് തോമസിനെക്കാൾ നാലുവയസ്സിനിളയതായിരുന്നു. ഈ സഹോദരി ശൈശവത്തിലേ മരിച്ചുപോയി. ഈ സഹോദരിയുടെ ജനനവേളയിലൊ അതു കഴിഞ്ഞു അധികംതാമസിയാതെയൊ തോമസിന്റെ അമ്മ മരിച്ചുപോയി. തോമസ്മോറിന്റെ യാതൊരു ലേഖനത്തിലും തന്റെ അമ്മയെക്കുറിച്ചുള്ള ഒരു സ്മരണയും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തനിക്കു ഓൎമ്മ വെക്കുന്നതിന്നു മുൻപു ആ സ്ത്രീ മരിച്ചുപോയെന്നു ഊഹിക്കപ്പെടുന്നു. ജോൺമോറിന്റെ ഈ ഭാൎയ്യയുടെ മരണത്തിന്നു ശേഷം അദ്ദേഹം മൂന്നുസ്ത്രീകളെവിവാഹം ചെയ്തു.

തോമസ്മോർ വിദ്യാഭ്യാസം ആരംഭിച്ചതു് ത്രെഡ് നീഡിൽ സ്റ്റ്റീററിൽ (Threadneedle Street) സ്ഥിതിചെയ്തിരുന്ന സെൻറൻഅന്തോണിസ്കൂൾ എന്ന പള്ളിക്കൂടത്തിലാണു്. തോമസ് അവിടെ പഠിച്ചുകൊണ്ടിരിക്കയിൽ തന്റെ പിതാവിന്റെ ഉത്സാഹത്താൽ മോട്ടൺ മെത്രാപ്പോലീത്തായുടെ അരമനയിൽ ഒരു ജോലികിട്ടി. ഈമെത്രാപ്പോലീത്താ പാണ്ഡിത്യത്തിലും സ്ഥാനത്തിലും മഹാനായ ഒരാളായിരുന്നു. ഇംഗ്ലണ്ടിലെ റിച്ചാഡ് തൃതീയൻ ചതിവും ക്രൂരകൎമ്മങ്ങളും കൊണ്ടു് രാജാവായിത്തീരുന്ന കാലത്തു് ഇദ്ദേഹം ഈലൈ (Ely) എന്ന രൂപതയിലെ മെത്രാനായിരുന്നു. ഷേക്സ്പീയർ, റിച്ചാർഡു തൃതീയന്റെ ചരിത്രത്തെ അധികരിച്ചെഴുതീയിട്ടുള്ള നാടകത്തിലെ "ഈലൈയിലെ മെത്രാൻ" ഇദ്ദേഹമാണു്.

റിച്ചാഡ്ഡിൻെറ ക്രൂരതയും മററും നിമിത്തം മോർട്ടൺ ആ രാജാവിനോട്ട് അനുകമ്പയുള്ളവനല്ലായിരുന്നു എന്നു മാത്രമല്ല, റിച്ചാഡ്ഡിൻെറ പ്രതിയോഗിയായി പിന്നീട്ട് ഹെൻറിസപ്തമനായിത്തീന്ന ഹെൻറി ട്യൂഡൊറിൻെറ (Henry Tudor) പക്ഷവത്തിയുമായിരുന്നു. ൧൪൮൫-ൽ ബോസ്‌വത്തിൽ (Bosworth) വച്ചു നടന്ന യുദ്ധത്തിൽ റിച്ചാർഡു ഹനിക്കപ്പെട്ടുകയും അനന്തരം ഹെൻറി ട്യൂഡൊർ രാജാവായിത്തീരുകയുംചെയ്തപ്പോൾമോർട്ടൻെറ പ്രതാപവും ആരംഭിച്ചു. ൧൪൮൬-ൽ ഇദ്ദേഹം കാൻറർബറിയിലെ മെത്രാപ്പോലിത്തായായി നിയമിക്കപ്പെട്ടു. ഇംഗ്ലണ്ടിൽ ഒരു വൈദികനു ലഭിക്കാവുന്ന സ്ഥാനങ്ങളിൽ ഏററം ഉന്നതമായിട്ടുള്ളതാണ് ഇതു്. ഈ മഹാസ്ഥാനദാനത്തോടുകൂടെത്തന്നെ അദ്ദേഹത്തെ ഹെൻറി തൻെറ ചാൻസെല്ലറായും നിയമിച്ചു. വൈദികരംഗത്തിൽ കാൻറർബറി മെത്രാപ്പോലീത്താ സ്ഥാനമെന്നതു പോലെതന്നെ ലൌകികരംഗത്തിൽ ഏററം ഉന്നതമായ സ്ഥാനമാണ് ചാൻസെല്ലർസ്ഥാനം. ഈ സ്ഥാനങ്ങൾ രണ്ടും ഒരാളിൽ സമ്മേളിച്ചാൽ ആ ആളിൻെറപ്രതാപം എത്രയോ മഹത്തായിരിക്കും! ഇദ്ദേഹത്തിൻെറ പാണ്ഡിത്യാദിമാഹാത്മ്യങ്ങളെപരിഗണിച്ചുകൊണ്ടു് മാർപാപ്പാ ഇദ്ദേഹത്തെ ൧൪൯൩-ൽ ഒരു കർദ്ദിനാളായി ഉയർത്തുകയും ചെയ്തു. പാപ്പായുടെ സ്ഥാനം കഴിഞ്ഞാൽ പിന്നെ കത്തോലിക്കാവൈദികന്മാക്കു് കിട്ടാവുന്നതിൽ ഏററമുന്നതമായ സ്ഥാനമാണ് കർദ്ദിനാൾ സ്ഥാനം.

നമ്മുടെ തോമസ്, മോർട്ടൻെറ ഒരു ബാലഭൃത്യനായിട്ടാണ് നിയമിക്കപ്പെട്ടതു്. ഉന്നതമായ പരിശീലനം

ലഭിക്കുന്നതിനായി പ്രഭുകുടുംബങ്ങളിലെ ബാലന്മാർ പോലും രാജാക്കന്മാർ മുതലായ മഹാനുഭാവന്മാരുടെ പരിചാരകന്മാരായി സേവിക്കാറുണ്ടു്. ഈ ബാലഭൃത്യന്മാരുടെ ജോലി തങ്ങളുടെ യജമാനന്മാരെ വസ്ത്രധാരണത്തിൽ സഹായിക്കുക, ഭക്ഷണസമയത്തു ശുശ്രൂഷിക്കുക, എന്നിങ്ങനെ യജമാനന്മാരോടു അടുത്ത പരിചയം സിദ്ധിക്കത്തക്ക കൃത്യങ്ങളാകുന്നു. തോമസിൻെറ ബുദ്ധിവിശേഷത്തെ മോർട്ടൺ അചിരേണ മനസ്സിലാക്കി. ഒരിക്കൽ മോർട്ടൺ ചില അതിഥികളോടുകൂടെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ തോമസിനെക്കുറിച്ചു ഇങ്ങനെ പ്രസ്താവിച്ചു:"ഈ മേശയിൽ നമ്മെ ശുശ്രൂഷിക്കുന്ന ബാലൻ അത്ഭുതകരനായ ഒരു മനുഷ്യനായിതീരുന്നതാണു്; അതു കാണാൻ ആരെല്ലാം ജീവിച്ചിരിക്കുമെന്നറിഞ്ഞുകൂടാ". പാണ്ഡിത്യം, സ്വഭാവശുദ്ധി, അഭിപ്രായദാർഢ്യം, ധൈര്യം ഇതുകളിൽ സർ തോമസ്മോർ അത്ഭുതകരനായ ഒരു പുരുഷകേസരിതന്നെ ആയിത്തീൎന്നുവെന്നു നമുക്കറിയാമല്ലോ. ഈ മഹാഗുണങ്ങളുടെ ബീജാവാപമുണ്ടായതു് കർദ്ദിനാൾ മോർട്ടൻെറ പരിചൎയ്യയിൽ ആയിരിക്കാം. യോഗ്യക്ഷേത്രത്തിൽ ആ ബീജങ്ങൾ ശോഭനഫലങ്ങളെ ജനിപ്പിച്ച വൃക്ഷങ്ങളായിതീൎന്നു.

തോമസിൻെറ ബുദ്ധിവൈഭവത്താൽ അപഹൃതചിത്തനായിതീൎന്ന മോർട്ടൺ, തോമസിനെ ഉന്നതവിദ്യാഭ്യാസത്തിനായി ഓക്സ്ഫോർഡു സർവ്വകലാശാലയിലേയ്ക്കയച്ചു. അന്നു് ഓക്സ്ഫോർഡിൽ കാൻറർബറികോളേജ്എന്നൊരു കോളജുണ്ടായിരുന്നു. അതു്

കാൻറർബറിയിലെ ക്രൈസ്റ്റ് ചർച്ച് എന്നസന്യാസാശ്രമം വകയായ ഒരു സ്ഥാപനമായിരുന്നു. കാൻറർബറിയിലെ മെത്രാപ്പോലീത്താ എന്ന നിലയിൽ മോർട്ടൺ ആ കോളേജിൻെറ അധിപതിയുമായിരുന്നു. തോമസ് മോർ ഈ കോളേജിലാണു ചേന്നതു്. ഈ വിദ്യാലയം ഗ്രീക്കഭാഷാഭ്യാസനത്തിൽ പ്രത്യേകം താല്പൎയ്യം കാണിച്ചിരുന്നു. ഈ ഭാഷ അഭ്യസിക്കുന്നതിൽ തോമസിനു പ്രത്യേകം വാസനയും ഉത്സാഹവുമുണ്ടായിരുന്നു. തോമസ് രണ്ടു വഷം മാത്രമെ ഓക്സ്ഫോർഡിൽ താമസിച്ചു പഠിച്ചുള്ളു വെങ്കിലും പില്ക്കാലങ്ങളിൽ ഗ്രീക്കഭാഷയിൽ അതീവിദഗ്ദ്ധനായിത്തീന്നതിനുള്ള അടിസ്ഥാനം ആ കാലത്തിൽ ഉറപ്പിക്കപ്പെട്ടു.

സംസ്കൃതാഭ്യസനം ആവശ്യമാണൊ അല്ലയോ എന്നു് ഇപ്പോൾ ഇൻഡ്യയിൽ ഒരു വാദമുള്ളതുപോലെ. ഗ്രീക്കു ഭാഷയെക്കുറിച്ചു് അക്കാലത്തു യൂറോപ്പിൽ ഒരു വാദമുണ്ടായിരുന്നു. ക്രീസ്തുമതത്താൽ ഉന്മൂലനം ചെയ്യപ്പെട്ട മതങ്ങളുടെ അനുയായികളുടെ ഭാഷയായിരുന്നു ഗ്രീക്കു്. യൂറോപ്പിലെ പലജനങ്ങളും അവരുടെ സന്തതികളായിരുന്നുവെങ്കിലും ഇവക്കു് ആ പൂവ്വമതങ്ങൾ നിഷിദ്ധങ്ങളും അനനുകരണീയങ്ങളുമായിരുന്നു. ക്രീസ്തുമതത്തിൻെറ ആരംഭദശയിൽ ക്രീസ്തുമതത്തെ പ്രചരിപ്പിക്കുന്നതിനു ഉത്സാഹിച്ചിരുന്നവരിൽ പലരും ഗ്രീക്കു്, ലത്തീൻ സാഹിത്യങ്ങളിൽ മഹാപണ്ഡിതന്മാർ ആയിരുന്നു. ആ കാലത്തെ ക്രീസ്തീയപ്രേഷിതന്മാരിൽ പലരും ചെറുപ്പത്തിൽ പൂവ്

മതാനുയായികൾ ആയിരുന്നതിനാൽ അവർ ആ മതങ്ങളുടെ സാഹിത്യങ്ങളിൽ നിഷ്ണാതന്മാരായിരുന്നതു വിസ്മയകരമല്ല. ഇതുകൂടാതെയു ഗ്രീക്കസാഹിത്യത്തിനു സമമായ ഒരു സാഹിത്യം, അന്നു ക്രിസ്ത്യാനികൾക്കില്ലായിരുന്നു. നമ്മുടെ ഈ നാട്ടിൽ ഏകദേശം ഒരു ശതാബ്ദത്തിനു മുൻപുവരെ ഉന്നതവിദ്യാഭ്യാസം ചെയ്യണമെന്നു ആഗ്രഹിക്കുന്നവൎക്കു് സംസ്കൃതാഭ്യസനമല്ലാതെ മറെറാന്നുമില്ലായിരുന്നതുപോലെ ക്രിസ്തുമതത്തിന്റെ ആദിമശതാബ്ദങ്ങളിൽ ഗ്രീക്ക, ലത്തീൻ സാഹിത്യങ്ങളല്ലാതെ ഉന്നതവിദ്യാഭ്യാസത്തിനു വിഷയമായിട്ടു മറെറാന്നുമില്ലായിരുന്നു. എന്നാൽ കാലക്രമേണ ക്രിസ്തീയസാഹിത്യങ്ങളും ക്രിസ്തീയകലകളും വൎദ്ധിച്ചതിനോടുകൂടെ ഗ്രീക്കസാഹിത്യം വിസ്മൃതമായിത്തീൎന്നു. എന്നാൽ ൧൪൫൩-ൽ മഹമ്മദീയർ ക്രിസ്തീയറോമാസാമ്രാജ്യത്തിന്റെ ഒരു തലസ്ഥാനമായിരുന്നതും ഗ്രീക്കപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ കോൺസ്റ്റന്തിനോപോളിസ് (Constantinopolis) പിടിച്ചടക്കിയപ്പോൾ അവിടെ പുരാതനകാലം മുതലെല്ലാം ശേഖരിക്കപ്പെട്ടിരുന്ന ഗ്രീക്കസാഹിത്യഗ്രന്ഥങ്ങൾ യൂറോപ്പിന്റെ പാശ്ചാത്യദേശങ്ങളിലേക്കു ആനയിക്കപ്പെട്ടു. ആ ഗ്രന്ഥങ്ങൾ ഇങ്ങനെ നവീനമായി ആവിർഭവിച്ചപ്പോൾ പുരാതന ഭാഷാസാഹിത്യങ്ങളിൽ പല പണ്ഡിതന്മാരും ഉൽസുകരായിത്തീൎന്നു. ഈ സംഭവത്തിനു പുനർജന്മം എന്നാൎത്ഥമുള്ള റിനൈസൻസ് (Renaissance) എന്ന പേരുണ്ടായി. എങ്കിലും ക്രിസ്തീയമതത്തോടു യാതൊരു ബന്ധവുമില്ലാത്ത ഗ്രീക്ക സാഹിത്യങ്ങൾ പഠിക്കുന്നതു് അനാവശ്യമാണെന്നു്

അഭിപ്രായമുണ്ടായിരുന്നവർ വളരെയുണ്ടായിരുന്നു. എന്നാൽ കാൻറർബറി കോളജിൻെറ ഒരു മേലാവായ ക്രൈസ്റ്റ് ചർച്ച സന്യാസ്യാശ്രമത്തിൻെറ പ്രിയോർ (Prior) സെല്ലിങ്ങ് (Sellyng), മോർട്ടൺ മെത്രാപ്പോലീത്താമുതലായവർ ഗ്രീക്കഭാഷാപ്രണയികളും ആ ഭാഷയുടെ അഭ്യസനത്തെ പ്രോത്സാഹിപ്പിച്ചിരുന്നവരുമായിരുന്നു. സർ തോമസ് മോർ തന്നെ പില്ക്കാലങ്ങളിൽ ഗ്രീക്ക ഭാഷാഭ്യസനത്തെ വാദങ്ങൾ കൊണ്ടും മാതൃക കൊണ്ടും പ്രോത്സാഹിപ്പിച്ച ഒരുവനാണ്.

ഗ്രീക്ക പഠനവും പാണ്ഡിത്യസമ്പാദനവും എല്ലാം നല്ലതു തന്നെ; എന്നാൽ വിശപ്പും ദാഹവും ശമിപ്പിക്കാൻ ഇവ പര്യാപ്തമല്ലല്ലോ. ഇങ്ങനെയുള്ള അഭിപ്രായമുള്ളവനായിരുന്നു തോമസിൻെറ പിതാവ്. തോമസ് ഒരു ബാരിസ്റ്ററായി കോടതികളിൽ വ്യവഹരിക്കേണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ആയതുകൊണ്ട് തോമസ് തൻെറ പതിനാറാമത്തെ വയസ്സിൽ ഓക്സ്ഫോർഡിലെ പഠനം ഉപേക്ഷിക്കേണ്ടിവന്നു. അതിൻെറശേഷം അവൻ നിയമപഠനത്തിനായി ലിങ്കൺസിന്നിൻെറ ഒരു ശാഖയായിരുന്ന ന്യൂ ഇന്നിൽ (New Inn) ചേൻറു. അവിടെ രണ്ടുവർഷം കഴിച്ചതിൻെറ ശേഷം ലിങ്കൺസിന്നിൽതന്നെ ചേൻറു. അവിടെനിന്നും തോമസ് ഒരു ബാരിസ്റ്ററായിത്തീൻറു. ഏതാണ്ടിലാണ് ബാരിസ്റ്ററായതെന്നുള്ളതിനു തെളിവൊന്നും കിട്ടിയിട്ടില്ലെങ്കിലും അസാധാരണ വേഗത്തിൽ തോമസ് ആ ബിരുദം സമ്പാദിച്ചുവെന്ന് ചരിത്രകാരന്മാർ പറയുന്നു.

വക്കീൽപണി തുടങ്ങുന്നവർ എത്രതന്നെ സമത്ഥ ന്മാരായിരുന്നാലും ആദ്യം കുറെ കാലത്തേക്കു് അവക്കു ചെലവു കഴിക്കുന്നതിനു മററു മാർഗ്ഗങ്ങൾ ഉണ്ടായിരിക്ക ണമല്ലൊ. വക്കാലത്തുപണി തുടങ്ങിയതിൻെറ ശേഷം കുറെ വഷത്തേക്കു് തോമസ്, ഫർണിവൽസ് ഇന്നിൽ (Furnivals Inn) നിയമശാസ്ത്ര പ്രാസംഗികനായിട്ടു ജോലി നോക്കിയിരുന്നു.

തോമസ്മോർ കുറെ വത്സരങ്ങൾക്കുള്ളിൽ വിജയി യായ ഒരു വക്കീലായിത്തീൎന്നുവെന്നു നമുക്കറിയാം. എ ന്നാൽ വക്കീൽ പണിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമത്ഥ്യം അനിതരസാധാരണങ്ങളായ അദ്ദേഹത്തി ൻെറ മററു സാമത്ഥ്യങ്ങളിലും ഗുണവിശേഷങ്ങളിലും നിമഗ്നമായിപ്പോയതിനാൽ അതിനെ നാം നമ്മുടെ നിരീക്ഷണത്തിനു വിഷയമാക്കണമെന്നില്ല. അതിസ മത്ഥന്മാരായ വക്കീലന്മാർ ഇപ്പോൾ ഉള്ളതായും മുൻകാ ലങ്ങളിൽ ഉണ്ടായിരുന്നതായും നമുക്കറിയാം. അതിൽ അസാധാരണത്വമൊന്നുമില്ലാത്തതിനാൽ അതിൻെറ പ്രതിപാദനം നമുക്കിവിടെ ഉപേക്ഷിക്കാം.

൧൫൦൪-ൽ തോമസ്മോർ പാർലമെൻറിലെ ഒരു സാമാജികനായിരുന്നു. അന്നു ഇംഗ്ലണ്ടിൽ രാജാവായി രുന്ന ഹെൻറിസപ്തമൻെറ പുത്രിയെ സ്കോട്ട്ലണ്ടിലെ രാജാവിനു വിവാഹം ചെയ്യിച്ചുകൊടുക്കുന്നതിനു് വി ശേഷവിധിയായി ഒരു ധനാഭ്യത്ഥന പാർലമെണ്ടിൽ വന്നതിനെ തോമസ്മോർ ധൈയ്യപൂവം പ്രതിഷേധി ക്കയുണ്ടായി. ഇതിനാൽ മോറിനു പ്രശസ്തിയുണ്ടായെ

ങ്കിലും അദ്ദേഹം രാജകോപത്തിനു പാത്രമായി ഭവിച്ചു. രാജാവു, തോമസിൻെറ പിതാവായ ജോൺ മോറിൽ കപടമായി ഒരു കുററം ആരോപിച്ചു് അദ്ദേഹത്തിനു നൂറുപവൻ പിഴകല്പിച്ചു. രാജാവിൻെറ പ്രാതികൂല്യം നിമിത്തം തോമസ്മോർ പൊതുകാര്യങ്ങളിൽ നിന്നു പിൻമാറി ജീവിക്കേണ്ടിവന്നു. ഈ വൈപരീത്യംനിമിത്തം നാടുവിട്ടു പൊയ്ക്കളയാമെന്നുപോലും മോർ ആലോചിച്ചു. സംഗതികൾ ഇങ്ങനെയിരിക്കെ ഹെൻറി സപ്തമൻ ൧൫൦൯-ൽ ചരമഗതിയെ പ്രാപിച്ചു.

തോമസ്മോർ വക്കീലായിട്ടും പാർലമെൻറു സാമാജികനായിട്ടും തൻെറ കൃത്യങ്ങൾ നിവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ അത്യുത്സാഹിയായ ഒരു വിദ്യാത്ഥിയുമായിരുന്നു. മഹാന്മാരായിത്തീന്നിട്ടുള്ളവരെല്ലാം തങ്ങളുടെ ആയുഷ്കാലം മുഴുവൻ ഓരോവിധത്തിൽ വിദ്യാത്ഥികളായിരുന്നിട്ടുള്ളവരാണു്. തോമസിനു വിദ്യാലയങ്ങളിൽനിന്നു ലഭിച്ചു ശിക്ഷ ദീർഘമായിരുന്നില്ലല്ലൊ. കഷ്ടിച്ചാൽ രണ്ടുവഷം സെൻറു് അന്തോണിസ്കൂളിലും രണ്ടുവഷം ഓക്സ്ഫോർഡിലും ഇങ്ങനെ നാലുവഷം മാത്രമെ മോറിനു സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചിരുന്നുള്ളു. എന്നാൽ അദ്ദേഹം യുവാവായിരിക്കുമ്പോൾ തന്നെ ഇംഗ്ലണ്ടിൽ മാത്രമല്ല വിദേശങ്ങളിലും പ്രസിദ്ധിയുണ്ടായിരുന്ന ഒരു പണ്ഡിതനായിരുന്നു. വിദ്യാലയങ്ങളിൽ നിന്നല്ലാതെ സ്വപ്രയത്നംകൊണ്ടു് അദ്ദേഹം വിജ്ഞാനം സമ്പാദിച്ചിരുന്നുവെന്നു് ഇതിൽനിന്നും നമുക്കനുമാനിക്കാമല്ലൊ. സ്വപ്രയത്നംകൊണ്ടു ഗ്രീക്കുഭാഷയിൽ

എന്നു മാത്രമല്ല ലത്തീൻ, ഫ്രഞ്ചു എന്ന ഭാഷകളിലും ഗണിതത്തിലും പ്രാവീണ്യം സമ്പാദിച്ചു. തോമസ്‌മോർ കവിയെന്ന നിലയിൽ പ്രസിദ്ധനല്ലെങ്കിലും ലത്തീൻ ഭാഷയിൽ അനായാസേന പദ്യങ്ങൾ എഴുതുവാൻ സമർത്ഥനായിരുന്നു. സംഗീതത്തിനും അദ്ദേഹം സമർത്ഥനായിരുന്നു.

സാധാരണ ചരിത്രത്തിൽ സർ തോമസ്‌മോർ പ്രസിദ്ധനായിരിക്കുന്നതു് പണ്ഡിതൻ, ഗ്രന്ഥകാരൻ, രാജ്യതന്ത്രജ്ഞൻ എന്നിങ്ങനെയുള്ള ഭൂമികകളിലാണെങ്കിലും അദ്ദേഹത്തിൻെറ യഥാർത്ഥമായ മാഹാത്മ്യം പ്രത്യക്ഷമാകുന്നതു് അദ്ദേഹത്തിൻെറ ദൃഢമായ ഈശ്വരവിശ്വാസത്തിലും അതനുസരിച്ചുള്ള ജീവിതത്തിലുമാകുന്നു. തോമസ് ചെറുപ്പം മുതലെ ഈശ്വരഭക്തനായിരുന്നു. ഭൗതികമായതെല്ലാം നശ്വരമാണെന്നും ദൈവം മാത്രമെ അനശ്വരനായുള്ളുവെന്നും അദ്ദേഹം തൻെറ ഗ്രന്ഥങ്ങളിലും ജീവിതരീതിയിലും പ്രത്യക്ഷമാക്കിയിരുന്നു. ഇന്ദ്രിയനിഗ്രഹം ശീലിക്കുന്നതിനായി കക്കശമായ ഒരു രോമവസ്ത്രം സാധാരണ വസ്ത്രങ്ങളുടെ ഉള്ളിൽ അദ്ദേഹം നിത്യം ധരിച്ചുകൊണ്ടിരുന്നു. ഇതുകൂടാതെയും മിക്കപ്പോഴും ഉപവാസം ആചരിക്കയും രാത്രിയിൽ ഏകാകിയായി ഉറക്കമൊഴിഞ്ഞു് ഈശ്വരസ്തവങ്ങൾ ചൊല്ലുകയും ചെയ്ക പതിവായിരുന്നു. തലയിണക്കു പകരം ഒരു തടിക്കഷണത്തിന്മേൽ തലവെച്ചുകിടന്നുറങ്ങുകയും അദ്ദേഹത്തിൻെറ തപോവൃത്തിയുടെ ഒരു ഭാഗമായിരുന്നു. ക്രിസ്തീയാദർശപ്രകാരം ഇങ്ങനെയുള്ള തപഃകൃത്യങ്ങൾ

രഹസ്യമായിരിക്കേണ്ടതും പ്രകടനാത്ഥമായിരിക്കാൻ പാടില്ലാത്തതുമാകുന്നു. സർവ്വസാക്ഷിയായ ദൈവമാണ് ഇങ്ങനെയുള്ള കൃത്യങ്ങൾ കാണേണ്ടതു്; ഇതൊന്നും മനുഷ്യരുടെ അഭിനന്ദനത്തിനുവേണ്ടിയല്ല. തോമസ് മോർ ഏവംവിധമായ തപസ്സ് ആചരിച്ചിരുന്നതു് അദ്ദേഹത്തോടു വളരെയടുത്തു പെരുമാറിയിരുന്ന ഒന്നുരണ്ടുപേൎക്കു മാത്രമെ അറിവുണ്ടായിരുന്നുള്ളു. ലോകത്തിന്റെ സന്നിധിയിൽ അദ്ദേഹം ഉചിതവസ്ത്രാലംകൃതനായ ഒരു രസികനായിരുന്നു.

ഗൃഹസ്ഥാശ്രമത്തെ വരിക്കണമൊ അതോ സന്യസ്ഥനായി വൈദികവൃത്തിയെ വരിക്കണമൊ എന്ന് തോമസ് മോർ ഗാഢമായി ആലോചിച്ചു. അവസാനത്തിൽ സന്യാസത്തിന്റെ ഭാരം തനിക്കു ദുർവഹമായിത്തീരുമെന്നു കണ്ട് വിവാഹം ചെയ്തു് ഗൃഹസ്ഥജീവിതം നയിക്കുന്നതിന് അദ്ദേഹം തീർച്ചയാക്കി. ഇതിന്റെ ശേഷം അദ്ദേഹം ജെയിൻ കോൾട്ട് (Jane Colt) എന്ന കന്യാനാമത്തോടുകൂടിയ ഒരു തരുണിയെ വിവാഹംചെയ്തു.

# രണ്ടാമദ്ധ്യായം

## കുടുംബജീവിതം

---

സർ തോമസ്മോർ ജെയിൻകോൾട്ടിനെ വിവാഹം ചെയ്തതു് ൧൫൦൫-ൽ തന്റെ ഇരുപത്തിയേഴാമത്തെ വയസ്സിലായിരുന്നു. ഈ സ്ത്രീ തന്റെ പിതാവിന്റെ മൂന്നു പുത്രികളിൽ അഗ്രജയായിരുന്നു. ഈ മൂന്നുസഹോദരികളിൽ രണ്ടാമത്തവളായിരുന്നു ഏററം സുന്ദരി. അവൾ ജെയിനിനെക്കാൾ പൊക്കം കൂടിയവളും കൂടുതൽ സൌന്ദര്യമുള്ളവളുമായിരുന്നു. ഇംഗ്ലീഷ്കാരുടെ ആചാരപ്രകാരം ജ്യേഷ്ഠത്തി വിവാഹം കഴിക്കാതെയിരിക്കെ അനുജത്തി വിവാഹം കഴിക്കുന്നതു നിഷിദ്ധമല്ലായിരുന്നു. തോമസ്മോർ രണ്ടാമത്തെ സഹോദരിയെ വിവാഹം കഴിക്കുമെന്നായിരുന്നു തന്റെ സ്നേഹിതന്മാർ വിചാരിച്ചിരുന്നതു്. എന്നാൽ സംഭവിച്ചതു് ഈ പ്രതീക്ഷയ്ക്കു വിപരീതമായിട്ടായിരുന്നു. ഹ്രസ്വകായയായ ജെയിനിനെ വിവാഹം കഴിച്ചതെന്തുകൊണ്ടാണെന്നു് ഒരു സ്നേഹിതൻ ചോദിച്ചപ്പോൾ സർവദാ ഫലിതക്കാരനായിരുന്ന മോർ "രണ്ടു ദോഷങ്ങളിൽ കുറഞ്ഞതു തിരഞ്ഞെടുക്കണമല്ലോ" എന്നു മറുപടി പറഞ്ഞു.

രണ്ടാമത്തെ സഹോദരി തോമസ്മോറിനു കൂടുതൽ അടിമതയായിരുന്നുവെങ്കിലും ജ്യേഷ്ഠത്തി വിവാഹം കഴിക്കാതെ നില്ക്കെ അനുജത്തിയെ വിവാഹം കഴിച്ചാൽ

അതു ജ്യേഷ്ഠത്തിക്കു വ്യസനകാരണമായിത്തീരുമല്ലോ എന്നു വിചാരിച്ചാണ് അവളെ അദ്ദേഹം വിവാഹംചെയ്തതെന്നു തോമസ് മോറിന്റെ ചരിത്രമെഴുതിയിട്ടുള്ളവരിൽ മിക്കവരും പറയുന്നുണ്ടു്. തോമസ് മോറിന്റെ ദീനാനുകമ്പയ്ക്കൊരുദാഹരണമായിട്ടാണ് അവർ ഈ സംഭവത്തെ ഗണിക്കുന്നതു്. എന്നാൽ ഇതു് മോറിന്റെ സഹജമായ അഭിപ്രായധീരതയ്ക്കു് യോജിച്ചിരിക്കുന്നില്ല. ആധുനികചരിത്രകാരന്മാരിൽ ചിലർ ഈ കഥയെ നിരാകരിക്കുന്നു. തോമസ് മോർ വലിയ ഒരു ഫലിതക്കാരനായിരുന്നു. ശിരച്ഛേദ്യനായി ആസന്നമൃത്യുവായി വധ്യസ്ഥാനത്തു നില്ക്കുമ്പോഴും മോർ ഫലിതം പറഞ്ഞിട്ടുള്ളതായി നമുക്കറിയാം. വിനോദാർത്ഥം ജെയിനിനെ പരിഹസിക്കാനായി അവളുടെ അനുജത്തിയെ വിവാഹം കഴിക്കാനാണ് താൻ ഭാവിച്ചിരുന്നതെന്നു തോമസ് മോർ പറയാറുണ്ടായിരുന്നതിനെ ചിലർ തെററിദ്ധരിച്ച് ഇങ്ങനെയൊരു കിംവദന്തിയുണ്ടായതാണെന്നാണ് ഇവരുടെ അഭിപ്രായം.

ഈ ആദ്യഭാര്യയിൽ തോമസ് മോറിനു് നാലു് അപത്യങ്ങൾ ഉണ്ടായി. ഇവരിൽ ആദ്യത്തെ മൂന്നും മാർഗരെററു്, എലിനബത്തു്, സെസിലി എന്ന നാമങ്ങളോടുകൂടിയ പുത്രികളും നാലാമത്തേതു് ജോൺ എന്നു പേരായ പുത്രനുമായിരുന്നു.

സർവ്വ കാര്യങ്ങളിലും മോറിന്റെ ഹിതവർത്തിനിയും വിധേയയുമായിരുന്ന ഈ സ്ത്രീരത്നം ൧൫൧൧-ൽ പരഗമതിയെ പ്രാപിച്ചു. അതിന്റെശേഷം കുറെ ആഴ്ചകൾക്കുള്ളിൽ മോർ തന്റെ രണ്ടാമത്തെ ഭാര്യയായ ആലിസ് മിഡിൽടൺ എന്ന സ്ത്രീയെ വിവാഹംചെയ്തു. ഈ സ്ത്രീ

ഒരു വിധവയും മോറിനെക്കാൾ വയസ്സുകൂടിയവളുമായിരുന്നു. ഈ ഭാര്യയും തോമസ് മോറും സൌഭാഗ്യത്തോടുകൂടെ ജീവിച്ചിരുന്നുവെങ്കിലും ഈ സ്ത്രീ ആദ്യഭാര്യയെപ്പോലെ മോറിൻെറ ഉന്നതങ്ങളായ ആദർശങ്ങളിൽ അനുഭാവമുള്ളവളല്ലായിരുന്നു. തോമസ് മോറിൻെറ ആദർശങ്ങൾ ആദ്ധ്യാത്മികങ്ങളും ഉന്നതങ്ങളുമായിരുന്നു; ആലിസിൻേറതു ആധിഭൗതികവും സാധാരണവുമായിരുന്നു. ആദർശങ്ങൾക്കുവേണ്ടി ക്ലേശങ്ങൾ സഹിക്കുന്നവരുടെ മനോവൃത്തിയെ ഗ്രഹിക്കുവാൻ പാടില്ലാത്തവരെ നാം കാണാറുണ്ടല്ലോ. മനുഷ്യരിൽ ബഹുഭൂരിപക്ഷവും ഈ തരക്കാരാണ്. അവരിൽ ഒരുത്തിയായിരുന്നു ആലിസ് എന്നേ ഉള്ളു. വയസ്സു കൂടുതലുള്ളവക്ക് വയസ്സു കുറഞ്ഞവർ അവിവേകികളാണെന്നുള്ള വിചാരം ഉണ്ടാകാറുണ്ടല്ലോ. അങ്ങനെയൊരു മനോഭാവമാണ് ആലിസിനു തോമസിനെക്കുറിച്ചുണ്ടായിരുന്നതു്. ധനസമ്പാദനത്തിനും ലോകത്തിൽ ഉന്നതിയെ പ്രാപിക്കുന്നതിനും വേണ്ട സാമർത്ഥ്യവും ചുറുചുപ്പാട്ടുകളും തോമസ് മോറിനുണ്ടായിരുന്നു. ആ സൌകര്യങ്ങളെ ശരിയായി പ്രയോഗിക്കാത്ത ഒരു വിചാരമൂഢനാണ് തോമസ് എന്നു ആലിസിനു അഭിപ്രായമുണ്ടായിരുന്നു. ആലിസിനെക്കുറിച്ചു "സുന്ദരിയുമല്ല, കുമാരിയുമല്ല" (nec bella nec puella) എന്നു തോമസ് മോർ ഫലിതമായി പറയാറുണ്ടായിരുന്നു. ഭർത്താവും ഭാര്യയും തമ്മിൽ ആദർശവ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും അവർ ഗൃഹഛിദ്രമൊന്നും കൂടാതെ തന്നെയാണു് ജീവിച്ചിരുന്നതു്. മോറിനു ആലിസിൽ യാതൊരു സന്താനവുമുണ്ടായില്ല.

മോറിൻെറ ജീവിതരീതിയെ രണ്ടു ചിത്രകാരന്മാർ ആലേഖനം ചെയ്തിട്ടുണ്ടു്. അവരുടെ ചിത്രങ്ങളിൽ നിന്നാണു് മോറിനെ സംബന്ധിക്കുന്ന രാഷ്ട്രീയമല്ലാത്ത സംഗതികൾ നാം ഗ്രഹിക്കുന്നതു്. ഇവരിൽ ഒരുവൻ വാക്കുകൾകൊണ്ടു ചിത്രങ്ങൾ നിമ്മിക്കുന്ന ഒരു സാഹിത്യകാരനും മറെറാരാൾ ചായങ്ങൾകൊണ്ടു ചിത്രങ്ങൾ നിമ്മിക്കുന്ന ഒരു സാക്ഷാൽ ചിത്രകാരനുമാണു്. ഇറാസ്മസ് (Erasmus) തോമസ്മോറിൻെറ സമകാലികനും ഒരു മഹാപണ്ഡിതനും യൂറോപ്പു മുഴുവൻ പ്രസിദ്ധിയുണ്ടായിരുന്ന ഒരു സാഹിത്യകാരനുമായിരുന്നു. ഇദ്ദേഹവും തോമസ്മോറും പ്രാണസ്നേഹിതന്മാരായിരുന്നു. തോമസ്മോറിൻെറ മാഹാത്മ്യത്തെക്കുറിച്ചു കേട്ടിട്ടുണ്ടായിരുന്ന ഒരു മഹാനുഭാവൻ അദ്ദേഹത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിനു് ഇറാസ്മസിനോടു് ആവശ്യപ്പെട്ടു. ഈ ആവശ്യം അനുസരിച്ചു് ഇറാസ്മസ് എഴുതിയ എഴുത്തിൽ മോറിൻെറ ആകൃതി, പ്രകൃതി, ദിനചര്യ മുതലായ പല സംഗതികളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഹോൾബെയിൻ (Holbein) എന്ന പ്രസിദ്ധ ചിത്രകാരൻ മോറിൻെറയും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളുടെയും ഒരു ചിത്രം ൧൫൨൭-ൽ വരയ്ക്കുകയുണ്ടായി. ആ ചിത്രം ഇപ്പോൾ ജമ്മനിയിൽ ബാസെൽ (Basel) എന്ന പട്ടണത്തിലെ കാഴ്ചബംഗ്ലാവിൽ ഇരിപ്പുണ്ടു്. അതിൽനിന്നു് തോമസ്മോറിൻെറയും കുടുംബാംഗങ്ങളുടെയും ജീവിതരീതിയെക്കുറിച്ചു പലതും നമുക്കു മനസ്സിലാക്കാം.

ഇറാസ്മസിൻെറ വർണ്ണനയിൽനിന്നു് മനസ്സിലാകുന്ന സംഗതികളെ ആദ്യം വിവരിക്കാം. തോമസ്മോർ

ദീർഘകായനല്ലായിരുന്നു; എന്നാൽ മുണ്ടനായിരുന്നുവെന്നും പറഞ്ഞുകൂടാ. അവയവങ്ങൾ സൌഷ്ഠവമുള്ളവയും ദേഹം വെളുത്തതുമായിരുന്നു. തലമുടി ഇരുണ്ട തവിട്ടു നിറമുള്ളതും കണ്ണുകൾ അങ്ങുമിങ്ങും ചില പൊട്ടുകളോടുകൂടെ നീലവർണ്ണമുള്ളവയുമായിരുന്നു. കണ്ണുകൾ അസാധാരണ ബുദ്ധിശക്തിയെ ദ്യോതിപ്പിക്കുന്നവയായിരുന്നു. "ഇദ്ദേഹത്തെപ്പോലെ ദുർവൃത്തിയില്ലാത്തവർ മററാരും ഇല്ലെന്നു പറയപ്പെടുന്നു." അദ്ദേഹത്തിൻെറ മുഖഭാവം സ്വഭാവത്തിനു യോജിച്ചതായിരുന്നു; മുഖത്തിൽ സ്നേഹമിശ്രമായ സന്തോഷവും ചിരിയുടെ ആരംഭമെന്നു തോന്നുമാറുള്ള ഭാവവും വിളങ്ങിയിരുന്നു. അദ്ദേഹത്തിൻെറ മുഖം "അബദ്ധത്തിൻെറയൊ കോമാളിത്തത്തിൻെറയൊ ലക്ഷണമില്ലെങ്കിലും ഗൌരവത്തിനും പദവിക്കും എന്നതിനേക്കാൾ ആഹ്ലാദത്തിനായി വിഹിതമായിരുന്നുവെന്നു പറയേണ്ടിയിരിക്കുന്നു." നടക്കുമ്പോൾ തോമസ് മോറിൻെറ വലത്തെ തോൾ ഇടത്തേതിനേക്കാൾ അല്പം പൊങ്ങിയിരുന്നു. "ഇതു് ജന്മസിദ്ധമായ വൈകല്യമല്ലായിരുന്നു, ശീലംകൊണ്ടു വന്നുപോയതാണു്."

തൻെറ ശരീരത്തെ സംബന്ധിച്ച കാര്യങ്ങളിൽ തോമസ് മോർ അവധാനമില്ലാത്തവനായിരുന്നു. "അദ്ദേഹത്തിനിപ്പോൾ ഉള്ളതിൽ നിന്നും യൌവ്വനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സൌന്ദര്യം അനുമാനിക്കപ്പെടാം. അദ്ദേഹത്തിനു ഇരുപത്തിമൂന്നു വയസ്സാകുന്നതിനുമുൻപു് എനിക്കു് അദ്ദേഹത്തോടു പരിചയം തുടങ്ങിയതാണു്. ഇപ്പോൾ അദ്ദേഹത്തിനു നാല്പതിൽ വളരെയധികം വയസ്സു കാണുകയില്ല." തോമസ് മോർ

ശക്തിമാനല്ലായിരുന്നുവെങ്കിലും അരോഗനായിരുന്നു; "മാന്യമായ ജോലികളുടെ ക്ഷീണം സഹിക്കുന്നതിനു പര്യാപ്തനായിരുന്നു."

"ഭക്ഷണത്തെക്കുറിച്ച് ഇത്ര ഉദാസീനനായ മററാരെയും ഞാൻ കണ്ടിട്ടില്ല." തോമസ്മോർ പുരുഷപ്രായം തികയുന്നതുവരെ വെള്ളം മാത്രമെ കുടിച്ചിരുന്നുള്ളു. ബീയർകുടി സാധാരണമായിരുന്ന ഇംഗ്ലണ്ടിൽ ഇതു് അസാധാരണമായ ഒരു വ്രതമായിരുന്നുവെന്നു പറയണമെന്നില്ലല്ലോ. പുരുഷപ്രായം തികഞ്ഞതിന്റെ ശേഷം സ്നേഹിതന്മാരെ സല്ക്കരിക്കുന്ന അവസരങ്ങളിൽ അവക്കു് അഭീഷ്ടമായ പാനീയം കൊടുക്കാതെയിരിക്കുന്നതും അവരുടെകൂടെ അതു് അനുഭവിക്കാതെയിരിക്കുന്നതും ആതിഥ്യത്തിനു യോജിക്കാതെയിരുന്നതിനാൽ അവരുടെകൂടെ ബീയർ കുടിക്കുന്ന ഭാവം കാണിക്കുമായിരുന്നു. അക്കാലത്തു ഇംഗ്ലണ്ടിൽ കണ്ണാടിപാത്രത്തിനു പകരം ഓട്ടുപാത്രമാണ് പാനപാത്രമായിരുന്നതു്. അങ്ങനെയൊരു പാത്രത്തിൽ വളരെ വെള്ളവും സ്വല്പം ബീയറും ചേർത്തു് ആ കൂട്ടോ ചിലപ്പോൾ വെള്ളം മാത്രമോ ആണ് അദ്ദേഹം കുടിച്ചിരുന്നതു്. ഇങ്ങനെ അദ്ദേഹവും സ്നേഹിതന്മാരുടെ പാനാഹ്ളാദത്തിൽ ഭാഗഭാക്കാണെന്നു , ഭാവിച്ചിരുന്നു. പുണ്യങ്ങളെന്നു തങ്ങൾക്കു് തോന്നുന്ന തങ്ങളുടെ വ്രതങ്ങളെ ലോകസമക്ഷം പ്രകടിപ്പിക്കയും മററുള്ളവരിൽ അവയെ ആരോപിക്കാൻ ശ്രമിക്കയും ചെയ്യുന്ന ഒരുവക ഭക്തമ്മന്യന്മാരെ നാം കാണാറുണ്ടല്ലോ. ആ കൂട്ടത്തിലല്ലായിരുന്നു തോമസ്മോർ. അധമ്മ്യങ്ങളല്ലാത്ത സന്തോഷങ്ങൾ

മററുള്ളവർ അനുഭവിക്കുന്നതിൽ മോറിനു വിരോധമൊന്നുമുണ്ടായിരുന്നില്ല; ആത്മനിയന്ത്രണത്തിനായി താൻ ചില വ്രതങ്ങൾ ആചരിച്ചിരുന്നുവെന്നേ ഉള്ളൂ. ഇതുപോലെ തന്നെ മററുള്ളവർ രുചികരങ്ങളായ ഭക്ഷണങ്ങൾ കഴിക്കുന്നതിൽ തനിക്കു സന്തോഷമുണ്ടായിരുന്നെങ്കിലും തോമസ് മോർ ശരീരസന്ധാരണത്തിനാവശ്യമുള്ള സാധാരണ ഭക്ഷണങ്ങൾ മാത്രമെ സാധാരണമായി കഴിച്ചിരുന്നുള്ളൂ.

അദ്ദേഹത്തിൻെറ സ്വരം ഉച്ചമല്ലായിരുന്നു, എന്നാൽ നീചവുമായിരുന്നില്ല. അദ്ദേഹത്തിൻെറ സംസാരം വിശദവും ഉച്ചാരണം വ്യക്തവുമായിരുന്നു; സംസാരം വേഗമല്ലായിരുന്നുവെങ്കിലും അനർഗ്ഗളമായിരുന്നു. അദ്ദേഹത്തിൻെറ സ്വരവിശേഷംകൊണ്ടു വാക്കുകൾ ശ്രോതാക്കളുടെ ശ്രവണങ്ങളിൽ ദൃഢമായി പതിയുന്നവയായിരുന്നു. ഒഴിക്കുവാൻ പാടില്ലാത്തപ്പോഴല്ലാതെ പട്ടുമുതലായ വിശേഷവസ്ത്രങ്ങളോ സ്വർണ്ണമോ അദ്ദേഹം ധരിച്ചിരുന്നില്ല; ആഡംബരരഹിതമായ വസ്ത്രങ്ങൾ മാത്രമേ സാധാരണമായി ധരിച്ചിരുന്നുള്ളൂ. അദ്ദേഹം ഇംഗ്ലണ്ടിൽ ഒരു പ്രജയ്ക്കു പ്രാപിക്കാവുന്നതിൽ ഏററം ഉന്നതമായ ചാൻസെല്ലർസ്ഥാനം വരെയുള്ള പല സ്ഥാനങ്ങളും വഹിച്ചിരുന്നല്ലോ. ആ സ്ഥാനങ്ങൾ വഹിക്കുന്നവർ ഔദ്യോഗിക സന്ദർഭങ്ങളിൽ ധരിക്കേണ്ടുന്ന വിശേഷവസ്ത്രങ്ങൾ ആ സന്ദർഭങ്ങളിൽ ഒരു കത്തവ്യമായിട്ടുമാത്രം അദ്ദേഹം ധരിക്കാറുണ്ടായിരുന്നു. സാധാരണ മനുഷ്യരെപ്പോലെ സൌമ്യനായി കാണപ്പെടുന്നതിനു വേണ്ട കൃത്രിമാചാരങ്ങൾ ഒന്നും അദ്ദേഹം ആച

രിച്ചിരുന്നില്ല. "ഇങ്ങനെയുള്ള നിസ്സാര കാര്യങ്ങൾക്കായി സമയം കളയുന്നതു പൌരുഷമല്ലെന്നു അദ്ദേഹം വിചാരിക്കുന്നു." രാജസന്നിധിയിൽ പോകുന്നതും അവിടത്തെ ആചാരനിയന്ത്രണങ്ങൾക്കു് അധീനനാകുന്നതും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല; ഇങ്ങനെയുള്ള ആചാരനിയന്ത്രണമൊന്നും കൂടാതെ സമന്മാരുടെകൂടെ വ്യവഹരിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. അദ്ദേഹത്തിന്റെ യോഗ്യതകൾകൊണ്ടു അപഹൃതചിത്തനായിത്തീർന്ന ഹെൻറിഅഷ്ടമൻ വളരെ നിർബന്ധിച്ചാണു് അദ്ദേഹത്തെക്കൊണ്ടു് ചാൻസെല്ലർ സ്ഥാനം സ്വീകരിപ്പിച്ചതു്. "പ്രകൃത്യാ തന്റെ സ്വാതന്ത്ര്യത്തെയും സ്വസ്ഥതയെയുംകുറിച്ചു് താല്പര്യമുള്ളവനായിരുന്നു മോർ; എന്നാൽ, അദ്ദേഹം സ്വസ്ഥത അനുഭവിക്കുന്നവനാണെങ്കിലും, കർത്തവ്യം വരുമ്പോൾ അദ്ദേഹത്തെപ്പോലെ ഉന്നിദ്രനും സഹിഷ്ണുവുമായിട്ടു് മററാരുമില്ല."

"അദ്ദേഹം സഖ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെടുകയും ജനിക്കയും ചെയ്തിരിക്കുന്നുവൊ എന്നു തോന്നും; അദ്ദേഹം ഏററവും വിശ്വസ്തനും സ്ഥിരനുമായ ഒരു സ്നേഹിതനാകുന്നു." അദ്ദേഹം സകലൎക്കും അഭിഗമ്യനായിരുന്നു. എന്നാൽ അപരിഹാര്യങ്ങളായ ദുർഗ്ഗുണങ്ങളുള്ളവല്ലവരോടും പരിചയപ്പെടുവാൻ ഇടയായാൽ ആ പരിചയം പെട്ടെന്നു ഭഞ്ജിക്കാതെ ക്രമേണ അതിൽ നിന്നും പിൻമാറിക്കളഞ്ഞിരുന്നു. സുകൃതികളായ സ്നേഹിതന്മാരുടെ സാന്നിദ്ധ്യം അദ്ദേഹത്തിനു ആനന്ദകരമായിരുന്നു. സമയം കളയാൻ സ്വസ്ഥവൃത്തിക്കാർ ശീലിക്കാറുണ്ടായിരുന്ന കളികളിലൊന്നിലും തോമസ്മോറിനു

രസമില്ലായിരുന്നു. സ്വകാൎയ്യങ്ങളിൽ അദ്ദേഹം ഉത്സാഹം കാണിച്ചിരുന്നില്ലെങ്കിലും സ്നേഹിതന്മാരുടെ കാൎയ്യങ്ങൾ സാധിക്കുന്നതിൽ അത്യുത്സാഹിയായിരുന്നു. "കിംബഹുനാ, സഖ്യത്തിന്റെ പൂൎണ്ണമായ ഒരു മാതൃക കാണണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതു മോറിലേതിനെക്കാൾ നല്ലതായിട്ടു മററാരിലും കാണുകയില്ല." ബാല്യംമുതലെ അദ്ദേഹം ആഹ്ളാദപ്രിയനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഫലിതമൊരിക്കലും കോമാളിത്തമായിരുന്നില്ല; ആൎക്കും രസക്കേടു തോന്നുന്ന ഫലിതം അദ്ദേഹം പ്രയോഗിച്ചിരുന്നുമില്ല. യുവാവായിരുന്നപ്പോൾ അദ്ദേഹം ചില പ്രഹസനങ്ങൾ എഴുതുകയും അഭിനയിക്കയും ചെയ്തിട്ടുണ്ടു്.

തോമസ്‌മോറിനു സന്തോഷകരമല്ലാത്ത യാതൊരു മനുഷ്യവ്യവഹാരവുമില്ലായിരുന്നു; ഏററം ഗൌരവമുള്ള കാൎയ്യങ്ങളിലും അദ്ദേഹത്തിനു ആഹ്ളാദമുണ്ടായിരുന്നു. പണ്ഡിതന്മാരോടുള്ള സംഭാഷണങ്ങളിൽ അദ്ദേഹം അവരുടെ ബുദ്ധിശക്തിയിൽ സന്തോഷിച്ചിരുന്നു; പാമരന്മാരോടുള്ള സംഭാഷണങ്ങളിൽ അവരുടെ മൌഢ്യവും അദ്ദേഹത്തിനു സന്തോഷം നൽകിയിരുന്നു. എല്ലാത്തരക്കാരോടും ചേൎന്നുപോകുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന പാടവം വിസ്മയകരമായിരുന്നു.

ബഹുജനാഭിപ്രായത്താൽ അദ്ദേഹം നയിക്കപ്പെട്ടിരുന്നില്ല; എന്നാൽ പൊതുഹിതത്തിൽനിന്നു വ്യതിചലിച്ചിരുന്നുമില്ല. ജന്തുക്കളുടെ സ്വഭാവാദികളെ നിരീക്ഷണം ചെയ്യുന്നതിൽ തോമസ്‌മോർ ഉത്സുകനായിരുന്നു.

അദ്ദേഹം പലതരം പക്ഷികളെയും മൃഗങ്ങളെയും വളർത്തിയിരുന്നു. വിശിഷ്ടമൊ വിദേശീയമൊ ആയ എന്തു പദാൎത്ഥം കണ്ടാലും അതു വാങ്ങിച്ചു സ്വവസതിയിൽ സംഭരിക്കുമായിരുന്നു. പക്ഷിമൃഗങ്ങളുടെയും വിശിഷ്ടപദാൎത്ഥങ്ങളുടെയും സംഭരണംകൊണ്ടു് അദ്ദേഹത്തിൻെറ വസതി മിക്കവാറുമൊരു കാഴ്ചബംഗ്ലാവായിരുന്നു.

ഇറാസ്മസ് തൻെറ വൎണ്ണന എഴുതുന്ന കാലത്തു് തോമസ് മോറിൻെറ ഭാൎയ്യയായിരുന്നതു ആലിസ് മിഡിൽട്ടൺ ആയിരുന്നു. ഇദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഈ സ്ത്രീ ഉത്സാഹവും ജാഗ്രതയുമുള്ള ഒരു ഗൃഹനായികയായിരുന്നു. "അവൾക്കു് യൌവനത്തിൻെറ സകല ആകൎഷണങ്ങളുമുണ്ടായിരുന്നാൽ എപ്രകാരമൊ അപ്രകാരം സന്തോഷത്തോടും മാധുൎയ്യത്തോടും കൂടെ അദ്ദേഹം അവളുടെ കൂടെ പാൎക്കുന്നു. നൎമ്മഗൎഭമായ സ്തുതികൊണ്ടു അദ്ദേഹം സമ്പാദിച്ചിരിക്കുന്നതുപോലെയുള്ള അനുകൂല്യം അധികാരംകൊണ്ടും നിഷ്കൃഷ്ടികൊണ്ടും സമ്പാദിച്ചിട്ടുള്ള ഒരു ഭൎത്താവിനെ നിങ്ങൾ കാണുകയില്ല." ഇറാസ്മസ് ഈ ലേഖനമെഴുതുന്ന കാലത്തു് ലെയ്ഡി മോർ കുറെ പ്രായം കടന്നവളായിരുന്നുവെങ്കിലും സർ തോമസിൻെറ പ്രേമപൂൎവ്വമായ പ്രേരണകൊണ്ടു് ആ സ്ത്രീ പലതരം വാദിത്രങ്ങൾ (സംഗീതയന്ത്രങ്ങൾ) വായിക്കുന്നതിനു പഠിച്ചു. "വാൎദ്ധക്യത്തെ പ്രാപിച്ചു തുടങ്ങിയിരിക്കുന്നവളും യാതൊരുവിധത്തിലും അവൎജ്ജ്യസ്വഭാവയല്ലാത്തവളും ഗൃഹകൃത്യങ്ങളിൽ ദത്താവധാനയുമായ ഒരു സ്ത്രീയെ കിന്നരം, വീണ, ഏകതന്ത്രി, വേണു എന്നിവ വായിക്കാൻ പഠിപ്പിക്ക

മാത്രമല്ല ഈ കൃത്യത്തിനു ദിനംപ്രതി ഒരു നിശ്ചിത സമയം വിനിയോഗിപ്പിക്കയും ചെയ്യുന്ന അദ്ദേഹത്തിനു് അസാദ്ധ്യമായിട്ടെന്താണുള്ളതു് ?" എന്നു് വിസ്മയഭരിതനായി ഇറാസ്മസ് ചോദിക്കുന്നു. തോമസ് മോറിന്റെ വശീകരണശക്തി അസാമാന്യമായിരുന്നു. തന്റെ കുടുംബാംഗങ്ങളെയെല്ലാം ഇങ്ങനെയുള്ള നയവൈഭവംകൊണ്ടു് നിയന്ത്രിച്ചിരുന്നു. വൈകല്യങ്ങൾ കാണിക്കുന്നവരോടു് അദ്ദേഹത്തിനൊരിക്കലും വൈരാഗ്യമില്ലായിരുന്നു; തന്റെ നയവൈഭവം നിമിത്തം അദ്ദേഹം ആരുടേയും ശത്രുത്വം സമ്പാദിച്ചിരുന്നുമില്ല. തോമസ് മോറിന്റെ പിതാവും വിമാതാവും അദ്ദേഹത്തിന്റെ കൂടെ തന്നെയാണു് താമസിച്ചിരുന്നതു്. ഇങ്ങനെ നാനാഹിതങ്ങളോടുകൂടിയവർ ഒരു കുടുംബമായി താമസിച്ചാൽ പല കലഹങ്ങളുമുണ്ടാകാമല്ലോ. എന്നാൽ തോമസ് മോറിന്റെ നയവിശേഷംകൊണ്ടു് യാതൊരു ഛിദ്രവുമുണ്ടായില്ലെന്നു മാത്രമല്ല എല്ലാവരും ഐകമത്യത്തോടും സൌഹാർദ്ദത്തോടുംകൂടെ ജീവിക്കയും ചെയ്തിരുന്നു.

ഇറാസ്മസിന്റെ വർണ്ണനയിൽ പ്രധാനമായിരിക്കുന്നതു തോമസ് മോറിന്റെ സ്വഭാവവും ബുദ്ധിസംസ്കാരവുമാണു്. അസാധാരണമായ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതത്തെ ഇറാസ്മസ് വർണ്ണിക്കുന്നില്ല. ഈ വർണ്ണനയിൽനിന്നു് തോമസ് മോർ ഹൃദയശുദ്ധിയുള്ള ആളായിരുന്നുവെന്നു സ്പഷ്ടമാണു്. ജ്ഞാനദീപ്തമായിരുന്ന ആ ഹൃദയശുദ്ധി ആദ്ധ്യാത്മികമായ എന്തെല്ലാം ഉത്സാഹങ്ങളിൽ അദ്ദേഹത്തെ വ്യാപരിപ്പിച്ചിരുന്നു

ക്കവന്നു് ഇറാസ്മസ് പ്രത്യേകം പറയുന്നില്ല. ആ ഉത്സാഹങ്ങൾ ഇറാസ്മസിന്നു് അജ്ഞാതങ്ങളല്ലായിരുന്നിരിക്കാം. സുകൃതങ്ങളെല്ലാം ഗൂഢങ്ങളായിരിക്കണമെന്നുള്ള ക്രിസ്തീയാദർശമനുസരിച്ചു് തോമസ്മോർ തന്റെ ആദ്ധ്യാത്മികോത്സാഹങ്ങളെക്കുറിച്ചു് തന്റെ സ്നേഹിതന്മാരോടു് സംസാരിച്ചിരുന്നില്ല എന്നു് നമുക്കൂഹിക്കാം. ഹോളണ്ടുദേശക്കാരനും തോമസ്മോറിന്റെ സമീപത്തിൽ സ്ഥിരതാമസമില്ലായിരുന്നവനുമായ ഇറാസ്മസ് അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതചര്യ ഗ്രഹിച്ചിരുന്നില്ലെന്നും വരാം. അതെല്ലാം ഗ്രഹിച്ചിരുന്നുവെങ്കിൽ തന്നെയും തോമസ്മോർ ജീവിച്ചിരിക്കുമ്പോൾ അതെല്ലാം പ്രസിദ്ധം ചെയ്യുന്നതു് ഉചിതമായിരിക്കുകയില്ലായിരുന്നു. ആയതുകൊണ്ടു് ആ സംഗതികളെ കുറിച്ചു് ഇറാസ്മസ് മൌനമവലംബിക്കുന്നതായിരിക്കാം. എന്നാൽ തോമസ്മോറിന്റെ വധത്തിനുശേഷം സ്റ്റേപ്പിൾടൺ (Stapleton) എന്നൊരു ഗ്രന്ഥകാരൻ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികചര്യയെപ്പററി എഴുതിയിട്ടുണ്ടു്. ഈ ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളതു് ഇവിടെ സംഗ്രഹിക്കാം:—

തോമസ്മോറിന്റെ ത്യാഗം സീമാതീതമായിരുന്നു. കഷ്ടപ്പെടുന്ന മനുഷ്യരെ സഹായിക്കുന്നതിന്നു് അദ്ദേഹം സർവ്വദാ സന്നദ്ധനായിരുന്നു. പാവപ്പെട്ടവർ താമസിക്കുന്ന തെരുവുകളിൽ പോയി അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞു പര്യാപ്തമാംവണ്ണം അവരെ അദ്ദേഹം സഹായിച്ചിരുന്നു. ഔദ്യോഗികകൃത്യങ്ങൾനിമിത്തം തനിക്കുതന്നെ പോയി അന്വേഷിക്കാൻ സൌകര്യമില്ലാത്ത

പ്പോൾ കുടുംബാംഗങ്ങളിൽ വല്ലവരെയും അയച്ച് ഈ സഹായങ്ങൾ ചെയ്യിച്ചിരുന്നു. തന്റെ അയല്ക്കാരിൽ പാവപ്പെട്ടവരെ മിക്കപ്പോഴും ക്ഷണിച്ചു വളരെ സൌഹാർദ്ദപൂർവ്വം തന്റെകൂടെത്തന്നെ ഇരുത്തി ഭക്ഷണം കൊടുക്കുമായിരുന്നു. എന്നാൽ അദ്ദേഹം ധനവാന്മാരെയും പ്രഭുക്കളെയും സാധാരണമായി ഇങ്ങനെ ക്ഷണിച്ചിരുന്നില്ല. ഇംഗ്ലണ്ടിലെ ചാൻസെല്ലറായിരുന്ന ഇദ്ദേഹത്തിന്റെ സൌഹാർദ്ദത്തെ കാംക്ഷിച്ചിരുന്ന ധനവാന്മാരും പ്രഭുക്കളും വളരെ ഉണ്ടായിരുന്നിരിക്കണമല്ലോ. മിക്കപ്പോഴും തോമസ്മോർ അഗതികളായ രോഗികളെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ച് അവർക്ക് ശുശ്രൂഷ ചെയ്തിരുന്നു. അദ്ദേഹം ചാൻസെല്ലർ സ്ഥാനം വഹിച്ചിരുന്നപ്പോൾ താമസിച്ചിരുന്നതു് ഇപ്പോൾ ലണ്ടൻ പട്ടണത്തിന്റെ ഒരു വിഭാഗമായിരിക്കുന്ന ചെൽസീ (Chelsea) എന്ന സ്ഥലത്താണു്. അവിടെ അദ്ദേഹം ഒരു വീടു കൂലിക്കെടുത്തു് അഗതികളെയും, രോഗികളെയും, വൃദ്ധന്മാരെയും അവിടെ താമസിപ്പിച്ചു സംരക്ഷിച്ചിരുന്നു. ഈ ആതുരശാലയുടെ സകല ചെലവുകളും മോർ വഹിച്ചിരുന്നു എന്നു മാത്രമല്ല, അതിന്റെ മേൽനോട്ടവും അദ്ദേഹം തന്നെയാണു് നടത്തിയിരുന്നതു്. കൃത്യാന്തരങ്ങളാൽ അദ്ദേഹത്തിനു നിവൃത്തിയില്ലാതിരുന്ന അവസരങ്ങളിൽ ആതുരശാലയുടെ കാര്യം അന്വേഷിച്ചിരുന്നതു് അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രിയായ മാർഗറെററായിരുന്നു.

ഒരുദിവസം നാലു്, കവിച്ചാൽ അഞ്ചു്, മണിക്കൂറിലധികം തോമസ്മോർ ഉറങ്ങിയിരുന്നില്ല. എന്നും

വെളുപ്പിനെ രണ്ടുമണിക്കണന്ന് ഏഴുമണിവരെ പ്രാത്ഥനയിലും അദ്ധ്യയനത്തിലും ഉദ്യുക്തനായിരുന്നു. എല്ലാ ദിവസവും ഇതിനുശേഷം തന്റെ ജോലി തുടങ്ങുന്നതിനു മുൻപ് അദ്ദേഹം പള്ളിയിൽപോയി കുർബാനയിൽ സംബന്ധിക്കുമായിരുന്നു. ഒരിക്കൽ ഇദ്ദേഹം കുർബാനയിൽ ഉൾപ്പെട്ടിരിക്കുന്ന സമയം ഇദ്ദേഹത്തെ ഉടനെ കാണണമെന്ന് രാജാവ് ഒരു സന്ദേശമയച്ചു. സന്ദേശം ലഭിച്ചതിന്റെ ശേഷവും അദ്ദേഹം കുർബാനയിൽ മുഴുകിയിരുന്നു. രാജാവ് രണ്ടാമതും മൂന്നാമതും തൽക്ഷണം തിയിൽ ചെല്ലണമെന്ന് സന്ദേശമയച്ചു. അവിടെ സന്നിഹിതരായിരുന്നവരിൽ ചിലർ രാജാവിന്റെ അടിയന്തിരമായി ആളയയ്ക്കുന്നതു കണ്ടിട്ട് കുർബാനയുടെ ശേഷം ഭാഗമുപേക്ഷിച്ചു രാജസന്നിധിയിൽ ഉടനെ എത്തണമെന്നു നിർബന്ധിച്ചു. താൻ മഹത്തരനും സത്തരനുമായ ഒരു പ്രഭുവിനെ അകമ്പടി സേവിച്ചു നിൽക്കുകയാണെന്നും ആദ്യമായി ആ കത്തവ്യം നിവ്വഹിക്കേണ്ടതാണെന്നും തോമസ്മോർ ഇതിനു സമാധാനം പറഞ്ഞു. അക്കാലത്ത് ഹെൻറി അഷ്ടമൻ ഭക്തനും ഈശ്വരഭയമുള്ളവനുമായിരുന്നതിനാൽ മോറിന്റെ ഈ ദൈവഭക്തിയെ തന്നോടുള്ള ഭക്തിക്കു വിഘാതമായിഗണിച്ചില്ല.

തോമസ്മോർ സാധാരണ ക്രിസ്ത്യാനികളെപ്പോലെ കുർബാന കാണുകമാത്രമല്ല, വിഹിതമായ പ്രത്യേക വസ്ത്രം ധരിച്ചു കുർബാനസംബന്ധിച്ചുള്ള സംഗീതങ്ങൾ പാടുകയും പതിവായിരുന്നു. ഈ ജോലി സാധാരണമായി പള്ളികളിലെ ചില ഭൃത്യന്മാരുടെ കൃത്യമാണ്.

വലിയ ആളുകൾ ഈ കൃത്യത്തിൽ ഭാഗഭാക്കുകളാക പതി വില്ല. മോർ ചാൻസെല്ലറായിതീൎന്ന ശേഷവും ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു. നീച പാത്രങ്ങൾക്കു യോഗ്യമായ ഈ കൃത്യം ചാൻസെല്ലർ ചെയ്യുന്നതു രാജാവിനു തൃപ്തി കേടായിരിക്കുമെന്നു ഒരിക്കൽ നോർഫോക്കു പ്രഭു ഉപ ദേശരൂപേണ മോറിനോടു പറഞ്ഞു. "എന്റെ യജമാന നായിരിക്കുന്ന രാജാവിന്ന് അദ്ദേഹത്തിന്റെ യജമാന നായിരിക്കുന്ന ദൈവത്തിനു ഞാൻ ചെയ്യുന്ന ശുശ്രൂഷ യിൽ അതൃപ്തിയുണ്ടാകാൻ പാടില്ല" എന്നു മോർ ഇതിന്നു മറുപടി പറഞ്ഞു. ലൌകികപദവികളാൽ മതിമറന്നു ദൈവശുശ്രൂഷയിൽ ഉദാസീനന്മാരായി തീരുന്നവരെപ്പോലെ തോമസ് മോർ തന്റെ ആദ്ധ്യാ ത്മികകൃത്യങ്ങളിൽ താൻ മഹാപ്രതാപവാനായിരുന്ന കാലത്തിൽപോലും യാതൊരു ലോപവും വരുത്തി യിരുന്നില്ല

നമ്മുടെ രണ്ടാമത്തെ ചിത്രകാരനായ ഹോൾബെ യിനിന്റെ ചിത്രം ഇനിയും നമുക്കു പരിശോധിച്ചു നോക്കാം. ഹോൾബെയിൻ, ബാസെൽ പട്ടണത്തിൽ നിവസിച്ചിരുന്ന ഒരു ചിത്രകാരനായിരുന്നു. ജെർമനി യിൽ ഉണ്ടായിക്കൊണ്ടിരുന്ന വിപ്ലവങ്ങൾമൂലം അദ്ദേ ഹം കുറെക്കാലം ഇംഗ്ലണ്ടിൽ താമസിച്ചിരുന്നു. ഇറാസ്മ സിന്റെ പക്കൽനിന്നും, തന്നെ തോമസ് മോറിനു പരി ചയപ്പെടുത്തുന്നതായ ഒരു ലേഖനവുമായിട്ടാണ് ഹോൾ ബെയിൻ ലണ്ടനിൽ വന്നതു. ഇങ്ങനെ ലണ്ടനിൽ താമസിച്ചിരിക്കയിൽ ഹോൾബെയിൻ മോറിന്റെയും കുടുംബത്തിന്റെയും ഒരു ചിത്രമെഴുതി. അതിൽനിന്നും മോറിന്റെയും കുടുംബത്തിന്റെയും ജീവിതാദൎശങ്ങ ളിൽ ചിലതു നമുക്കു മനസ്സിലാക്കാം.

ഈ ചിത്രത്തിൽ പത്തു പാത്രങ്ങളാണു് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതു്. തോമസ്മോറും, അദ്ദേഹത്തിൻെറ പിതാവായ സർ ജോൺമോറും, തോമസ്മോറിൻെറ മൂന്നു പുത്രികളും, ഒരു പുത്രനും, തോമസ്മോറിൻെറ ഭാര്യയായ ലെയ്ഡിമോറും, തോമസ്മോർ ദത്തെടുത്തു കൂടെ താമസിപ്പിച്ചിരുന്ന മാർഗററു് ഗിഗ്സ് (Margaret Gigs) എന്ന യുവതിയും, പിന്നീടു തോമസ് മോറിൻെറ പുത്രൻ ജോണിൻെറ ഭാര്യയായിത്തീർന്ന അന്നക്രെസേകർ (Anna Cresacre) എന്ന തരുണിയും, കുടുംബവിദൂഷകനായ ഹെൻറി പാററിസൺ എന്ന ആളുമാണു് ഈ പാത്രങ്ങൾ. തോമസ്മോറും കുടുംബവും ഭക്ഷണത്തിനു് ആരംഭിക്കുന്ന വിധത്തിലാണു് ഈ ചിത്രം. ചെൽസിയിലെ വസതിയിലെ ഭക്ഷണശാലയാണു് രംഗം. തോമസ്മോറും പിതാവും മദ്ധ്യത്തിൽ ഇരിക്കുന്നു. പടത്തിൻെറ ഇടത്തെ അററത്തു് തോമസ്മോറിൻെറ രണ്ടാമത്തെ പുത്രി എലിസബെത്തു് കക്ഷത്തിൽ ഒരു പുസ്തകവും വെച്ചുകൊണ്ടു കൈകെട്ടി നില്ക്കുന്നു. എലിസബെത്തിൻെറ അടുത്തു് ഇടത്തുകൈയ്യിൽ ഒരു പുസ്തകം നിവർത്തിപ്പിടിച്ചു വലത്തുകൈകൊണ്ടു് അതിൽ ഒരു ഭാഗം സർ ജോൺമോറിനെ ചൂണ്ടിക്കാണിക്കുന്ന വിധത്തിൽ അല്പമൊന്നു കുനിഞ്ഞു് മാർഗററു് ഗിഗ്സ് നില്ക്കുന്നു. സർ ജോണിൻെറയും സർ തോമസിൻെറയും മദ്ധ്യത്തിൽ കുറെ പുറകിലായിട്ടു അന്നാക്രെസേകർ നില്ക്കുന്നു. സർ തോമസിൻെറ ഇടത്തുവശത്തു് അദ്ദേഹത്തിൻെറ മകൻ ജോൺ ഒരു പുസ്തകവും വായിച്ചുകൊണ്ടു നില്ക്കുന്നു. സർ തോമസിൻെറപുത്രിമാരായ മാർഗരററും സെസിലിയും

ഇരിക്കുന്നു; മാർഗരെററിന്റെ മടിയിൽ ഒരു പുസ്തകം തുറന്നിരിപ്പുണ്ട്. ഇവരുടെ വിമാതാവായ ലെയ്ഡി മോർ ചിത്രത്തിന്റെ വലത്തുവശത്ത് മുട്ടുകുത്തി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു. തപോവിഘ്നമുണ്ടാക്കാൻ പ്രയത്നിക്കുന്ന ഒരു സത്വംപോലെ ഒരു കുരങ്ങ് ലെയ്ഡിമോറിന്റെ ദേഹത്തിൽ തത്തിക്കയറാൻ ശ്രമിക്കുന്നുണ്ട്. എല്ലാവരുടെയും പുറകിലായിട്ടു വിദൂഷകൻ പാററിസണരം നിൽക്കുന്നു. ഈ ചിത്രത്തിൽ ചിത്രകാരൻ പ്രകടമാക്കുവാൻ ഭാവിക്കുന്നതു് സർ തോമസ്മോറിന്റെ കുടുംബത്തിന്റെ ദൈവഭക്തിയും, വിദ്യാതല്പരതയും, അദ്ദേഹത്തിന്റെ ജന്തുവാത്സല്യവുമാകുന്നു.

ജീവിതോദ്ദേശങ്ങളെയും വിദ്യാഭ്യാസന രീതിയെയും കുറിച്ച് തോമസ്മോറിനുണ്ടായിരുന്ന ആദർശങ്ങൾ അദ്ദേഹം തന്റെ മക്കളുടെ ഉപാദ്ധ്യായനായ ഗുണെൽ (Gunell) എന്ന വിദ്വാനു് എഴുതിയ ഒരെഴുത്തിൽനിന്നും സ്പഷ്ടമാകുന്നു. ഈ എഴുത്ത് രാജകാര്യങ്ങളിൽ വ്യാപൃതനായി തോമസ്മോർ കൊട്ടാരത്തിൽ തന്നെ താമസിച്ചിരിക്കയിൽ ഗുണെലിനു് അയച്ചതാണു്. അക്കാലത്തു് പ്രത്യേകാഭിരുചിയോടുകൂടിയ ചില പുരുഷന്മാർ മാത്രം അഭ്യസിച്ചിരുന്ന ഗ്രീക്കും ലത്തീനും തന്റെ പുത്രികളും പഠിക്കുന്നതിനു അദ്ദേഹം വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. സ്ത്രീവിദ്യാലയങ്ങളുടെ ദൌർലഭ്യം കൊണ്ടോ വിദ്യാലയങ്ങൾ പര്യാപ്തങ്ങളല്ലെന്നു തോമസ് മോർ വിചാരിച്ചിരുന്നതുകൊണ്ടോ ഈ കാര്യത്തിനു് അദ്ദേഹം പ്രത്യേകമൊരു ഉപാദ്ധ്യായനെ നിയമിച്ചിരുന്നു. ആ ഉപാദ്ധ്യായനായിരുന്ന

ഗൃണെൽ. പ്രസ്തുത ലേഖനത്തിൻെറ ചില ഭാഗങ്ങൾ നമുക്കിവിടെ ഉദ്ധരിക്കാം:—

"എൻെറ പ്രിയപ്പെട്ട ഗൃണെൽ, പതിവുപോലെ സരളവും സ്നേഹമസൃണവുമായ നിങ്ങളുടെ എഴുത്തു കിട്ടി. നിങ്ങളുടെ എഴുത്തിൽനിന്നും നിങ്ങൾക്കു് എൻെറ മക്കളോടുള്ള താല്പൎയ്യം ഞാൻ കാണുന്നു; അവരുടെ എഴുത്തുകളിൽനിന്നു് അവരുടെ ഉത്സാഹത്തെ ഞാൻ അനുമാനിക്കയും ചെയ്യുന്നു............സുകൃതത്തോടു യോജിച്ചിരിക്കുന്ന പാണ്ഡിത്യത്തെ രാജാക്കന്മാരുടെ സകല നിക്ഷേപങ്ങളെക്കാളും ഞാൻ വിലമതിക്കുന്നുവെങ്കിലും, നല്ല ജീവിതത്തോടു യോജിച്ചിരിക്കാത്ത പാണ്ഡിത്യം കൊണ്ടുള്ള കീൎത്തി ശോഭായമാനവും പ്രസിദ്ധവുമായ ഒരു അപയശസ്സാകുന്നു..........ഒരു സ്ത്രീ പ്രശസ്തമായ സുകൃതത്തിൻെറകൂടെ സാഹിത്യത്തിൽ മിതമായിട്ടുള്ള സാമൎത്ഥ്യമെങ്കിലും യോജിപ്പിച്ചാൽ, അവൾക്കു് ക്രീസസിൻെറ (Croesus) സമ്പത്തും ഹെലൻെറ (Helen) സൌന്ദൎയ്യവും കിട്ടിയാലുണ്ടാകുന്നതിൽ അധികം സാക്ഷാൽ ഗുണം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. അവൾക്കുണ്ടാകാവുന്ന പ്രതാപത്തെ ഉദ്ദേശിച്ചല്ല ഞാനിതു പറയുന്നതു്"...............പിന്നയൊ, ജ്ഞാനത്തിൻെറ പ്രതിഫലം സമ്പത്തുപോലെ നഷ്ടപ്പെടുന്നതും സൌന്ദൎയ്യംപോലെ ജീൎണ്ണിക്കുന്നതുമല്ല.........
...പാണ്ഡിത്യംകൊണ്ടു് മനുഷ്യർക്കുകിട്ടുന്ന ഗുണങ്ങളിൽ ഗ്രന്ഥങ്ങളുടെ അദ്ധ്യയനത്താൽതന്നെ സ്തുതിയെ അല്ല ഉപയോഗത്തെയാണു് നാം ആരായേണ്ടതെന്നു് നാം പഠിക്കുന്നുവെന്നുള്ളതിനെക്കാൾ വിശിഷ്ടമായി മറെറാന്നില്ല...........എൻെറ പ്രിയപ്പെട്ടു

ശ്യണ്ണൽ, നിങ്ങളോടു മാത്രമല്ല—നിങ്ങൾ എന്റെ മക്കളോടുള്ള വാത്സല്യം കൊണ്ടു് സ്വമേധയാ അങ്ങനെ ചെയ്യുമെന്നെനിക്കറിയാം—എന്റെ എല്ലാ സ്നേഹിതന്മാരോടും, എന്റെ അപത്യങ്ങൾ ഗർവ്വത്തിന്റെയും ഔദ്ധത്യത്തിന്റെയും പ്രപാതത്തിൽ നിന്നു് ഒഴിഞ്ഞുമാറി വിനയത്തിന്റെ ശാദ്വലത്തിൽ സഞ്ചരിക്കുവാൻ ഉപദേശിക്കണമെന്നു ഞാൻ പലപ്പോഴും അഭ്യർത്ഥിച്ചിട്ടുണ്ടല്ലോ. അവർ സമ്പത്സമക്ഷം വ്യാമോഹിതരായിത്തീരാതിരിക്കുന്നതിനും, മററുള്ളവരിൽ തെററായി അവർ ബഹുമാനിക്കുന്ന പദാർത്ഥങ്ങൾ തങ്ങൾക്കില്ലാത്തതിനാൽ ദുഃഖിക്കാതിരിക്കുന്നതിനും, ശോഭനങ്ങളായ നേപഥ്യങ്ങൾ ഉള്ളതുകൊണ്ടു് തങ്ങൾ ഉന്നതരാണെന്നും ആ നേപഥ്യങ്ങൾ ഇല്ലാത്തതുകൊണ്ടു തങ്ങൾ നീചരാണെന്നും വിചാരിക്കാതെയിരിക്കുന്നതിനും, പ്രകൃതി തങ്ങൾക്കു് നല്കിയിരിക്കുന്ന സൌന്ദര്യത്തെ ഔദാസീന്യം കൊണ്ടു നശിപ്പിക്കാതെയും കൃത്രിമമായി വർദ്ധിപ്പിക്കാതെയും ഇരിക്കുന്നതിനും, സുകൃതത്തെ ഒന്നാം പദവിയിലും പാണ്ഡിത്യത്തെ രണ്ടാം പദവിയിലും വെയ്ക്കുന്നതിനും, തങ്ങളുടെ അദ്ധ്യയനങ്ങളിൽ ദൈവഭക്തിയെയും, മനുഷ്യസ്നേഹത്തെയും, വിനയത്തെയും, ക്രിസ്തീയമായ അനഹംകാരത്തെയും ഉപദേശിക്കുന്ന ഭാഗങ്ങളെ കൂടുതൽ വിലമതിക്കുന്നതിനും അവരോടുപദേശിക്കുവാൻ ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ടു്. ഈ മാർഗ്ഗത്തിൽ കൂടെ അവർക്കു് നിർദ്ദോഷമായ ജീവിതത്തിന്റെ പ്രതിഫലം ദൈവത്തിൽനിന്നു ലഭിക്കുകയും, അതു ലഭിക്കുമെന്നുള്ള ഉറപ്പുകൊണ്ടു് അവർ മരണത്തെ ഭയംകൂടാതെ അവലോകനം ചെയ്യുകയും, ദൃഢമായ ആനന്ദത്തിൽ

നിമഗ്നരായിട്ടു മനുഷ്യരുടെ ശ്രുന്യസ്തുതികളാൽ ജൃംഭിക്കാതെയും അപവാദങ്ങളാൽ വിഷണ്ണരാകാതെയുമിരിക്കുകയും ചെയ്യുന്നതാകുന്നു. ഇതുകളെയാണു് ഞാൻ പാണ്ഡിത്യത്തിൻെറ യഥാൎത്ഥഫലങ്ങളായി ഗണിക്കുന്നതു; എല്ലാ സാഹിത്യകാരന്മാൎക്കും ഈ ഗുണങ്ങൾ ഇല്ലെന്നു ഞാൻ സമ്മതിക്കുന്നുവെങ്കിലും, ഈ അഭിപ്രായങ്ങളോടുകൂടെ അദ്ധ്യയനം നടത്തുന്നവർ ഈ ലക്ഷ്യത്തെ പ്രാപിച്ചു് അന്യൂനരായിത്തീരുമെന്നാണെൻെറ അഭിപ്രായം.

"സ്ത്രീയുടെ മനസ്സ് പ്രകൃത്യാ ദോഷകരമാണെന്നും അതിൽ ധാന്യത്തെക്കാളധികം കളകൾ വളരുമെന്നും ഒരു പഴഞ്ചൊല്ലിൽ ഉണ്ടു്"; ഇങ്ങനെ പറഞ്ഞു വളരെപ്പേർ സ്ത്രീകളെ പഠിപ്പിക്കാതെയിരിക്കുന്നുണ്ടു്. ഈ പഴഞ്ചൊല്ലിൽ സത്യമാണെന്നു വന്നാൽ തന്നെയും, പ്രകൃതിസിദ്ധമായ ദോഷത്തെ പ്രയത്നംകൊണ്ടു പരിഹരിക്കുന്നതിനായി ആ കാരണം കൊണ്ടുതന്നെ സ്ത്രീകളുടെ മനസ്സിനെ കൂടുതൽ സംസ്കരിക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. പുരാതനന്മാരുടെ, അതിവിവേകികളും അതിപവിത്രന്മാരുമായവരുടെ, അഭിപ്രായമിതായിരുന്നു. മററുള്ളവരെക്കുറിച്ചു ഞാൻ പറയുന്നില്ല, ഉൽകൃഷ്ടകളായ ഗൃഹിണികളും ആഭിജാത്യമുള്ള കന്യകകളും അദ്ധ്യയനം ചെയ്യണമെന്നു് വിശുദ്ധനായ ജെറോനിമ്മോസും (Jerome) വിശുദ്ധനായ ആഗുസ്തീനോസും (Augustine) ഉപദേശിച്ചിരുന്നു എന്നു മാത്രമല്ല, അവരെ സഹായിക്കുന്നതിനു് വിശുദ്ധ ലിഖിതത്തിൻെറ ഗഹനാൎത്ഥങ്ങളെ വ്യാഖ്യാനിച്ചു കൊടുക്കയുമ

ചെയ്തു............പണ്ഡിതനായ എന്റെ ഗ്യുണെനർ, എന്റെ പുത്രികളെ ആ പാവനപുരുഷന്മാരുടെ കൃതികളെ പൂൎണ്ണമായി പഠിപ്പിക്കുന്നതിനു നിങ്ങൾ സദയം പ്രയത്നിക്കണമെ.........മിഥ്യാപ്രതാപം നികൃഷ്ടമായ പദാൎത്ഥമാണെന്നും ക്രിസ്തുവിനാൽ പലപ്പോഴും പ്രശംസിക്കപ്പെട്ടിട്ടുള്ള നമ്രമായ വിനയത്തെക്കാൾ ഉന്നതമായ മറെറാന്നില്ലെന്നുമുള്ള ഗീതം നിങ്ങളും അവരുടെ അമ്മയും എന്റെ സ്നേഹിതന്മാരും എന്റെ മക്കളുടെ ചെവിയിൽ ആവൎത്തിച്ചാവൎത്തിച്ചു പാടി അവരുടെ തലയിൽ അതു് അടിച്ചുകയററണം.........ഈ ഉദ്ദേശസിദ്ധിക്കു് പുരാതനപിതാക്കന്മാരുടെ * കൃതികളെക്കാൾ നല്ലതു മറെറാന്നുമില്ല..............."

മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽനിന്നും തന്റെ ഉന്നതമായ സ്ഥാനം നിമിത്തം തന്റെ മക്കൾ ഗൎവിഷ്ഠരായി തീൎന്നേക്കുമെന്നു് തോമസ്‌മോറിനു ശങ്കയുണ്ടായിരുന്നുവെന്നും ആ ദോഷത്തെ പരിഹരിക്കുവാൻ അദ്ദേഹം പ്രയത്നിച്ചിരുന്നുവെന്നും നമുക്കു കാണാവുന്നതാണു്. നശ്വരങ്ങളും ക്ഷണികങ്ങളുമായ സ്ഥാനമാനാദികളെക്കാൾ ആവശ്യമായിട്ടുള്ളതു് സുകൃതമാണെന്നുള്ളതു് അദ്ദേഹത്തിന്റെ ദൃഢമായ അഭിപ്രായമായിരുന്നു. മരണത്തിനായിട്ടുള്ള സന്നദ്ധതയെക്കുറിച്ചും അദ്ദേഹം പറയുന്നു. സുകൃതികൾ മരണത്തെ ഭയപ്പെടേണ്ട എന്നു അദ്ദേഹം ദ്യോതിപ്പിക്കുന്നതു് ധൎമ്മത്തിനുവേണ്ടി താൻ അനുഭവിക്കാനിരുന്ന മരണത്തെ ഉത്‌പ്രേക്ഷിച്ചുകൊണ്ടാണോ എന്നു നമുക്കു തോന്നിപ്പോകുന്നു.

* പുരാതനകാലങ്ങളിൽ ക്രിസ്തീയമതഗ്രന്ഥങ്ങളുടെ വ്യാഖ്യാനമായിട്ടും ക്രിസ്തീയധൎമ്മങ്ങളുടെ ഉപദേശമായിട്ടും മററും ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള മഹാമതികളായ ചിലൎക്കു് പിതാക്കന്മാർ എന്നാകുന്നു പേർ.

# മൂന്നാമദ്ധ്യായം

## ഉദ്യോഗങ്ങൾ

---

തോമസ് മോർ ബാരിസ്റ്റർ ആയിത്തീന്നതിന്റെ ശേഷം വക്കീൽപണിയിൽ ഏപ്പെട്ടു. ഈ ജോലിയിൽ ഉദ്യുക്തനായിരിക്കയിലാണു് പാർലമെന്റു സാമാജികനാകയും ഹെൻറി സപ്തമന്റെ ഒരു ധനാഭ്യത്ഥനയെ പ്രതിഷേധിക്കമൂലം ആ രാജാവിന്റെ വിരോധം സമ്പാദിക്കയും ചെയ്തതു്. തോമസ് മോർ സമത്ഥനായ ഒരു വക്കീലായിരുന്നു. എന്നാൽ വല്ല കക്ഷിയും കേസും കൊണ്ടുവന്നാൽ കോടതികയറാതെ വല്ല കണക്കിലും എതിർകക്ഷിയുമായി രാജിയായി കാൎയ്യംതീക്കുകയായിരിക്കും നല്ലതെന്നു അദ്ദേഹം ഉപദേശിക്കുമായിരുന്നു. രാജിയായാൽ ഉണ്ടാകാവുന്നതിലധികം നഷ്ടം കോടതി കയറിയാൽ ഉണ്ടാകുമെന്നു് അദ്ദേഹം കക്ഷിയെ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. മോറിന്റെ നിത്യവൃത്തി കഴിച്ചിരുന്നതു വക്കീൽ പണിയിൽ നിന്നുള്ള ആദായം കൊണ്ടായിരുന്നെങ്കിലും അദ്ദേഹം കക്ഷികളെ ഇങ്ങനെ ഉപദേശിക്കാറുണ്ടായിരുന്നു. എന്നാൽ ചില മനുഷ്യർക്കു് വ്യവഹാരങ്ങൾ നടത്തുന്നതിൽ പ്രത്യേകമൊരു രസമുണ്ടല്ലോ. മോറിന്റെ ഉപദേശം സ്വീകരിക്കാതെ നമ്പരുകൊടുക്ക തന്നെ വേണമെന്നു നിർബന്ധിക്കുന്നവക്കു് കേസുനടത്തുന്നതിനു് എളുപ്പവും ചെലവു കുറവുമുള്ള മാൎഗ്ഗങ്ങൾ ഉപദേ

ശിച്ചുകൊടുത്തിരുന്നു. കേസുകൊടുക്കുന്നതിൽ കക്ഷി കളെ വിമുഖരാക്കുകയും കേസുകൾ നടത്തുന്നതിനു ചെല വുകുറഞ്ഞ മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുക്കുകയും ചെയ്യു ന്നതു വക്കീലിന്റെ ആദായത്തെ സാരമായി ബാധിക്കു മല്ലൊ എങ്കിലും മോറിനു് ശരാശരി ആണ്ടിൽ ൪൦൦ പവൻ വരവുണ്ടായിരുന്നു. തോമസ് മോറിന്റെ കാലത്തു് ൪൦൦ പവൻ ഇന്നത്തെ ൫൦൦൦ പവനു സമമായിരുന്നു.

മോറിനെ ഉപദ്രവിച്ചുകൊണ്ടിരുന്നവനായ ഹെൻറി സപ്തമൻ മരിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ ജീവിതം സുഖമായിത്തീൎന്നു. ഹെൻറി സപ്തമന്റെ അനന്തരനായി രാജ്യഭാരമേററ ഹെൻറി അഷ്ടമൻ വളരെ ഗുണങ്ങളോടുകൂടിയ ഒരു രാജാവായിരുന്നു. അദ്ദേഹം ഒരു പണ്ഡിതനായിരുന്നു എന്നുമാത്രമല്ല, പാണ്ഡിത്യമുള്ളവരെ മാനിക്കയും ചെയ്തിരുന്നു. ഇങ്ങ നെയുള്ള ഒരു രാജാവു് സിംഹാസനാരോഹണം ചെയ്തതു് പണ്ഡിതാഗ്രേസരനായ മോറിന്റെ ജീവിതഗതിക്കനു കൂലമായിത്തീൎന്നു. ഹെൻറി അഷ്ടമന്റെ പല ഗുണ ങ്ങളിൽ രണ്ടു ദോഷങ്ങൾ നിമഗ്നങ്ങളായിരുന്നു. അദ്ദേഹം അനിയന്ത്രിതനായ ഒരു സ്ത്രീലമ്പടനും അത്യന്തം വാശി ക്കാരനുമായിരുന്നു. അവസാനത്തിൽ തോമസ് മോ റിന്റെ ധൎമ്മതല്പരതയും അഭിപ്രായധീരതയും രാജാ വിന്റെ ഈ ദോഷങ്ങളോടെതിരിട്ടിട്ടു് ധൎമ്മബുദ്ധിയും അനിയന്ത്രിതമായ ഭൌതികശക്തിയും തമ്മിൽ സംഘ ട്ടനമുണ്ടാകുമ്പോൾ സാധാരണമായി ഉണ്ടാകാറുള്ള ഫലം ഉണ്ടായതു നാം വഴിയെ കാണുന്നതായിരിക്കും.

൧൫൧൮ സെപ്റ്റംബർ ൩-ാംനു തോമസ് മോർ ലണ്ടൻ പട്ടണത്തിൻെറ അണ്ടർ ഷെറിഫ് (Under-Sheriff) ആയി നിയമിക്കപ്പെട്ടു; ഈ ഉദ്യോഗം വഹിക്കുന്നതിനു് മോർ തൻെറ വക്കീൽപണി ഉപേക്ഷിക്കേണ്ടിയിരുന്നില്ല. അണ്ടർ ഷെറിഫ് ലണ്ടൻപട്ടണത്തിൻെറ അധിപതിയായ ലോർഡ് മെയറിൻെറ (Lord Mayor) കോടതിയിൽ ഒരു ജഡ്ജിയായിരുന്നു. ജഡ്ജിയുടെ കൃത്യം വ്യാഴാഴ്ചതോറും പൂർവ്വാഹ്ണത്തിൽ മാത്രമേ നിവ്വഹിക്കേണ്ടിയിരുന്നുള്ളു. മററു സമയങ്ങളിൽ മോറിനു വക്കീൽപണി നോക്കാമായിരുന്നു.

അക്കാലത്തു ലണ്ടനിലെ കച്ചവടക്കാരും ലണ്ടനിൽ കച്ചവടം നടത്തിയിരുന്ന വിദേശകച്ചവടക്കാരും തമ്മിൽ പല തക്കങ്ങൾ ഉണ്ടായിരുന്നു. ഫ്ളാൻഡേർസിലെ (Flanders) ആർച്ച്ഡ്യൂക്കുമായിട്ടു് (Arch-duke) ആലോചിച്ചു് ഈ തക്കങ്ങൾ തീത്തു വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനു് ഹെൻറി തോമസ് മോറിനെ തൻെറ പ്രതിനിധിയായിട്ടയച്ചു. ഈ കാൎയ്യത്തിനായിട്ടു് തോമസ് മോർ ൧൫൧൫—൧൬-ൽ ആറു മാസത്തോളം ഫ്ളാൻഡേർസിൽ താമസിച്ചു. ഇങ്ങനെ അവിടെ താമസിച്ചിരുന്ന കാലത്താണു് മോർ തൻെറ പ്രസിദ്ധകൃതിയായ യൂട്ടോപ്പിയ (Utopia) എന്ന ഗ്രന്ഥത്തിൻെറ പ്രധാനമായ ഭാഗം രചിച്ചതു്.

തന്നെ ഏല്പിച്ചിരുന്ന കാൎയ്യം തൃപ്തികരമായി നിവ്വഹിച്ചുകൊണ്ടു് ൧൫൧൬-ൽ മോർ ലണ്ടനിൽ തിരിച്ചു വന്നു. ഗുണജ്ഞനായ ഹെൻറി, മോറിൻെറ സാമത്ഥ്യ

ത്താൽ ആകൃഷ്ടനായിത്തീൎന്നു; മോറിനെ സ്ഥിരമായി ഒരു രാജപുരുഷനാക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അക്കാലത്തെ കൊട്ടാരക്കണക്കിൽ "ആലോചനക്കാരൻ തോമസ്‌മോറിന്നു ആജീവനാന്തം പവൻ ൧൦൦" എന്നൊരിനം കാണുന്നുണ്ടു്. ഹെൻറി ഇങ്ങനെയൊരു പതിവു നിശ്ചയിച്ചതു് തനിക്കു് മോറിനോടുള്ള ബഹുമാനത്തിന്റെ ചിഹ്നമാണെന്നു പറയണമെന്നില്ലല്ലോ. എന്നാൽ ഒരു രാജപുരുഷനായിത്തീരുന്നതിൽ മോറിന്നു വളരെ വൈമുഖ്യമുണ്ടായിരുന്നു. രാജാവിന്നു ഒരു രാജപുരുഷനോടു അനുഭാവമുണ്ടായിരുന്നാലും രാജപുരുഷന്റെ സ്വാതന്ത്ര്യത്തിന്നു വലിയ വിഘാതം സംഭവിക്കുമെന്നുള്ളതു് നിശ്ചയമാണല്ലോ. രാജസാന്നിദ്ധ്യം കൊണ്ടുള്ള പ്രതാപത്തിനും രാജാനുഭാവം കൊണ്ടുള്ള അൎത്ഥലാഭത്തിനുംവേണ്ടി എന്തും ചെയ്യുന്നതിന്നു സന്നദ്ധന്മാരാണു് മനുഷ്യരിൽ മിക്കവരും. എന്നാൽ പ്രതാപത്തെയും ധനത്തെയും വലിയ കാൎയ്യമായി ഗണിക്കാത്തവരും മനുഷ്യരിൽ ഇല്ലാതില്ല. ഈ ന്യൂനപക്ഷത്തിൽപെട്ടവനായിരുന്നു തോമസ്‌മോർ. എന്നാൽ ഒരാൾ ഇന്ന ജോലി നോക്കണമെന്നു ഒരു രാജാവു് പറയുന്നതു് ഒരു രാജശാസനം കൂടെയാണല്ലോ. പ്രജകൾക്കു് അതിനെ നിഷേധിക്കാൻ നിവൃത്തിയില്ല. ഹെൻറി അഭിപ്രായദാർഢ്യമുള്ളവനും വലിയ നിർബന്ധിയും കൂടെയായിരുന്നു. രാജഭക്തിക്കായിട്ടെങ്കിലും മോർ രാജസംഭാവനകളെ സ്വീകരിക്കേണ്ടിവന്നു.

൧൫൧൭-ൽ ലണ്ടനിൽ വലിയ ഒരു ലഹളയുണ്ടായി. സ്വദേശികളായ കച്ചവടക്കാരും വിദേശികളായ

കച്ചവടക്കാരും തമ്മിൽ മത്സരമുണ്ടായിരുന്നുവെന്നു് നാം മുൻപേ കണ്ടുവല്ലോ. തോമസ് മോറിന്റെ പ്രയത്നങ്ങൾകൊണ്ടു് രാജ്യങ്ങൾ തമ്മിൽ കച്ചവടസംബന്ധമായി ചില വ്യവസ്ഥകൾ ഉണ്ടായെങ്കിലും കച്ചവടക്കാർ തമ്മിലുള്ള മത്സരം അവസാനിച്ചിരുന്നില്ല. വിദേശികളുടെ മത്സരംകൊണ്ടു് തങ്ങളുടെ ആദായം കുറഞ്ഞുപോകുന്നുവെന്നു സ്വദേശികൾ വിചാരിച്ചിരുന്നു. ഈ വിചാരം വളൎന്നുവളൎന്നു് ഒരു ലഹളയായി പരിണമിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഏപ്രിൽ ൩൦-ാംനു-വ്യാഴാഴ്ച രാത്രിയാണു് ഈ ലഹള ആരംഭിച്ചതു്. ഇംഗ്ലീഷ് തൊഴിലാളികൾ പരദേശികളുടെ പല പീടികകളും വ്യവസായശാലകളും നശിപ്പിച്ചു. വിദേശരാജാക്കന്മാരുടെ പ്രതിപുരുഷന്മാരെപ്പോലും ആക്രമിച്ചുതുടങ്ങി. ലഹളക്കാർ ജെയിലുകൾ ബലാല്ക്കാരമായി തുറന്നു് ജെയിൽപുള്ളികളെയും തങ്ങളുടെ കൂട്ടത്തിൽ കൂട്ടി. ലണ്ടനിലെ നഗരവൃദ്ധന്മാരും സമാധാനപാലകന്മാരും ഭയാക്രാന്തരായിട്ടു തങ്ങളുടെ വീടുകളിൽ അഭയം പ്രാപിച്ചു. വ്യാഴാഴ്ച രാത്രി ഇങ്ങനെയുള്ള സംഭവങ്ങളെല്ലാമുണ്ടായി. വെള്ളിയാഴ്ച പ്രഭാതത്തിലും ലഹള തുടൎന്നുകൊണ്ടിരുന്നു.

വെള്ളിയാഴ്ച കാലത്തെ രാജാവിന്റെ പ്രിവികൌൺസിൽ (Privy Council) കൂടി. ലഹളക്കാരെ പറഞ്ഞു സമാധാനപ്പെടുത്തുന്നതിനു് വേണ്ട ജനരഞ്ജന തോമസ് മോറിനുമാത്രമെ ഉള്ളുവെന്നു് അവർ തീൎച്ചയാക്കി; എന്നിട്ടു് മോറിനാളയച്ചുവരുത്തി. ഈ കൃത്യം വളരെ കൃഛ്റമാണെന്നു തനിക്കു തോന്നിയെങ്കിലും

സമാധാനസ്ഥാപനത്തിനായിട്ടുള്ള ക്ഷണം സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലായിരുന്നല്ലൊ. അദ്ദേഹം ഉടനെ ലഹളയുടെ ഒരു കേന്ദ്രസ്ഥാനത്തു ചെന്നു നിന്നുകൊണ്ടു് ജനക്കൂട്ടത്തോടു പ്രസംഗിക്കുവാൻ തുടങ്ങി. മോറിന്റെ പ്രസംഗം കേട്ടു ലഹളക്കാർ ശാന്തരാകുവാൻ തുടങ്ങി. അപ്പോൾ അപ്രതീക്ഷിതമായ ഒരു സംഭവമുണ്ടാകയാൽ ലഹള വീണ്ടും ആരംഭിച്ചു. പ്രസംഗം കേട്ടുകൊണ്ടു നിന്ന ജനക്കൂട്ടത്തിലേക്കു് അടുത്തുണ്ടായിരുന്ന ഒരു കെട്ടിടത്തിൽ നിന്നും ചിലർ കല്ലെറിഞ്ഞു. ഈ ഏറു കൊണ്ടു് സാക്ഷാൽ ലഹളക്കാരല്ലായിരുന്നവരിലും പലക്കു പരുക്കു തട്ടി. ഒരു കല്ലു് തോമസ്മോറിന്റെ കൂടെ അകമ്പടിയായി നിന്നിരുന്ന ഒരു സാർജന്റിന്റെ ദേഹത്തു വീണു. അതിന്റെ വേദനകൊണ്ടു അയാൾ പെട്ടെന്നു് "അവരെ പിടിക്കൊ" എന്നു വിളിച്ചുപറഞ്ഞു. ലഹള രണ്ടാമതും തുടങ്ങുന്നതിനു് ഇതു കാരണമായിത്തീൎന്നു. പിന്നെ ജനക്കൂട്ടത്തിന്റെ ശ്രവണത്തെ സ്വാധീനമാക്കുന്നതിനു തോമസ്മോറിനും സാധിക്കാതെ വന്നു. അതിനുശേഷം അധികാരികൾ പീരങ്കി പ്രയോഗിച്ചാണു് ലഹളയമർത്തിയതു്. *

---

* ൧൬-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തോടടുത്തു് എഴുതപ്പെട്ടതും ഷേക്സ്പിയർ സമാജത്തിൽ (Shakespere Society) നിന്നും ൧൮൪൪-ൽ പ്രസിദ്ധം ചെയ്യപ്പെട്ടതുമായ "സർ തോമസ്മോർ" എന്ന നാടകത്തിൽ ഈ ലഹള അവസാനിച്ചതു് മോറിനോടു ലഹളക്കാർക്കുണ്ടായിരുന്ന ബഹുമാനത്തിന്റെയും അദ്ദേഹത്തിന്റെ സാന്ത്വനത്തിന്റെയും ഫലമായിട്ടാണെന്നാണു സൂചിപ്പിച്ചിരിക്കുന്നതു്. ഇതു നാടകീയമായ അതിശയോക്തിയായിരിക്കാം.

ഈ ലഹളയുടെ കാരണങ്ങളും മററും വിചാരണ ചെയ്യുന്നതിനായിട്ടു് നിയമിക്കപ്പെട്ട കമ്മീഷനിൽ തോമസ്‌മോറുമുണ്ടായിരുന്നു. ലഹളയുടെ ഉത്ഭവവും മററും സൂക്ഷ്മമായി ഗ്രഹിക്കുന്നതു പ്രകൃതത്തിനാവശ്യമില്ലാത്തതിനാൽ അതെല്ലാം നമുക്കിവിടെ വിട്ടുകളയാം. ഈ ലഹളയോടു അദ്ദേഹത്തിനു് ഇങ്ങനെയായെല്ലാമുണ്ടായ ബന്ധം തോമസ്‌മോറിനെ രാജ്യസേവനത്തിൽനിന്നു് ഒഴിയുവാൻ പാടില്ലാത്തവനാക്കിത്തീർത്തുവെന്നുള്ള വാസ്തവം മാത്രം നാമിവിടെ ഗ്രഹിച്ചാൽ മതി.

ലഹള സംബന്ധിച്ച കാര്യങ്ങളെല്ലാം അവസാനിച്ചതിൻെറ ശേഷം ഫ്രാൻസിലെ രാജാവുമായിട്ടു് ഒരു രഹസ്യ ഉടമ്പടി ചെയ്യേണ്ട കാര്യത്തെക്കുറിച്ചു് ആലോചിക്കുവാനായി ഹെൻറി തോമസ്‌മോറിനെ കലേയ് (Calais) എന്ന പട്ടണത്തിലേക്കയച്ചു. കലേയ് ഫ്രാൻസിലുള്ളതാണെങ്കിലും അക്കാലത്തു് ഇംഗ്ലീഷുകാരുടെ വകയായിരുന്നു. ഇംഗ്ലീഷുകാരും ഫ്രെഞ്ചുകാരും വളരെ വളരെ കാലത്തോക്കു് അന്യോന്യവൈരികളായിരുന്നു. തല്കാലീനങ്ങളായ ചില സാഹചര്യങ്ങളാൽ ഫ്രെഞ്ചുരാജാവുമായി സഖ്യമുണ്ടാക്കുന്നതു് ഉചിതമാണെന്നു ഹെൻറി വിചാരിച്ചു. നിത്യവൈരിയായ ഫ്രെഞ്ചുരാജാവിനെ വശംവദനാക്കിത്തീർക്കുന്നതിനു വിവേകിയും സമർത്ഥനുമായ ഒരു പ്രതിനിധി ആവശ്യമായിരുന്നു. അതികൃഛ്രമായ ഈ കാര്യത്തിനു് യോഗ്യൻ മോറാണെന്നു ഹെൻറി തീരുമാനിച്ചു. മോർ തൻെറ കൃത്യം തൃപ്തികരമായി നിർവഹിക്കയും ചെയ്തു.

ഈ കാൎയ്യത്തിനായി മോർ കലെയ്യിൽ താമസി ച്ചിരിക്കുമ്പോൾ ഇറാസ്മസും തൻെറയും മോറിൻെറയും സ്നേഹിതനായ പീററർ ജൈൽസും (Peter Giles) അൻറ്വേർപ്പിൽ (Antwerp) താമസിക്കയായിരുന്നു. മോറിനു ഒരു സമ്മാനം കൊടുത്തയയ്ക്കണമെന്നു ഇവർ നിശ്ചയിച്ചു. ഇവർ കൊടുത്തയച്ച സമ്മാനം ഒരു പ്രസിദ്ധ ചിത്രകാരനാൽ വരയ്ക്കപ്പെട്ടതായ ഇവരുടെ പടങ്ങൾ ആയിരുന്നു. ഈ സമ്മാനത്തിൽ മോർ അത്യന്തം സന്തുഷ്ടനായിത്തീൎന്നു; തൻെറ കൃതജ്ഞതയെ വിവരിക്കുന്നതായ ഒരു ലേഖനം അയക്കയും ചെയ്തു. "ഇറാസ്മസുമായുള്ള സഖ്യവും അദ്ദേഹത്തിൻെറ എഴുത്തുകളും പുസ്തകങ്ങളും പടങ്ങളുംകൊണ്ടു ഞാൻ വിദൂരങ്ങളായ യുഗങ്ങൾക്കു സമൎപ്പിതനായിത്തീരും.". എന്നു ആ എഴുത്തിൽ മോർ പ്രസ്താവിക്കുന്നു. തൻെറ സ്വന്തഗുണങ്ങൾകൊണ്ടു അനന്തരയുഗങ്ങൾക്കു താൻ ഇറാസ്മസിനെക്കാൾ വന്ദ്യനായിത്തീരുമെന്നു തോമസ്മോറിനു വിചാരമേയില്ല. മോറിൻെറ നാമം ഇംഗ്ലണ്ടിൻെറ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠമായിത്തീൎന്നു. ഇംഗ്ലീഷുസാമ്രാജ്യവും അതിൻെറ പ്രതാപവും കാലാന്തരത്തിൽ അന്തൎദ്ധാനം ചെയ്താലും തോമസ്മോറിൻെറ പ്രതിമയ്ക്കു കത്തോലിക്കാദേവാലയങ്ങളിൽ സ്ഥിരപ്രതിഷ്ഠയുണ്ടായിരിക്കും. തോമസ്മോർ അന്നു വിചാരിക്കുന്നതുപോലെ ഇറാസ്മസിൻെറ സമ്പൎക്കംകൊണ്ടു മോറല്ല, മോറിൻെറ സമ്പൎക്കംകൊണ്ടു ഇറാസ്മസാണു ലോകാവസാനംവരെ സ്മരണീയനായിത്തീൎന്നിരിക്കുന്നതു.

മോർ കലെയ്യിലെ ജോലി പൂൎത്തിയാക്കി ഇംഗ്ലണ്ടിൽ തിരിച്ചുവന്നതിൻെറശേഷം അദ്ദേഹത്തിൻെറ

സാമത്ഥ്യത്തെക്കുറിച്ച് ഹെൻറിക്കു കൂടുതൽ ബഹുമാനമുണ്ടായ മറെറാരു സംഗതി സംഭവിച്ചു. മാപ്പാപ്പായുടെ ഒരു കപ്പൽ സൌത്താംപ്റ്റൺ തുറമുഖത്തു് അടുക്കുന്നതിനു നിർബന്ധമായിത്തീൎന്നു. ഈ കപ്പലിൻെറ ഉടമസ്ഥതയെക്കുറിച്ച് എന്തൊ ഒരു തൎക്കമുണ്ടായിരുന്നു. ഈ വാദത്തിൽ മോർ മാപ്പാപ്പായുടെ പ്രതിനിധിയുടെ ദ്വിഭാഷിയും നിയമോപദേഷ്ടാവുമായിത്തീൎന്നു. മോർ ഈ കേസു നടത്തിയ വിധവും മാപ്പാപ്പായുടെ അവകാശം സ്ഥാപിക്കാനായി പ്രയോഗിച്ച യുക്തികളും ഹെൻറിയെ വളരെ സന്തോഷിപ്പിച്ചു. മോറിനെ തൻെറ ഉപദേശകസംഘത്തിൻെറ സാമാജികനാക്കണമെന്നു് ഈ കേസു കേട്ടുകൊണ്ടിരിക്കുന്നതിനിടയിൽ ഹെൻറി ഉറപ്പായി തീരുമാനിച്ചുവെന്നു് തോമസ് മോറിൻെറ ചരിത്രമെഴുതിയിട്ടുള്ളവരിൽ ഒരുവനും അദ്ദേഹത്തിൻെറ ജാമാതാവു(മാൎഗ്ഗറെററിൻെറ ഭൎത്താവു്)മായ റോപ്പെർ (Roper) പറയുന്നു.

ഇതുകഴിഞ്ഞു അധികകാലം കഴിയുന്നതിനുമുൻപു് രാജാവു് തോമസ് മോറിനെ തൻെറ കൌൺസിലിൻെറ ഒരംഗമായി നിയമിച്ച് യഥാവിധി വിശ്വാസ്യതാപ്രഖ്യാപനം ചെയ്യിച്ചു. ഈ കൌൺസിൽ ഇപ്പോഴത്തെ കാബിനെററിൻെറ (Cabinet) പൂൎവ്വഗാമിയായിരുന്നു. അതും ഇപ്പോഴത്തെ കാബിനെററും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഏററവും പ്രധാനമായതു് രാജാവു് കൌൺസിലിൻെറ അദ്ധ്യക്ഷനായിരുന്നുവെന്നുള്ളതാണു്. ഇപ്പോഴത്തെ കാബിനെററുപോലെ കൗൺസിലിനു രാജ്യകാൎയ്യങ്ങളിൽ ഉത്തരവാദിത്വമൊന്നുമില്ലായിരുന്നു. അദ്ധ്യവസേയങ്ങളായ കാൎയ്യങ്ങളെക്കുറിച്ച് കൌൺസിൽ

അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പറയുകയും രാജാവു് ഈ അഭിപ്രായങ്ങൾ കേട്ടതിന്റെ ശേഷം യുക്തമെന്നു തോന്നുന്നതു ചെയ്യുകയും ചെയ്തിരുന്നു. കൌൺസിൽ രാജാവിന്റെ ഒരു ഉപദേശകസംഘം മാത്രമായിരുന്നു.

കൌൺസിലിൽ രാജാവു തോമസ് മോറിനു കൊടുത്തതു് അഭ്യർത്ഥനാദ്ധ്യക്ഷൻ (Master of Requests) എന്ന ഉദ്യോഗമായിരുന്നു. രാജസന്നിധിയിൽ വരുന്ന ഹർജികൾ പരിശോധിച്ചു അവയിന്മേൽ തീരുമാനങ്ങൾ കല്പിക്കുകയും അസാധാരണ പ്രാധാന്യമുള്ളവയെ രാജാവിന്റെ സ്വന്തതീരുമാനത്തിനു സമർപ്പിക്കയും ചെയ്യുകയായിരുന്നു ഈ ഉദ്യോഗസ്ഥന്റെ കൃത്യം. ഈ ഉദ്യോഗസ്ഥൻ രാജാവിന്റെ സമീപത്തിൽ സർവ്വദാ ഉണ്ടായിരിക്കേണ്ടിയിരുന്നു. തന്മൂലം രാജാവിന്റെ യാത്രകളിൽ അദ്ദേഹത്തെ അനുഗമിച്ചു് രാജ്യത്തിന്റെ പലഭാഗങ്ങളിലും മോർ സഞ്ചരിക്കേണ്ടിയിരുന്നു. രാജാവും തോമസ് മോറും തമ്മിലുള്ള സമ്പർക്കം കൂടിയതനുസരിച്ചു് രാജാവിനു മോറിനോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിച്ചു. മോർ ഗൌരവാവഹങ്ങളായ കാര്യങ്ങളിൽ അഗാധജ്ഞാനത്തോടുകൂടിയ ഒരുപദേഷ്ടാവായിരുന്നുവെന്നുമാത്രമല്ല, വിനോദവേളകളിൽ തന്റെ സംഭാഷണചാതുര്യംകൊണ്ടു് ആഹ്ലാദകരനായ ഒരു സഹചരനുമായിരുന്നു. അതുകൊണ്ടു് തോമസ് മോർ കാര്യത്തിലും കളിയിലും രാജാവിനു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ആളായിത്തീർന്നു. ഹെൻറി, മോറിനെ കൊട്ടാരംവക ലത്തീൻപ്രാസംഗികനുമാക്കിത്തീർത്തു.

അക്കാലത്തു യൂറോപ്പുരാജ്യങ്ങളിൽ പണ്ഡിതയോഗ്യമായഭാഷ ലത്തീനായിരുന്നു. മഹാസദസ്സുകളിൽ രാജപ്രതിനിധിയായിട്ടു് ലത്തീനിൽ പ്രസംഗിക്കുകയായിരുന്നു കൊട്ടാരം പ്രാസംഗികന്റെ കൃത്യം. ഇതുകൂടാതെയും, ഹെൻറി ഒരു പണ്ഡിതനായിരുന്നതുകൊണ്ടു് മതസംബന്ധമായും മററുമുള്ള വിവാദങ്ങളിൽ ഏർപ്പെടാറുണ്ടായിരുന്നു. ഇതിലെല്ലാം ഹെൻറിയെ സഹായിക്കയെന്നുള്ളതും മോറിന്റെ കൃത്യങ്ങളിൽ ഒന്നായിത്തീൎന്നു. മതസംബന്ധമായി ഹെൻറി നടത്തിയ ഒരു പ്രധാന വിവാദത്തെ നാം ഈ ഗ്രന്ഥത്തിൽ മറെറാരിടത്തു പ്രതിപാദിക്കുന്നതായിരിക്കും. മോർ ശങ്കിച്ചിരുന്നതുപോലെ അദ്ദേഹത്തിന്റെ സമയവും സ്വാതന്ത്ര്യവുമെല്ലാം രാജാവിന്റെ ഇച്ഛയ്ക്കധീനമായി അദ്ദേഹം കേവലം പരതന്ത്രനായിത്തീൎന്നുവെന്നു മാത്രമേ ഇവിടെ പറയേണ്ടതുള്ളു.

൧൫൨൦ ഏപ്രിൽ മാസത്തിൽ ചക്രവൎത്തിയായ ചാറൽസ് പഞ്ചമനും ഹെൻറിയും തമ്മിലുണ്ടായ ഒരു വാണിജ്യസന്ധിയിൽ ഹെൻറിയുടെ പ്രതിനിധികളായി ഒപ്പു വച്ചവരിൽ ഒരുവൻ മോറായിരുന്നു. യൂറോപ്പിന്റെ ചരിത്രത്തിൽ ചക്രവൎത്തിയെന്നു പറയുന്നതിന്റെ അൎത്ഥം നാം ഗ്രഹിച്ചിരിക്കേണ്ടതാണു്. ക്രിസ്തുവിന്റെ കാലത്തു് റോമായിലെ ചക്രവൎത്തികൾ യൂറോപ്പുഖണ്ഡം മുഴുവനും കൂടാതെ ഏഷ്യായുടെയും ആഫ്രിക്കയുടെയും പല പ്രദേശങ്ങളിലും അധീശത്വം വഹിച്ചിരുന്നു; റോമാ ചക്രവൎത്തികൾ ഈ രാജ്യങ്ങളുടെയെല്ലാം ഏകഛത്രാധിപന്മാരായിരുന്നു. ഈ

ചക്രവർത്തികളിൽ ഒരുവനായ കോൺസ്റ്റന്തീനോസ് (കോൺസ്റ്റന്റൈൻ Constantine) നാലാം ശതാബ്ദത്തിൽ ക്രിസ്തുമതം സ്വീകരിച്ചു. യൂറോപ്പിലെ ജനങ്ങളിൽ വളരെപ്പേർ ഇതിനു മൻപു തന്നെ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. കോൺസ്റ്റന്തീനോസും അദ്ദേഹത്തിന്റെ അനന്തരന്മാരായ ചക്രവർത്തികളും ക്രിസ്ത്യാനികളായതിന്റെ ശേഷം അധികകാലം കഴിയുന്നതിനു മുൻപ് യൂറോപ്പിലെ ജനങ്ങളെല്ലാം തന്നെ ക്രിസ്ത്യാനികളായിത്തീർന്നു. റോമാ സാമ്രാജ്യത്തെ ക്രിസ്തീയ ചക്രവർത്തികൾ ഭരിക്കുവാൻ തുടങ്ങിയതിനു ശേഷം അതിനു വിശുദ്ധ റോമാസാമ്രാജ്യം (Holy Roman Empire) എന്നുള്ള പേരു സിദ്ധിച്ചു. ഇതിന്റെ ശേഷം കാലക്രമേണ യൂറോപ്പിലെ രാജ്യങ്ങളിൽ പലതിലും ചക്രവർത്തിയുടെ അധീശത്വത്തിൻ കീഴിലെങ്കിലും ശക്തിമാന്മാരായ രാജാക്കന്മാർ ആവിർഭവിച്ചു. ആദ്യകാലങ്ങളിൽ ഏകദേശം ജന്മാവകാശമനുസരിച്ചാണ് ചക്രവർത്തികൾക്കു സ്ഥാനം കിട്ടിയിരുന്നതു്. എന്നാൽ സാമന്തരാജാക്കന്മാർ ചക്രവർത്തിയോടും മൽസരിക്കത്തക്കവണ്ണം ശക്തിമാന്മാരായിത്തീർന്നപ്പോൾ ചക്രവർത്തിസ്ഥാനം ജന്മാവകാശമനുസരിച്ചുള്ള നിയമത്തിനു ഭംഗം വന്നു; ശക്തി കൂടിയവൻ ചക്രവർത്തി എന്നായി നടപ്പു്. ഈ നടപ്പു സർവ്വദാ കലഹകാരണമായിത്തീർന്നതിനാൽ സാമന്തരാജാക്കന്മാരിൽ ചിലർ കൂടി ഒരാളെ ചക്രവർത്തിയായി തിരഞ്ഞെടുക്കുക എന്നുള്ള നടപ്പുണ്ടായി. നമ്മുടെ പ്രതിപാദനത്തിനു വിഷയമായിരിക്കുന്ന കാലത്തു സ്പെയിൻ (Spain) രാജ്യത്തെ രാജാവായിരുന്ന ചാൾസ് പഞ്ചമൻ എന്ന അഭിധാനത്തിൽ

ചക്രവൎത്തിയായിരുന്നതു്. ഈ കാലത്തു് ചക്രവൎത്തി സ്ഥാനം അധികാരവിശേഷമൊന്നുമില്ലാത്ത വെറുമൊരു ബഹുമാനം മാത്രമായിരുന്നതിനാൽ ഹെൻറി, ചക്രവൎത്തിയുമായി ഒരു സന്ധിയുണ്ടാക്കി എന്നു പറയുന്നതിനു് സ്പെയിനിലെ രാജാവുമായിട്ടു ഒരു സന്ധിയുണ്ടാക്കിയെന്നേ അൎത്ഥമുള്ളു.

ഫ്രെഞ്ചുരാജാവുമായി ഒരു സഖ്യമുണ്ടാക്കുന്നതിനു ൧൫൨൫-ൽ ഹെൻറി തോമസ്മോറിനെ ഫ്രാൻസിലേക്കയച്ചുവെന്നു മുൻപു നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങനെയൊരു സഖ്യമുണ്ടാക്കിയതു് അന്നു ചാൻസെല്ലറായിരുന്ന കർദ്ദിനാൾ വൂൾസിയുടെ നിർബന്ധംകൊണ്ടായിരുന്നു. എന്നാൽ പണ്ടുപണ്ടേ തങ്ങൾക്കു് ഫ്രെഞ്ചുകാരോടുണ്ടായിരുന്ന വൈരം നിമിത്തം ഇംഗ്ലണ്ടിലെ ജനങ്ങൾ ഈ സഖ്യത്തെ അപലപിച്ചുതുടങ്ങി. ഫ്രെഞ്ചുകാരും സ്പെയിൻകാരും തമ്മിൽ പല വഴക്കുകളും ഉണ്ടായിരുന്നു. സ്പെയിൻകാരാണു് ഇംഗ്ലീഷുകാരുടെ ബന്ധുക്കൾ എന്നു് ഇംഗ്ലീഷുകാർ വിശ്വസിച്ചിരുന്നു. സ്വബന്ധുക്കൾക്കു് ദോഷകരമായ ഒരു സഖ്യം തങ്ങളുടെ രാജാവു് ഫ്രെഞ്ചുരാജാവുമായി ഉണ്ടാക്കിയതിൽ ജനങ്ങൾക്കു് ഒട്ടും തൃപ്തിയില്ലായിരുന്നു. ഈ തൃപ്തിക്കേടിനെ പരിഹരിക്കുന്നതിനായിട്ടും കൂടെയാണു് ഹെൻറി, ചാറൽസുമായി ഒരുടമ്പടിയുണ്ടാക്കിയതു്. ഈ കാൎയ്യം സാധിച്ചതിലും ഹെൻറിക്കു് മോറിന്റെ സഹായമുണ്ടായിരുന്നു.

൧൫൨൧-ൽ ഹെൻറി തോമസ്മോറിനെ അണ്ടർട്രെഷറർ (Under-Treasurer) ആയിട്ടു നിയമിച്ചു. ഈ പുതിയ ഉദ്യോഗത്തോടുകൂടെ അദ്ദേഹത്തിനു "സർ" എന്ന സ്ഥാനവുംകിട്ടി. ഇന്നത്തെ ചാൻസെല്ലർ ആഫ് ദി എക്സ്ചെക്കർ (Chancellor of the Exchequer)

ഉദ്യോഗത്തിനു സമമായിട്ടുള്ളതായിരുന്നു അന്നത്തെ അണ്ടർട്രെഷറർ ഉദ്യോഗം. അണ്ടർട്രെഷറർ ധനകാൎയ്യാദ്ധ്യക്ഷനായിരുന്നു.

ഈ ഉദ്യോഗം മോർ ഏകദേശം മൂന്നുവൎഷം വഹിച്ചിരുന്നു. ൧൫൨൩-ൽ അദ്ദേഹം പാർലമെന്റിൽ ജനസഭ (House of Commons) യുടെ സ്പീക്കർ (Speaker) അല്ലെങ്കിൽ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. അന്നു ജനസഭാദ്ധ്യക്ഷൻ രാജാവിന്റെ ഹിതംപോലെ ജനസഭയിൽ കാൎയ്യങ്ങൾ നടത്തിക്കൊള്ളണമെന്നായിരുന്നു വെപ്പ്. രാജാവിന്റെയും രാജപുരുഷന്മാരുടെയും പ്രേരണയനുസരിച്ചാണ് ജനപ്രതിനിധികൾ മിക്കവാറും സഭാദ്ധ്യക്ഷനെ തിരഞ്ഞെടുത്തിരുന്നതു്. മോറിനെ ജനസഭ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തതിൽ അന്നത്തെ ചാൻസെല്ലറായിരുന്ന വൂൾസിയുടെ പ്രേരണയുണ്ടായിരുന്നു. തോമസ് മോറിന്റെ സൌമ്യതയും നൎമ്മഭാഷണങ്ങളുംകൊണ്ടു് അദ്ദേഹം വൈതസവൃത്തിയായ ഒരു ഹിതവൎത്തിയായിരിക്കുമെന്നു വൂൾസിക്കു തോന്നിയിരിക്കാം. 'ധൎമ്മവും അധൎമ്മവും തമ്മിൽ സംഘട്ടനമുണ്ടാകുമ്പോൾ ധൎമ്മത്തിനുവേണ്ടി തന്റെ ആയുസ്സിനെപ്പോലും ബലികഴിക്കുന്നതിനു യാതൊരു മടിയുമില്ലാത്ത മഹാധീരനായിരുന്ന തോമസ് മോർ എന്നു കണ്ടു ബോധിക്കുന്നതുവരെ വൂൾസി ജീവിച്ചിരുന്നില്ല. മോർ ജനസഭയുടെ അദ്ധ്യക്ഷനായി വരിക്കപ്പെട്ടപ്പോൾ ജനപ്രതിനിധികളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിൽ ജാഗരൂകനായിത്തീൎന്നു. മോറിന്റെ ധൎമ്മനിഷ്ഠ നിമിത്തം വൂൾസിയുടെ ഒരു ധനാഭ്യൎത്ഥന ജനസഭയിൽ

പാസാകാതെ വന്നു. അതുനിമിത്തം വൂൾസിക്കു മോറിൽ അനുഭാവമില്ലാതെയായി. തൻെറ ധനാഭ്യർത്ഥന നിരാകരിക്കപ്പെട്ടതിൻെറശേഷം ഒരിക്കൽ വൂൾസി മോറിനോടിങ്ങനെ പറഞ്ഞു: "മി. മോർ, നിങ്ങളെ ഞാൻ സ്പീക്കറാക്കിയപ്പോൾ നിങ്ങൾ റോമായിലായിരുന്നെങ്കിൽ നന്നായിരുന്നേനെ." "തിരുമേനിക്കു രസക്കേടില്ലെങ്കിൽ, അതു് എനിക്കുമിഷ്ടമായിരുന്നേനെ" എന്നു് മോർ അതിനു മറുപടി പറഞ്ഞു. മോറിനെ വല്ല കണക്കിലും സ്പീക്കർസ്ഥാനത്തുനിന്നും മാററിയെങ്കിലേ തൻെറ അഭിലാഷമനുസരിച്ചു ജനസഭ നടക്കയുള്ളു വെന്നു് വൂൾസി നല്ലവണ്ണം മനസ്സിലാക്കിയതിൻെറ ശേഷം അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാററാനുള്ള വിദ്യകൾ നോക്കി. മോറിനെ രാജപ്രതിനിധിയായിട്ടു് സ്പെയിൻരാജാവിൻെറ പക്കൽ അയക്കണമെന്നു് വൂൾസി ഹെൻറിയോടു ശുപാർശചെയ്തു. എന്നാൽ ഹെൻറിക്കു് മോറിൽനിന്നു പല സാഹായ്യങ്ങളുമാവശ്യമായിരുന്നതുകൊണ്ടു് അദ്ദേഹത്തെ ദൂരദേശങ്ങളിലേക്കയയ്ക്കുന്നതിനു ഹെൻറി അനുവദിച്ചില്ല. രാജ്യകാര്യങ്ങളിൽ ഹെൻറി മോറിനോടു് ആലോചിക്കാറുണ്ടായിരുന്നു എന്നു മാത്രമല്ല തൻെറ വിശ്രമവേളകളിൽ മോറിൻെറസാന്നിദ്ധ്യം ആവശ്യപ്പെടുകയും ചെയ്തിരുന്നു; ആനന്ദദായകമായ മോറിൻെറ സംഭാഷണം അദ്ദേഹത്തെ അത്രയ്ക്കു വിനോദിപ്പിച്ചിരുന്നു. എന്നു മാത്രമല്ല, ഹെൻറിയുടെ സാഹിത്യപ്രയത്നങ്ങളിലും മതതത്വാദ്ധ്യയനങ്ങളിലും മോറിൻെറ ഉപദേശങ്ങൾ ഹെൻറി വിലമതിച്ചുമിരുന്നു.

പാർല്യമെൻറിൻെറ കാലാവധി കഴിഞ്ഞപ്പോൾ ഹെൻറി മോറിനെ ലൻകാസ്റ്റർപ്രഭുദേശവഴിയുടെ ചാൻസെല്ലറായി നിയമിച്ചു. ഇതിൻെറ കൂടെ മോർ അണ്ടർഷെരീഫർ സ്ഥാനവും വഹിച്ചിരുന്നു. ഈ കാലായാമത്തിൽ ഒരു ദിവസമാണ് ഹെൻറി അപ്രതീക്ഷിതനായിട്ടു സന്ധ്യയ്ക്കു് ചെൽസിയിൽ മോറിൻെറ വീട്ടിൽ ചെല്ലുകയും മോറിൻെറയും കുടുംബത്തിൻെറയും കൂടെ അത്താഴം കഴിക്കയും ചെയ്തതു്. അത്താഴം കഴിഞ്ഞതിൻെറ ശേഷം ഹെൻറിയും മോറും സംഭാഷണം ചെയ്തുകൊണ്ടു തോട്ടത്തിൽ നടന്നിരുന്നു. ഇങ്ങനെ നടക്കുമ്പോൾ ഹെൻറി മോറിൻെറ കഴുത്തിൽ ഒരു കൈകൊണ്ടു കെട്ടിപ്പിടിച്ചിരിക്കയായിരുന്നു. അപ്രതീക്ഷിതനായിട്ടു് രാജാവു് ഇങ്ങനെ വീട്ടിൽ വരുകയും അത്താഴം കഴിക്കയും ചെയ്തു എന്നുമാത്രമല്ല, മോറിനോടു ഈ വിധത്തിൽ പെരുമാറുകയും ചെയ്തതു് മഹാവാത്സല്യത്തിൻെറയും സൌഹാർദ്ദത്തിൻെറയും ലക്ഷണമായിരുന്നല്ലോ. തോട്ടത്തിൽ നടന്ന സംഭവം മോറിൻെറ കുടുംബാംഗങ്ങൾ വീട്ടിനുള്ളിൽ നിന്നു കാണുന്നുണ്ടായിരുന്നു. രാജാവു പോയിക്കഴിഞ്ഞപ്പോൾ മോറിൻെറ ജാമാതാവായ റോപ്പർ രാജാവിൻെറ ഈ പ്രസാദാതിരേകത്തിനു പാത്രമായതിൽ അദ്ദേഹത്തെ അനുമോദിച്ചു. അതിനു് മോർ മറുപടി പറയുകയാണു്: "തിരുമേനി എനിക്കൊരു നല്ല യജമാനനാണെന്നെനിക്കറിയാം. ഈ രാജ്യത്തിലെ പ്രജകളിൽ എന്നെ തിരുമേനി പ്രത്യേകം ബഹുമാനിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. എങ്കിലും, എൻെറ മകനായ

റോപ്പെർ! എനിക്കതിനെക്കുറിച്ച അഭിമാനിക്കാൻ കാരണമില്ല. എന്തുകൊണ്ടെന്നാൽ, എൻെറ തല കൊണ്ടു് ഫ്രാൻസിലെ ഒരു കോട്ട കൈക്കലാക്കാമെന്ന തിരുമേനിക്കു് തോന്നിയാൽ അതു പോകാതെയിരിക്കയില്ല." ഹെൻറിയുടെ പ്രസാദത്തിൽ നിമഗ്നനായിരിക്കുന്ന കാലത്തും അദ്ദേഹത്തിൻെറ സാക്ഷാൽ സ്വഭാവം മോറിനു നല്ലവണ്ണമറിയാമായിരുന്നു. സ്വാർത്ഥത്തിനു വേണ്ടി എത്ര വലിയ സൌഹാർദ്ദത്തെയും ബലികഴിക്കുവാൻ ഹെൻറി സന്നദ്ധനായിരുന്നു. തൻെറ ഇച്ഛയുടെ മാർഗ്ഗത്തിൽ പ്രതിബന്ധമായി വരുന്നവരുടെ മേൽ ദോഷാരോപണം ചെയ്തു് അവരുടെ തലവെട്ടുന്ന ആ കാര്യപരിപാടി ഹെൻറി ആരംഭിച്ചിട്ടില്ലാഞ്ഞപ്പോഴും അദ്ദേഹത്തിൽ ആ സ്വഭാവം അന്തർഭവിച്ചിരിപ്പുണ്ടെന്ന മോർ ഗ്രഹിച്ചിരുന്നു. മോർ ഉദ്ദേശിച്ചതുപോലെ പ്രാണസുഹൃത്തായ തൻെറ തല തന്നെ വെട്ടുന്നതിനു് ഹെൻറി മടിച്ചില്ല.

൧൫൨൯-ൽ ഹെൻറി, തോമസ്സ് മോറിനെ തൻെറ ചാൻസെല്ലറായി നിയമിച്ചു. ഇതിനു മുൻപായി മുൻ വിവരിക്കപ്പെട്ടിട്ടുള്ളവ കൂടാതെ ചില സഖ്യങ്ങൾ സമ്പാദിക്കുന്നതിനായി ഹെൻറി മോറിനെ തൻെറ പ്രതിനിധിയായി നിയമിക്കയുണ്ടായി. ഹെൻറിക്കു് തൻെറ പ്രഥമഭാര്യയായിരുന്ന കാതെറയിനിൽ (Katherine) വിരക്തിയുണ്ടായതും ആ ഭാര്യയെ ഉപേക്ഷിക്കാൻ ചെയ്ത ശ്രമങ്ങളും വിശദമായി മേൽ നാം കാണുന്നതായിരിക്കും. തനിക്കു വിവാഹമോചനം ലഭിക്കുന്ന കാര്യത്തിൽ ചാൻസെല്ലറായിരുന്ന കർദ്ദിനാൾ വൂൾസി വേണ്ടവിധത്തിൽ പ്രയത്നിച്ചില്ലെന്നുള്ള കാരണത്തിന്മേൽ ഹെൻറി അദ്ദേഹത്തെ ആ ജോലിയിൽ

നിന്നും നീക്കി. ചാൻസെല്ലർ സ്ഥാനത്തിന്റെ പ്രധാനചിഹ്നം മഹാമുദ്ര (Great Seal) എന്നു വ്യവഹരിക്കപ്പെടുന്ന രാജമുദ്ര കൈവശം വെച്ചുകൊണ്ടിരിക്കയെന്നുള്ളതായിരുന്നു. ൧൫൨൯ ഒക്ടോബർ ൧൭-ാംതീയതി ഈ മുദ്ര വൂൾസിയുടെ പക്കൽ നിന്നും ഹെൻറി തിരിച്ചു വാങ്ങി; തല്ക്കാലത്തേക്ക് മുദ്ര നോർഫോക്ക പ്രഭുവിന്നു ഏല്പിച്ചു. വൂൾസിയുടെ അനന്തരൻ ആരായിരിക്കുമെന്നുള്ള ജിജ്ഞാസ രാജ്യകാര്യതല്പരന്മാരിൽ തിളച്ചുതുടങ്ങി. ഇങ്ങനെയിരിക്കയിൽ ഒക്ടോബർ ൨൫-ാംതീയതി സർ തോമസ് മോറിനെ ഹെൻറി ചാൻസെല്ലറായി പ്രഖ്യാപനം ചെയ്തു. * ചക്രവർത്തിയുടെ പ്രതിനിധിയായി ലണ്ടനിൽ താമസിച്ചിരുന്ന

---

* മോറിന്റെ ഈ നിയമനത്തെക്കുറിച്ചു ഷേക്സ്പിയറിന്റെ ഒരു നാടകത്തിൽ കാണുന്ന പ്രസ്താവന സ്മരണീയമായിരിക്കുന്നു:—

"*Cromwell.* The next is that Sir Thomas
More is chosen
Lord Chancellor in your place.
*Wolsey.* That's somewhat sudden:
But he's a learned man. May he continue
Long in his highness' favour, and do justice
For truth's sake and his conscience; that his
bones,
When he has run his course and sleeps in
blessings,
May have a tomb of orphans' tears wept
on 'em!"

*King Henry VIII; Act III; Scene* 2.

ഷാപ്പൂയി (Chapuys) ആ തീയതിയിൽ ഇങ്ങനെ എഴുതുന്നു: "ചാൻസെല്ലറിന്റെ മുദ്ര ഇന്നു കാലത്തുവരെ നോർഫൊക്ക പ്രഭുവിന്റെ കൈവശമിരിക്കയായിരുന്നു; ഇന്നു് സർ തോമസ്മോറിന്റെ കൈവശത്തിലേക്കു മാററിയിരിക്കുന്നു. ഈ ഉദ്യോഗകയററത്തിൽ എല്ലാവരും സന്തുഷ്ടരായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹം സത്യവാനും പണ്ഡിതനും രാജ്ഞിയുടെ ഉത്തമഭൃത്യനുമാകുന്നു." ഇവിടെ രാജ്ഞിയെന്നു പറഞ്ഞിരിക്കുന്നതു് ഹെൻറിയുടെ ഭാര്യ കാതെറയിനിനെ ഉദ്ദേശിച്ചാണു്. കാതെറയിൻ, ചക്രവർത്തിയുടെ മാതൃഷ്വസാവായിരുന്നു. രാജ്ഞിയോടു് അനുകമ്പയുള്ള ഒരുവൻ ചാൻസെല്ലറായി തീർന്നതിൽ ചക്രവർത്തിയുടെ പ്രതിനിധിക്കുണ്ടായ സന്തോഷം നമുക്കു മനസ്സിലാക്കാം. എന്നാൽ രാജ്ഞിയെ ഉപേക്ഷിക്കാൻ പ്രയത്നങ്ങൾ ചെയ്തുകൊണ്ടിരുന്ന ഹെൻറി, രാജ്ഞിയോടനുകമ്പയുണ്ടായിരുന്ന തോമസ്മോറിനെ ചാൻസെല്ലറായി നിയമിച്ചതിന്റെ ഉദ്ദേശം ഗഹനമായിരിക്കുന്നു. തന്റെ ആ പ്രയത്നത്തിൽ തോമസ്മോറിനു യാതൊരു പ്രതിബന്ധവുമുണ്ടാകാൻ സാധിക്കയില്ലെന്നുള്ള ബോധവും അദ്ദേഹം സമർത്ഥനായ ഒരു ചാൻസെല്ലറായിരിക്കുമെന്നുള്ള ഉറപ്പുംകൊണ്ടുമായിരിക്കാം ഹെൻറി അദ്ദേഹത്തെ ചാൻസെല്ലറായി നിയമിച്ചതു്.

മഹാമുദ്ര കൈമാററം ചെയ്യുന്നതിനായി കൂടിയ സദസ്സിൽ വെച്ചു് തോമസ്മോറിനെ അനുമോദിച്ചു നോർഫൊക്ക പ്രഭു ഇങ്ങനെ പറഞ്ഞു: "പ്രഭുവർഗ്ഗത്തിൽ പെടാത്തവനും ഭാര്യയും മക്കളുമുള്ളവനുമായ ഒരു

ലൌകികന്ന ഈ പദവി നല്കിയിരിക്കുന്നതു് അത്ഭുതകരവും അസാധാരണവുമായ ഒരു സംഗതിയാണെന്ന പക്ഷെ പലക്കും തോന്നിയേക്കാം; എന്തുകൊണ്ടെന്നാൽ ഇതേവരെ സവിശേഷം പണ്ഡിതന്മാരായ പുരോഹിതന്മാരൊ ഉന്നതങ്ങളായ പ്രഭുകുലങ്ങളിലെ ആളുകളൊ അല്ലാതെ ഈ പദവി അനുഭവിച്ചിട്ടില്ല." തോമസ് മോറിന്ന ലഭിച്ച സ്ഥാനം അക്കാലത്തെ പതിവനുസരിച്ചു് സുലഭമല്ലായിരുന്നുവെന്നും എന്നാൽ മോറിന്റെ ഗുണഗണങ്ങൾകൊണ്ടു് അദ്ദേഹം അതു സാക്ഷാൽ അർഹിച്ചിരുന്നുവെന്നും ഈ പ്രസ്താവത്തിൽനിന്ന നമുക്കു മനസ്സിലാക്കാം. എന്നാൽ മോർ, ഹെൻറി തന്റെ സ്കന്ധത്തിൽ ആരോപിച്ച ഈ ഭാരത്തെ എങ്ങനെ വീക്ഷിച്ചിരുന്നുവെന്നുള്ളതു് അദ്ദേഹത്തിന്റെ മറുപടിയിൽനിന്നും കാണാം. "വിജ്ഞനും ബഹുമാന്യനുമായ ഒരു പുരോഹിതന്റെ ഈയിടെയുണ്ടായ പതനത്തെക്കുറിച്ചാലോചിക്കുമ്പോൾ ഈ പദവിയെക്കുറിച്ച സന്തോഷിക്കാൻ ഞാൻ കാരണം കാണുന്നില്ല." എന്നു് മോർ തന്റെ മറുപടിയിൽ പ്രസ്താവിച്ചു. വുൾസിയെ സ്ഥാനത്തുനിന്നും നീക്കിയതിൽ ഹെൻറി പ്രദർശിപ്പിച്ച നയത്തെ ചൂണ്ടി ഇങ്ങനെ പരസ്യമായി പ്രസ്താവിച്ചയാൾ ധീരനായിരിക്കണമല്ലൊ. ഹെൻറി തന്നോടു കാണിക്കുന്ന വാത്സല്യവും ബഹുമാനവുമെല്ലാം അവസാനത്തിൽ തന്റെ വിനാശത്തിനായി പരിണമിക്കുമെന്നുള്ള ആ പൂർവ്വബോധം മോർ ഈ പ്രസ്താവത്തിലും പ്രദർശിപ്പിക്കുന്നു.

# നാലാമദ്ധ്യായം

## സർ തോമസ് മോറും ഹെൻറിയും തമ്മിൽ അഭിപ്രായവ്യത്യാസം

---

ഹെൻറി തോമസ് മോറിനെ ചാൻസെല്ലറായി നിയമിച്ച കാലത്തു് തന്റെ മനസ്സിനെ ബാധിച്ചിരുന്ന കാര്യങ്ങളിൽ ഏററവും പ്രധാനമായതു് തന്റെ വിവാഹമോചനമായിരുന്നു. ഈ കാര്യത്തിൽ വുൾസി ആത്മാത്ഥമായി ഉത്സാഹിക്കുന്നില്ലെന്നുള്ള കാരണത്താലാണു് ഹെൻറി അദ്ദേഹത്തെ ചാൻസെല്ലർ സ്ഥാനത്തുനിന്നു് നീക്കിയതു്. ഇതിനു രണ്ടുവഷം മുൻപു് ഹെൻറിയും മോറും തമ്മിൽ വിവാഹമോചനത്തെ സംബന്ധിച്ചു് ഒരു രഹസ്യസംഭാഷണമുണ്ടായി. ക്രിസ്തീയശാസനങ്ങളാൽ നിഷിദ്ധമായ ആ ഉദ്യമം സ്പൃഹണീയമല്ലെന്നു് മോർ അന്നു ഹെൻറിയെ ഉപദേശിച്ചു. എന്നിട്ടും ഹെൻറി തന്റെ ഉദ്യമം തുടന്നു കൊണ്ടിരിക്കയായിരുന്നു. ക്രിസ്തീയധമ്മങ്ങളിൽ നിന്നു രേഖാമാത്രംപോലും വ്യതിചലിക്കാത്തവൻ എന്നു സവ്വരാലും ഗണിക്കപ്പെട്ടിരുന്ന മോറിനെ ഹെൻറി ചാൻസെല്ലറായി നിയമിച്ചതിൽ നിന്നും അദ്ദേഹം തന്റെ വിവാഹമോചനോദ്യമത്തെ ഉപേക്ഷിക്കാനാണൊരുങ്ങുന്നതെന്നു് അന്നു പലരും ഊഹിച്ചിരുന്നു. എന്നാൽ ഹെൻറിയുടെ പിന്നീട്ടുള്ള നടപടികളിൽ നിന്നും ഈ ഊഹം അബദ്ധമായിരുന്നുവെന്നു സ്പഷ്ടമാണല്ലൊ. പിന്നെ എന്തിനാണു് ധമ്മ

ശാസ്ത്രത്തിൽ വൈതസവൃത്തിയായിരുന്ന വൂൾസിയുടെ സ്ഥാനത്തിൽ വജ്ഞവൃത്തിയായ മോറിനെ നിയമിച്ചതു്?

സാധാരണന്മാർക്കു് അപ്രാപ്യമായ ആ മഹാപദവിയുടെ ദാനംകൊണ്ടു് മോറിനെ പ്രലോഭനം ചെയ്തു വശംവദനാക്കാമെന്നായിരുന്നു ഹെൻറിയുടെ ഉദ്ദേശം. നോർഫോക്കു പ്രഭു ആ സ്ഥാനത്തിന്റെ മഹത്വത്തെ പ്രകീർത്തിച്ചു മോറിനെ അനുമോദിച്ചതുതന്നെ ഹെൻറിയുടെ പ്രേരണകൊണ്ടായിരുന്നിരിക്കാം. രാജാവിന്റെ ഈ മഹാപ്രസാദത്തിനു പാത്രമായവൻ അതിനെക്കുറിച്ചു കൃതജ്ഞനാകാതിരിക്കുമോ? എന്നായിരുന്നു ഹെൻറിയുടെ ആലോചന. മനുഷ്യരായി ജനിച്ചവരിൽ മിക്കവരെയും രാജപ്രസാദം ആകർഷിച്ചു് വിധേയരാക്കിത്തീർക്കുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ മനുഷ്യരിൽ ചില അതിമാനുഷന്മാരുമുണ്ടു്. ധർമ്മപഥത്തിൽ നിന്നു് അവരെ യാതൊരു ശക്തിയും അപവഹിക്കുകയില്ല. ഈ അതിമാനുഷന്മാരിലൊരുവനായിരുന്നു തോമസ് മോർ. ഹെൻറിയുടെ സഹചരനായിരുന്ന മോറിനു് ഹെൻറി തന്റെ വിവാഹമോചനപ്രയത്നം ഉപേക്ഷിച്ചിട്ടില്ലെന്നു അറിയാമായിരുന്നു. ആ കാര്യത്തിൽ തനിക്കു ഹെൻറിയെ അനുകൂലിക്കാൻ നിവൃത്തിയില്ലെന്നും മോറിനു അറിയാമായിരുന്നു. ഇതുകൊണ്ടായിരിക്കണം നോർഫോക്കു പ്രഭുവിന്റെ അഭിനന്ദനത്തിന് മുൻ അദ്ധ്യായത്തിൽ വിവരിച്ചപ്രകാരം മോർ മറുപടി പറഞ്ഞതു്.

മോറിന്റെ ജീവചരിത്രത്തിന്റെ അവസാനഘട്ടം ശരിയായി ഗ്രഹിക്കുന്നതിനു ഹെൻറിയുടെ വിവാഹമോചനപ്രസ്ഥാനത്തിന്റെ സ്വഭാവം ഇവിടെ

പ്രതിപാദിക്കപ്പെടേണ്ടിയിരിക്കുന്നു. ഹെൻറിയുടെ ജ്യേഷ്ഠനായിട്ട് ആർത്തർ (Arthur) എന്നൊരു രാജകുമാരനുണ്ടായിരുന്നു. ആ രാജകുമാരനാണ് കാതെറയിനിനെ ആദ്യം വിവാഹം ചെയ്തിരുന്നതു്. വിവാഹം കഴിഞ്ഞു് അധികം താമസിയാതെ ആർത്തർ കാലഗതിയെ പ്രാപിച്ചു. അതിന്റെ ശേഷം ആർത്തറിന്റെ വിധവയായിരുന്ന കാതെറയിനിനെ ഹെൻറി വിവാഹംചെയ്തു. ക്രിസ്തീയനിയമപ്രകാരം സഹോദരന്റെ വിധവയെ വിവാഹം ചെയ്യുന്നതു് നിഷിദ്ധമാണു്. എന്നാൽ സാധാരണ നിയമപ്രകാരം നിഷിദ്ധകളായ സ്ത്രീകളെ മതാധിപതിയായ പാപ്പായുടെ അനുവാദത്തോടുകൂടെ വിവാഹം ചെയ്യുകയുമാകാം. ഇങ്ങനെ അനുവാദം വാങ്ങിച്ചാണു് ഹെൻറി കാതെറയിനിനെ വിവാഹം ചെയ്തതു്. ഇവർ ഇരുപതു വർഷത്തോളം ഭാര്യാഭർത്താക്കന്മാരായി ജീവിച്ചിരുന്നു; ഇവർക്കു അപത്യങ്ങളുമുണ്ടായി. ഇങ്ങനെയിരിക്കയിലാണു് കാതെറയിനുമായുള്ള വിവാഹത്തിൽനിന്നു മോചനം ലഭിക്കണമെന്നു ഹെൻറി ആഗ്രഹിച്ചുതുടങ്ങിയതു്.

ക്രിസ്ത്യാനികളെ നിയന്ത്രിക്കുന്ന മതനിയമങ്ങളെ പ്രധാനമായി രണ്ടുതരങ്ങളായിട്ടു വിഭജിക്കാം. ചില നിയമങ്ങൾ ദിവ്യപുരുഷന്മാരാലൊ ക്രിസ്തുവിനാൽ തന്നെയോ ഉപദിഷ്ടങ്ങളും തന്മൂലം ദിവ്യങ്ങളുമാണു്. മററു ചില നിയമങ്ങൾ ആവശ്യകങ്ങളാണെന്നു മനുഷ്യബുദ്ധിക്കു തോന്നുകയാൽ സ്വീകൃതങ്ങളായിട്ടുള്ളവയാണ്. ഇങ്ങനെയുള്ള നിയമങ്ങളെ പൌരുഷേയങ്ങൾ എന്നു നമുക്കു വ്യവഹരിക്കാം; ആദ്യം പറഞ്ഞവയെ

ശ്രൌതങ്ങളെന്നും. ശ്രൌതങ്ങളല്ലായ നിയമങ്ങളിൽ നിന്ന വ്യതിയാനം ചെയ്യുന്നതിന്ന അനുവാദം കൊടുക്കാൻ അധികാരമുള്ളവനായിട്ട് ഈ ഭൂമിയിൽ ആരുമില്ല. എന്നാൽ പ്രത്യേകം വല്ല കാരണവുമുണ്ടെങ്കിൽ ഒരു പൌരുഷേയനിയമത്തിൽനിന്ന് വ്യതിയാനം ചെയ്യുന്നതിന്ന അനുവാദം തരാൻ, പരിപൂർണ്ണമായ അധികാരമുള്ള ഒരു മനുഷ്യാധികാരിക്ക പാട്ടുള്ളതാകുന്നു. ക്രിസ്ത്യാനിമതത്തെ ബാധിക്കുന്ന സകല പൌരുഷേയ നിയമങ്ങളുടേയും അധികാരി മാർപ്പാപ്പായാണെന്നാണ് കത്തോലിക്കരുടെ വിശ്വാസം. ഹെൻറിയുടെ കാലത്ത് യൂറോപ്പിലെ ക്രിസ്ത്യാനികളെല്ലാം കത്തോലിക്കരായിരുന്നു. വിവാഹത്തെ സംബന്ധിക്കുന്ന സകല പൌരുഷേയ നിയമങ്ങളുടേയും പരമാധികാരി മാർപ്പാപ്പായാണെന്നുള്ളത് അന്ന് യൂറോപ്പിൽ സർവസമ്മതമായിരുന്നു. വിവാഹം ആമരണം നിലനില്ക്കുന്ന ഒരു ബന്ധമാണെന്നു ക്രിസ്തു ഉപദേശിച്ചിട്ടുണ്ട്. ഇതു് ഒരു ദിവ്യ നിയമമായതുകൊണ്ട് യഥാർത്ഥമായ ഒരു വിവാഹത്തിൽ നിന്ന് ആരെയും മോചിക്കുന്നതിന്ന്, യാതൊരു മനുഷ്യാധികാരിക്ക അധികാരമില്ല; മാർപ്പാപ്പായ്ക്കും അധികാരമില്ല. എന്നാൽ ഒരുവൻ തന്റെ സഹോദരന്റെ ഭാര്യയായിരുന്ന സ്ത്രീയെ വിവാഹം ചെയ്തുപോകരുതെന്നു ക്രിസ്തു ഉപദേശിച്ചിട്ടില്ല. സഹോദരഭാര്യയെ വിവാഹം ചെയ്യരുതെന്നുള്ളതു് ക്രിസ്തീയസഭ തന്നിൽ തന്നെ ആരോപിച്ചിട്ടുള്ള ഒരു നിയമമാണ്. ആ നിയമത്തിന്റെ പരമാധികാരി പാപ്പായായിരുന്നു; അതിൽ നിന്ന വ്യതിയാനം അദ്ദേഹത്തിന്ന് അനുവദിക്കാമാ

യിരുന്നു. ഹെൻറി കാതെറയിനിനെ തന്നെ വിവാഹം ചെയ്യുന്നതു് വലിയ ഒരു രാഷ്ട്രീയാവശ്യമാണെന്നു് ഇവരുടെ രക്ഷാകത്താക്കൾ മാപ്പാപ്പായെ ധരിപ്പിച്ചു് അതിനു് അനുവാദം വാങ്ങിച്ചിട്ടുണ്ടായിരുന്നു. ഈ അനുവാദപ്രകാരം ഹെൻറിയും കാതെറയിനും തമ്മിലുള്ള വിവാഹം യഥാൎത്ഥമായ ഒരു വിവാഹമായിരുന്നു.

എന്നാൽ ഇരുപതു സംവത്സരം ഹെൻറി കാതെറിയിനിൻെറ കൂടെ ഭത്താവായിട്ടു താമസിച്ചതിൻെറ ശേഷം തൻെറ വിവാഹം അസാധുവാണെന്നു അദ്ദേഹം വാദിക്കുവാൻ തുടങ്ങി. അക്കാലത്തു് കാതെറിയിനിൻെറ തോഴിമാരുടെ കൂട്ടത്തിൽ ആൻബോലിൻ (Anne Boleyn) എന്നു പേരായിട്ടു് അതിസുന്ദരിയായ ഒരു യുവതിയുണ്ടായിരുന്നു. കാതെറിയിനിൻെറ വൎദ്ധമാനമായ വാൎദ്ധക്യവും ആൻബോലിനിൻെറ രമണീയമായ താരുണ്യവുമാണു് ഹെൻറിയുടെ മനസ്സിൽ ഈ ആലോചനയെ ഉത്ഭവിപ്പിച്ചതെന്നാണു് ചരിത്രകാരന്മാർ പറയുന്നതു്. എന്നാൽ ഹെൻറി തന്നെ പറഞ്ഞിരുന്നതു്, തനിക്കു ആൺകുട്ടികളുണ്ടാകാത്തതു് തൻെറ ജ്യേഷ്ഠൻെറ ഭാൎയ്യയെ വിവാഹംചെയ്തുകൊണ്ടുണ്ടായ അധൎമ്മത്തിനു് ദൈവം നല്കിയിരിക്കുന്ന ശിക്ഷയാണെന്നും ആ അധൎമ്മത്തിൽ താൻ മേലാൽ വൎത്തിക്കയില്ലെന്നുമായിരുന്നു. അതുകൊണ്ടു് തന്നെ വിവാഹത്തിൽ നിന്നു മോചിക്കണമെന്നു് ഹെൻറി മാപ്പാപ്പായോടപേക്ഷിച്ചു. എന്നാൽ സഹോദരഭാൎയ്യയെ വിവാഹം ചെയ്യരുതെന്നുള്ള പൊതുഷേധനിയമത്തിൽനിന്നു് മുക്തനായിട്ടു ഹെൻറി കാതെറയിനിനെ വിവാഹം ചെയ്തിരുന്നതിനാൽ ആ

3434

വിവാഹം സർവഥാ സാധുവും വിവാഹം ആമരണം അഭഞ്ജനീയമെന്നുള്ള ദിവ്യനിയമത്തിന് അധീനവുമായിരുന്നു. ആ ദിവ്യനിയമത്തിൽ നിന്നു ഹെൻറിയെ മോചിക്കുന്നതിനു മാർപാപ്പായ്ക്കു് അധികാരമില്ലായിരുന്നു. ഈ കാരണത്താൽ ഈ കാര്യത്തിൽ പാപ്പാ തന്നെ അനുകൂലിക്കാതിരുന്നതു് പക്ഷപാതം നിമിത്തമാണെന്നു വ്യാഖ്യാനിച്ചുകൊണ്ടു് ഹെൻറി പ്രകൃത്യാ തനിക്കുണ്ടായിരുന്ന വാശിയോടും ക്രൂരതയോടുംകൂടെ ദീർഘമായ ഒരു അധർമ്മശൃംഖലയെ നിർമ്മിച്ചു.

ചില ചരിത്രകാരന്മാർ ഈ പ്രശ്നത്തിന്റെ സ്വഭാവം ശരിയായിട്ടു മനസ്സിലാക്കാതെ മാർപാപ്പായിൽ പക്ഷപാതം ആരോപിച്ചിട്ടുണ്ടു്. അന്നത്തെ ചക്രവർത്തി കാതെറയിനിന്റെ സ്വന്ത്രീയനായിരുന്നതിനാൽ അദ്ദേഹത്തോടുള്ള പക്ഷപാതം കൊണ്ടാണു് പാപ്പാ ഹെൻറിയുടെ അപേക്ഷയെ നിരാകരിച്ചതെന്നാണു് അവർ ഘോഷിക്കുന്നതു്. യഥാർത്ഥത്തിൽ സാധുവായ ഒരു വിവാഹത്തിൽനിന്നു രാജാവിനെയാകട്ടെ ഭിക്ഷുവിനെയാകട്ടെ മോചിക്കുവാൻ പാപ്പായ്ക്കധികാരമില്ല. പാപ്പാ ചിലരെ വിവാഹത്തിൽ നിന്നു മോചിച്ചിട്ടുണ്ടെന്നും മോചിക്കാറുണ്ടെന്നും തത്വവിവേചനം ചെയ്യാത്ത ചിലർ പ്രസ്താവിക്കാറുണ്ടു്. ഇതു് അബദ്ധമാണു്. ഒരു വിവാഹം സാധുവാണോ അല്ലയോ എന്നുള്ള പ്രശ്നത്തിൽ മാർപാപ്പാ തീരുമാനം ചെയ്യാറുണ്ടു്. വിചാരണയുടെ ഫലമായി ഒരു വിവാഹം സാധുവല്ലെന്നു മാർപാപ്പാ തീരുമാനിച്ചാൽ ആ വിവാഹത്തിൽനിന്നു ഇരുകക്ഷികളും വിമുക്തരായിത്തീരുന്നു.

ഒരു വിവാഹം അസാധുവാണെന്നു തീരുമാനിക്കുന്നതും സാധുവായ വിവാഹത്തിൽനിന്നു ഒരു കക്ഷിയെ മോചിക്കുന്നതും തമ്മിൽ സ്പഷ്ടമായി വ്യത്യാസമുണ്ടല്ലോ. ഈ വ്യത്യാസം മനസ്സിലാക്കാതെയോ മനസ്സിലായിട്ടും അതിനെ അവഗണിച്ചോ ആണു് ചില ചരിത്രകാരന്മാർ പക്ഷപാതംമൂലമാണ് പാപ്പാ ഹെൻറിയെ അനുകൂലിക്കാഞ്ഞതെന്നു പറയുന്നതു്.

മാർപ്പാപ്പാ തന്റെ അഭിലാഷത്തിനു വിധേയനാകുന്നില്ലെന്നു കണ്ടപ്പോൾ പ്രതിക്രിയകൊണ്ടു് അദ്ദേഹത്തെ വശംവദനാക്കുന്നതിനു് ഹെൻറി ആരംഭിച്ചു. മാർപാപ്പായ്ക്കും ഇംഗ്ലണ്ടിലെ വൈദികന്മാർക്കും ചില ഭോഗങ്ങൾ കിട്ടുന്നതിനു് അവകാശമുണ്ടായിരുന്നു. ഈ ഭോഗങ്ങൾ കൊടുക്കുന്നതു് നിയമവിരുദ്ധമായിരിക്കുമെന്നു് ഹെൻറി പാർലമെൻറിനെക്കൊണ്ടു ഒരു നിയമമുണ്ടാക്കിച്ചു. പാപ്പായുടെ ഭോഗം നിൎത്തിക്കളയുമെന്നു ഭയപ്പെടുത്തിയാൽ അദ്ദേഹം വിവാഹമോചനത്തിനു് അനുവാദം തന്നുകൊള്ളുമെന്നായിരുന്നു ഹെൻറിയുടെ പ്രതീക്ഷ. ഇങ്ങനെ നിയമമുണ്ടാക്കിയെങ്കിലും പാപ്പാ തന്റെ ഹിതത്തെ അനുകൂലിക്കുന്ന പക്ഷം ഭോഗങ്ങളെല്ലാം പതിവുപോലെ കൊടുത്തുകൊള്ളാമെന്നു നോർഫോക്കു പ്രഭുവിനെ അയച്ചു ഹെൻറി പാപ്പായുടെ പ്രതിനിധിയെ ധരിപ്പിക്കയും ചെയ്തു. എന്നാൽ,

"സ്ഥാതും നിയോക്തുൎനഹിശക്യമഗ്രേ
വിനാശ്യരക്ഷ്യം സ്വയമക്ഷതേന"

എന്നു് കാളിദാസൻ പറഞ്ഞിട്ടുള്ളതുപോലെ ക്രിസ്തു പാപ്പായുടെ സംരക്ഷണത്തിനേൽപ്പിച്ചിരുന്ന ധൎമ്മത്തെ

അത്ഥനാശമുണ്ടായാലും കൈവിടുന്നതിനു പാപ്പായ്ക്കു് നിവൃത്തിയില്ലായിരുന്നു. എങ്കിലും ഇംഗ്ലണ്ടിലെ വൈദികന്മാരിൽ മിക്കവരുടേയും മനോവൃത്തി ഈ വിധത്തിലല്ലായിരുന്നു. ഹെൻറി അവരിൽ പ്രയോഗിക്കുന്നതിനു് നിമ്മിച്ച അസ്ത്രം അവരെ തനിക്കു് വിധേയരാക്കിത്തീത്തു. ഇംഗ്ലണ്ടിലെ സഭാഭരണം സംബന്ധിച്ചു് യാതൊരു നിയമവും തന്റെ സമ്മതം കൂടാതെ ഉണ്ടാക്കരുതെന്നു ഹെൻറി നിർബന്ധിച്ചു. ഫിഷർ, വേറേഹാം എന്നിവർ കാൻറർബറിയിലെ മെത്രാപ്പോലീത്തായുൾപ്പെടെ വൈദികരിൽ ബഹുഭൂരിപക്ഷവും ഹെൻറിയുടെ ഈ നിയമമനുസരിച്ചുകൊള്ളാമെന്നു സമ്മതിച്ചു. ലൌകികാധികാരികൾ സഭാഭരണ കാൎയ്യങ്ങളിൽ നിയന്താക്കളായിത്തീരുന്നതു കത്തോലിക്കാ സഭയുടെ ആദശത്തിനു വിപരീതമാണു്. വൈദികന്മാർ ഹെൻറിയുടെ അധമ്മ്യമായ ഈ നിയമത്തിനു സമ്മതം കൊടുത്ത അന്നുതന്നെ തോമസ് മോർ തന്റെ ചാൻസെല്ലർ സ്ഥാനവും രാജിവെച്ചു. അധമ്മ്യമായ ഒരു ഭരണത്തിൽ ഭാഗഭാക്കാകുന്നതിനു് മോറിന്റെ ധമ്മബുദ്ധി അദ്ദേഹത്തെ അനുവദിച്ചില്ല.

മോറിന്റെ ഈ രാജി തന്റെ കാലക്ഷേപമാൎഗ്ഗത്തെ സാരമായി സ്പർശിക്കുന്നതായിരുന്നു. ആദായകരമായിരുന്ന വക്കീൽപണി രാജസേവനത്തിനായി അദ്ദേഹം നിൎത്തൽ ചെയ്തിട്ടു വളരെ കാലമായിരുന്നല്ലോ. ചാൻസെല്ലർ സ്ഥാനത്തിന്റെ കൂടെ അദ്ദേഹം വഹിച്ചിരുന്ന ഉദ്യോഗങ്ങൾക്കെല്ലാംകൂടി അദ്ദേഹത്തിനു ഏകദേശം ൪൦൦ പവൻ വരവുണ്ടായിരുന്നു. ഇപ്പോൾ നമുക്കിതു നിസ്സാരമായി

തോന്നുന്നുവെങ്കിലും അന്നു് ഇതൊരു വലിയ സംഖ്യയായിരുന്നു. അദ്ദേഹത്തിന്റെ രാജികൊണ്ടു് ഇതു മുഴുവൻ നഷ്ടമായി. അദ്ദേഹത്തിന്റെ സ്വകാര്യസ്വത്തുക്കളിൽ നിന്നുള്ള വരവു് ആണ്ടിൽ ൧൦൦ പവൻ മാത്രമെ ഉണ്ടായിരുന്നുള്ളു. തന്റെയും കുടുംബത്തിന്റെയും ചെലവിനു് ഇതു പര്യാപ്തമല്ലായിരുന്നു. ധനസംബന്ധമായി മോർ അനുഭവിച്ച ഈ നഷ്ടത്തിൽനിന്നും അദ്ദേഹത്തിന്റെ ധർമ്മനിഷ്ഠയുടെ ദാർഢ്യം അനുമേയമായിരിക്കുന്നു. തന്റെ സാഹിത്യകൃതികൾകൊണ്ടു് തന്റെ ആദായം വർദ്ധിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. മോറിന്റെ ധർമ്മനിഷ്ഠയാൽ അനുകമ്പിതരായിരുന്ന വൈദികന്മാർ ൫൦൦൦ പവനോളം പിരിച്ചെടുത്തു് അദ്ദേഹത്തിന്റെ ഈ കഷ്ടകാലത്തു് അദ്ദേഹത്തിനു സംഭാവന ചെയ്തു. എന്നാൽ മോർ ആ സംഭാവന സ്വീകരിച്ചില്ല. തന്റെ സുകൃതം പണ്യമായ ഒരു പദാർത്ഥമല്ലെന്നായിരിക്കാം മോർ വിചാരിച്ചതു്. സാക്ഷാൽ സുകൃതം പ്രതിഫലേച്ഛയാൽ പ്രേരിതമല്ലല്ലോ. സദ്വൃത്തിനിമിത്തം അനുഭവിക്കേണ്ടിവരുന്ന പീഡകളെ ക്ഷമാപൂർവം സഹിക്കുന്നതാണല്ലോ സാക്ഷാൽ മാഹാത്മ്യം.

മോറിന്റെ അനന്തരനായി ചാൻസെല്ലറായി നിയമിക്കപ്പെട്ടതു് ആവ്ഡ്ലി (Audly) പ്രഭുവായിരുന്നു. മോർ സ്ഥാനവശാൽ തന്റെ അധീനത്തിലുണ്ടായിരുന്ന അംഗരക്ഷകന്മാർ, സഹായികൾ, അനുചരന്മാർ, ഭൃത്യന്മാർ ഇവരെയെല്ലാം ആവ്ഡ്ലിയുടെ പക്കൽ അയച്ചു; താൻ ഉപയോഗിച്ചിരുന്ന ബോട്ടു മുതലായവയെല്ലാം ഒഴിഞ്ഞു കൊടുത്തു. ഇതിന്റെ ശേഷം

കുടുംബാംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി ഭാവികാര്യങ്ങളെ കുറിച്ച് അവരോടാലോചിച്ചു. മോറിന്റെ കുടുംബത്തിൽ സാധാരണ ലോകന്യായമനുസരിച്ച് അദ്ദേഹത്താൽ സംരക്ഷണം ചെയ്യപ്പെടേണ്ടവരല്ലാത്തവരായിരുന്നു അധികം പേരും. തന്റെ പ്രഥമ പുത്രിയായ മാർഗരററ് തന്നെ, റോപ്പെറിന്റെ ഭാര്യയായിരുന്നു. എന്നാൽ ഇവർ രണ്ടുപേരും മോറിന്റെ കൂടെ അദ്ദേഹത്തിന്റെ ചെലവിലാണ് താമസിച്ചിരുന്നതു്. ഈ കാലത്തു മററു പുത്രികളും വൃദ്ധകളായിരുന്നിരിക്കണം. ഇവരെയെല്ലാം പോറേറണ്ടതു് മോറിന്റെ കർത്തവ്യമല്ലായിരുന്നല്ലോ. എങ്കിലും വാത്സല്യനിധിയായ മോറിനു് ഇവർ പിരിഞ്ഞു പോകുന്നതു് ദുസ്സഹമായിരുന്നു. അദ്ദേഹം ഇവരെയെല്ലാം വിളിച്ചുകൂട്ടി ഭാവിയെക്കുറിച്ചു ഇവരുടെ അഭിപ്രായമെന്താണെന്നു ചോദിച്ചു; ആരുമൊന്നും മിണ്ടിയില്ല. അപ്പോൾ മോർതന്നെ ഭാവിയെ കുറിച്ചുള്ള തന്റെ ആശയങ്ങൾ വിവരിക്കുവാൻ തുടങ്ങി. ഓക്സ്ഫോഡിൽ വിദ്യാർത്ഥിയായിരുന്നതു മുതൽ കൊട്ടാരത്തിലെ സുഖങ്ങൾ അനുഭവിച്ചു താമസിച്ചതുവരെയുള്ള നാനാവിധങ്ങളായ സുഖദുഃഖങ്ങൾ താനനുഭവിച്ചിട്ടുണ്ടെന്നും അതിലേതെങ്കിലും സ്വീകരിച്ചു നിത്യവൃത്തി കഴിക്കുന്നതിനു താൻ സന്നദ്ധനാണെന്നും ആദ്യം അദ്ദേഹം പ്രസ്താവിച്ചു. സാഗ്രഹത്തിലേതാഴിച്ചു, ഓക്സ്ഫോർഡു്, ന്യൂ ഇൻ, ലിംകൺസിൻ, കൊട്ടാരം ഈ നാലുസ്ഥലങ്ങളിലെ ജീവിതരീതികളാണു് താൻ പരിചയിച്ചിരുന്നതു്; ഇവ യഥാക്രമം കൂടുതൽ കൂടുതൽ സുഖകരങ്ങളുമായിരുന്നു. "ഇവയിൽ ഏററം താണതു്,

ഉടനെ നമ്മൾ സ്വീകരിക്കുന്നതു് ഉത്തമമായിരിക്കുകയില്ലെന്നാണെന്റെ അഭിപ്രായം; ആയതുകൊണ്ടു് ഓക്സ്ഫോഡ് രീതിയും ന്യൂ ഇൻരീതിയും വരെ നമുക്കിപ്പോൾ താഴേണ്ട." എന്നു് അദ്ദേഹം പ്രസ്താവിച്ചു. ലിങ്കൺസിൻ രീതിയിൽ തുടങ്ങിയിട്ടു് ആദായം ചെലവിനു മതിയാകയില്ലെന്നു കാണുന്നപക്ഷം കീഴോട്ടു കീഴോട്ടു പൊയ്ക്കൊള്ളാമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ഏതെല്ലാമായാലും തന്റെ പുത്രിമാരും ജാമാതാക്കന്മാരും തന്റെ കുടുംബംവിട്ടു പിരിയരുതെന്നും കഴിവുള്ളവർ പൊതുച്ചെലവിലേക്കു സംഭാവനകൾ ചെയ്യുന്നതിനു വിരോധമില്ലെന്നും അദ്ദേഹം തീരുമാനിച്ചു. ഉച്ചൈർമനസ്കനായ ഒരു ധന്യൻ ധർമ്മനിഷ്ഠയാൽ സ്വയം സ്വായത്തമായിരുന്ന ഭോഗങ്ങളെല്ലാമുപേക്ഷിച്ചു് ഈ വിധം ജീവികാമാർഗ്ഗങ്ങളെക്കുറിച്ചു ക്ലേശിക്കുന്നതു് സചേതസ്സുകളുടെ ഹൃദയങ്ങളെ ആർദ്രമാക്കിത്തീർക്കുന്നു.

തോമസ് മോറിനു് ഇതിന്റെ ശേഷം അധികകാലം ഈ ഭൂമിയിൽ ജീവിക്കുവാനില്ലായിരുന്നു. ഹെൻറി ഇദ്ദേഹത്തെ കുടുക്കിൽ അകപ്പെടുത്തി അപായപ്പെടുത്തുന്നതിനു് തരംനോക്കുന്നുണ്ടായിരുന്നു. ഏതു് അധർമ്മവും ചെയ്യുന്നതിനു മടിയില്ലായിരുന്ന ആ രാജാവിനു് തോമസ് മോറിനെ പോലെ സന്മാർഗ്ഗനിഷ്ഠനും ഋജുബുദ്ധിയുമായ ഒരു പ്രജയെ അകപ്പെടുത്താൻ പ്രയാസമൊന്നുമുണ്ടായില്ല.

# അഞ്ചാമദ്ധ്യായം

## ഹെൻറിയുടെ പുനർവിവാഹവും അതിൻെറ ഫലങ്ങളും.

3434 H200

തോമസ് മോർ ചാൻസെല്ലർ സ്ഥാനം രാജിവെച്ചതിൻെറ ശേഷം ഹെൻറിയുടെ ദുസ്വഭാവഗതി ത്വരിതമായിരുന്നു. വിവാഹമോചനത്തിനും പുനർവിവാഹത്തിനും മാർപ്പാപ്പാ അനുവാദം നൽകുകയില്ലെന്നു സ്പഷ്ടമായി കഴിഞ്ഞു. രണ്ടായാലും മാർപാപ്പായുടെ അനുവാദം കിട്ടുമെന്ന് ആശിച്ചു കാലം കളയുവാൻ ഹെൻറിക്കു നിവൃത്തിയില്ലാതായി. ആൻബോളിൻ ഗർഭിണിയായിത്തീൎന്നു. പ്രസവത്തിനു മുമ്പു വിവാഹം നടന്നില്ലെങ്കിൽ ഹെൻറിയുടെ അനുരാഗഭാജനമായ ആ തരുണിയ്ക്കു് വലിയ കുറച്ചിലായിത്തീരുമല്ലോ. ഹെൻറി തൻെറ ധൎമ്മപത്നിയായ കാതെറയിനിനെ ഉപേക്ഷിച്ചു താമസിക്കയാണെന്നും മററാരെയൊ വിവാഹം ചെയ്യുവാൻ പോകുന്നുവെന്നും മാർപാപ്പായ്ക്കു് അറിവു കിട്ടി. കാലക്രമേണ ഹെൻറിയുടെ വ്യാമോഹങ്ങൾ നീങ്ങിപ്പോയേക്കുമെന്നു കണ്ടു് നടപടികൾ നീട്ടിയിട്ടുകൊണ്ടിരുന്ന പാപ്പായെ ഈ വാൎത്ത ഉൽകണ്ഠിതനും കൎമ്മോൻമുഖനുമാക്കിത്തീൎത്തു. കാതെറയിനിനെ ഉപേക്ഷിച്ചു താമസിക്കുന്നതിൽ ഹെൻറിയെ ഉപക്രോശിച്ചും പുനർവിവാഹം ചെയ്യരുതെന്നു വിരോധിച്ചും പാപ്പാ ഒരു ലേഖനമയച്ചു. ഇതൊന്നും ഹെൻറി

കൂട്ടാക്കിയില്ല. ൧൫൩൩ ജനുവരിമാസം ൨൫-ാംതീയതി ഹെൻറി ആൻബോളിനെ രഹസ്യമായി വിവാഹം ചെയ്തു. ഈ വിവാഹം ആരു നടത്തിയെന്നു രേഖയില്ല. ഹെൻറിയും ആൻബോളിനും ദമ്പതികളെപ്പോലെ ജീവിതം തുടങ്ങി. സാധ്വിയായ കാതെറയിൻ തൻെറ ഭത്താവിനാൽ ധിക്കൃതയായി ഏകാകിനിയായി ജീവിതം നയിക്കുകയും ചെയ്തു.

ശക്തിമാന്മാരായ സ്വൈരസഞ്ചാരികളും ലോകാപവാദത്തെ ഭയപ്പെടുന്നു. ക്രിസ്തീയധമ്മശാസ്ത്രപ്രകാരം ധമ്മപത്നിയെ ഉപേക്ഷിക്കുന്നതു് പാപമാണു്; ധമ്മപത്നി ജീവിച്ചിരിക്കെ മറെറാരുത്തിയെ ഭാൎയ്യയാക്കുന്നതു് അതിനെക്കാൾ വലിയ പാപമാണു്. ഹെൻറിയുടെ പ്രജകൾ തന്നെ ഈ നടപടിയെ അപവദിക്കുവാൻ തുടങ്ങി. ഈ അപവാദത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനു ഒരു മാൎഗ്ഗമേ ഉണ്ടായിരുന്നുള്ളു. ക്രിസ്തീയസഭാദ്ധ്യക്ഷന്മാരായ കുറെ വൈദികന്മാരെക്കൊണ്ടെങ്കിലും തൻെറ നടപടി സാധുവാണെന്നു സമ്മതിപ്പിക്കണം. ഇങ്ങനെ സമ്മതം കിട്ടിയാൽ തൻെറ നടപടി അഭിപ്രായവ്യത്യാസത്തിനു വകയുള്ളതാണെന്നെങ്കിലും വരുത്താമല്ലോ. അപ്പോൾ അപവാദത്തിൻെറ കാഠിന്യം കുറെ കുറയും. ഇതിനായിട്ടുള്ള മാൎഗ്ഗങ്ങൾ ഹെൻറി ആലോചിച്ചുതുടങ്ങി.

സഭാഭരണസംബന്ധമായ നിയമങ്ങൾ തൻെറ സമ്മതത്തോടുകൂടെ മാത്രമെ പ്രയോഗത്തിൽ വരുത്തുകയുള്ളുവെന്നു് ഹെൻറി ഇംഗ്ലണ്ടിലെ വൈദികഗണത്തിൽ

ഭൂരിപക്ഷത്തെക്കൊണ്ടും സമ്മതിപ്പിച്ചതായി നാം മുൻപെ കണ്ടുവല്ലോ. ഈ വ്യവസ്ഥയ്ക്കു സമ്മതിച്ച വൈദികന്മാരും ഹെൻറി കാതെറയിനിനെ ഉപേക്ഷിച്ചതും ആൻബോളിനിനെ വിവാഹം ചെയ്തതും സാധുവാണെന്നു സമ്മതിക്കയില്ലായിരുന്നു. ഇങ്ങനെയിരിക്കയിൽ കാൻറർബറിയിലെ മെത്രാപ്പോലീത്താ ചരമഗതിയെ പ്രാപിച്ചു. ഹെൻറി ആ സ്ഥാനത്തിലേക്കു ക്രാൻമെർ (Cranmer) എന്നൊരു വൈദികനെ തിരഞ്ഞെടുത്തു. ഹെൻറി അപ്പോൾ മാർപാപ്പായോടു പ്രത്യക്ഷമായി പിണങ്ങിയിരിക്കയായിരുന്നുവെങ്കിലും ക്രാൻമെറിന്റെ നിയമനം അനുവദിച്ചു കല്പനയുണ്ടാകണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു. മാർപാപ്പായ്ക്ക് ക്രാൻമെറിന്റെ സ്വഭാവത്തെക്കുറിച്ച് അറിവില്ലായിരുന്നുവെന്നുള്ളത് അനന്തരസംഭവങ്ങളിൽനിന്നു സ്പഷ്ടമാകും. ഹെൻറി തിരഞ്ഞെടുത്ത ആളാകയാൽ ക്രാൻമെർ യോഗ്യനായിരിക്കണമെന്നു പാപ്പാ വിചാരിച്ചുവെന്ന് തോന്നുന്നു. കത്തോലിക്കാ മെത്രാന്മാർ സ്ഥാനമേല്ക്കുന്ന സമയത്ത് മാർപ്പാപ്പായോട് അനുസരണത്തിലും ഐകമത്യത്തിലും വർത്തിച്ചുകൊള്ളാമെന്നു ശപഥം ചെയ്യണം. ക്രാൻമെറും ഈ ശപഥം ചെയ്തു. എന്നാൽ ഒരു ചടങ്ങു നിറവേററുന്നതിനു മാത്രമാണ് താൻ ശപഥം ചെയ്യുന്നതെന്നും ആ ശപഥം പാലിക്കാൻ താൻ നിശ്ചയിച്ചിട്ടില്ലെന്നും ക്രാൻമെർ മുൻകൂട്ടി രഹസ്യമായി പറഞ്ഞിരുന്നു. അദ്ദേഹം ഹെൻറിയുടെ അഭീഷ്ടമനുസരിച്ചു പലതും ചെയ്യുവാൻ സന്നദ്ധനായിട്ടാണ് പരിണമിച്ചത്.

കാൻറർബറിയിലെ മെത്രാപ്പോലീത്താ ഇംഗ്ലണ്ടിൻെറ അതിർത്തികൾക്കുള്ളിൽ പാപ്പായുടെ പരമാധിപത്യത്തിൻകീഴ് കത്തോലിക്കാസഭയുടെ നേതാവും ഉത്തമപുരോഹിതനുമായിരുന്നു. തൻെറ ഈ അധികാരത്തെ ആശ്രയിച്ചുകൊണ്ട് ക്രാൻമെർ ഹെൻറിയുടെ വിവാഹമോചനക്കേസു വിചാരണയ്ക്കെടുത്തു. അപ്പീൽകോടതി വിധിച്ചുകഴിഞ്ഞിട്ടുള്ള ഒരു കാര്യം കീഴ്ക്കോടതി വിചാരണയ്ക്കെടുക്കുന്നതു ഭരണത്തിൻെറ മൂലതത്വത്തിന് വിപരീതമാണല്ലോ. ഹെൻറിയുടേയും ക്രാൻമെറിൻെറയും പ്രാരംഭം പാപ്പായുടെ മേലധികാരത്തെ ധിക്കരിച്ചു വിപ്ലവമുണ്ടാക്കുന്നതിനായിരുന്നു. ക്രാൻമെർ കേസു വിചാരണ ചെയ്തു ഹെൻറിയും കാതെറയിനും തമ്മിൽ നടന്ന വിവാഹം അതിൻെറ ആരംഭം മുതല്ക്കേ അസാധുവായിരുന്നുവെന്നു തീരുമാനം ചെയ്തു. അതിൻെറശേഷം ഹെൻറിയും ആൻബോളിനും തമ്മിൽ രഹസ്യമായുണ്ടായ വിവാഹത്തെക്കുറിച്ചു വിചാരണ ചെയ്തു് അതു സാധുവാണെന്നും ക്രാൻമെർ തീർച്ചയാക്കി. ക്രാൻമെറിൻെറ ഈ നടപടികളെ വളരെ നിന്ദ്യമായി ജനങ്ങൾ ഗണിച്ചിരുന്നുവെങ്കിലും രാജഭയംനിമിത്തം അവയെ പ്രതിഷേധിക്കുന്നതിനു ആരും ഉണ്ടായില്ല.

ക്രാൻമെറിൻെറ വിധി സമ്പാദിച്ചശേഷം ഹെൻറി ആൻബോളിനിൻെറ കിരീടധാരണം ആഡംബരപൂർവം ഘോഷിക്കുവാൻ നിശ്ചയിച്ചു. ൧൫൩൩ ജൂൺമാസം ൧-ാംതീയതി ഒരു ദുഷ്കൃത്യത്തെ ആഹ്ലാദനം ചെയ്യുന്നതിനു വേണ്ട സകല ആഡംബരങ്ങളോടുംകൂടെ കിരീടധാരണം നടന്നു. രാജവിധേയനായ ക്രാൻമെർ

ഇതുസംബന്ധിച്ചുള്ള വൈദികകൃത്യങ്ങളെല്ലാം പതിവു
പോലെ നടത്തി. രാജശാസനയനുസരിച്ചു് പ്രഭുക്ക
ന്മാരും ഉച്ചൈഃസ്ഥിതന്മാരായ മററു മഹാന്മാരും ഈ
ക്രിയയിൽ സംബന്ധിച്ചു. എന്നാൽ ഇതു സംബന്ധി
ച്ചുള്ള ഘോഷയാത്രയിൽ ഈ ദുഷ്കൃത്യത്താൽ തപ്ത
മാനസരായിരുന്ന ജനങ്ങളിൽനിന്നു് ഒരൊററ ജയശ
ബ്ദമെങ്കിലും അന്തരീക്ഷത്തെ ചലിപ്പിച്ചില്ല. ജനങ്ങ
ളുടെ ദൃഷ്ടിയിൽ ഇതു പരസ്യമായ ഒരു വേശ്യാഭിഗമന
മായിരുന്നു.

രാജഭയം നിമിത്തം ഗണ്യന്മാരായവരെല്ലാം ഈ
കിരീടധാരണത്തിൽ സന്നിഹിതരായിരുന്നുവെങ്കിലും
തോമസ്മോർ സന്നിഹിതനായിരുന്നില്ല. ഈ സംഭ
വത്തിനു് ഏകദേശം ഒരുവഷം മുമ്പുവരെ രാജാവു കഴി
ഞ്ഞാൽ പിന്നെ രാജ്യത്തു അഗ്രഗണ്യനായിരുന്ന തോമ
സ്മോറിന്റെ അസാന്നിദ്ധ്യം പ്രത്യേകം രാജദൃഷ്ടി
യില്പെട്ടുമായിരുന്നല്ലോ. ഇതുകൊണ്ടുണ്ടായേക്കാവുന്ന
ആപത്തിനെ പരിഹരിക്കണമെന്നു കണ്ടു് മോറിന്റെ
അഭ്യുദയകാംക്ഷികളായ മൂന്നു മെത്രാന്മാർ കിരീടധാര
ണത്തിൽ മോറും സന്നിഹിതനായിരിക്കണമെന്നു്
നിർബന്ധിക്കയും ആ സന്ദർഭത്തിനു് ഉചിതമായ വസ്ത്ര
മുണ്ടാക്കിക്കുന്നതിനു പണമില്ലെന്നുള്ള കാരണത്താൽ
മോർ വരാതെയിരുന്നേക്കുമെന്നു കണ്ടു് ൨൦ പവൻ
അദ്ദേഹത്തിനു കൊടുത്തയയ്ക്കുകയും ചെയ്തു. എന്നാൽ
താൻ ഈ ദുഷ്കൃത്യത്തെ സാധൂകരിക്കുന്നുവെന്നുള്ള
ശങ്ക തന്റെ വെറും സാന്നിദ്ധ്യം കൊണ്ടുപോലും ഉണ്ടാ
കുന്നതു മോറിനു ഇഷ്ടമായിരുന്നില്ല.

ഹെൻറി ആൻബോളിനിനെ രഹസ്യമായി വിവാഹം ചെയ്തതു് ൧൫൩൩ ജനുവരി ൨൫-ാംനു-യാണെന്നു് നാം കണ്ടിട്ടുണ്ടല്ലോ. ആ ആണ്ടു് സെപ്റ്റംബർ ൭-ാംനു- പിന്നീടു് ഇംഗ്ലണ്ടിൻെറ രാജ്ഞിയായി തീൎന്ന എലിസബെത്തിനെ ആൻബോളിൻ പ്രസവിച്ചു. വിവാഹാനന്തരം എട്ടു മാസമെ കഴിഞ്ഞിട്ടുള്ളു. ഹെൻറിയുടെയും ആൻബോളിനിൻെറയും തിടുക്കത്തിൻെറ കാരണം ഇതിൽ നിന്നു സ്പഷ്ടമാണല്ലോ.

ആൻബോളിൻ അളന്ന അളവിനുതന്നെ അവൾക്കും അളന്നുകിട്ടി. കിരീടധാരണം കഴിഞ്ഞു മൂന്നു മാസം കഴിയുന്നതിനു മുൻപെ ഹെൻറിക്കു് മററു സ്ത്രീകളിൽ അനുരാഗം ഉണ്ടായിത്തുടങ്ങി. ഇതിൽ ആൻബോളിൻ കുപിതയായി. "നിന്നേക്കാൾ വലിയവർ സഹിച്ചുള്ളു നീയും സഹിച്ചുകൊള്ളണം" എന്നായിരുന്നു ഹെൻറിയുടെ മറുപടി. "നിന്നേക്കാൾ വലിയവർ" എന്നു പറഞ്ഞതു സാക്ഷാൽ രാജകുമാരിയായ കാതെറയിനിനെ ഉദ്ദേശിച്ചാണല്ലോ. ഇങ്ങനെയുള്ള പ്രണയകലഹങ്ങൾ അവസാനത്തിൽ ആൻബോളിനിൻെറ ശിരശ്ഛേദത്തിൽ അവസാനിച്ചു. ൧൫൩൬-ൽ ഹെൻറി ആൻബോളിനിൻെറ മേൽ പാതിവ്രത്യഭംഗം ആരോപിച്ച് അവളെ കൊന്നു. രാജഭാൎയ്യയുടെ പാതിവ്രത്യഭംഗം രാജദ്രോഹവും വധത്താൽ ശിക്ഷിക്കപ്പെടേണ്ടതുമായിരുന്നു.

ആൻബോളിനിനെ കൊന്നതിൻെറ ശേഷം ഹെൻറി ജെയ്ൻ സെയ്മൂർ (Jane Seymour) എന്നു പേരായ ഒരു സ്ത്രീയെ വിവാഹം ചെയ്തു. ആ സ്ത്രീ എഡ്വേർഡു് ഷഷ്ഠനെ പ്രസവിച്ചതിൻെറ ശേഷം

കാലഗതിയെ പ്രാപിച്ചു. ഇതിന്റെ ശേഷം ഹെൻറി വിവാഹം ചെയ്തതു് ഒരു ജെർമ്മൻ പ്രഭുകുടുംബത്തിന്റെ അംഗമായ ആൻ ആഫ് ക്ലീവ്സ് (Anne of Cleves) എന്നപ്രഭുകുമാരിയെയായിരുന്നു. ഹെൻറിയുടെ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്ന തോമസ് ക്രോംവെൽ (Thomas Cromwell) ആയിരുന്നു ഈ വിവാഹം ഏർപ്പാടുചെയ്തതു്. ഈ സ്ത്രീയുടെ സൌന്ദര്യത്തിൽ ഹെൻറിക്കു തൃപ്തിതോന്നാഞ്ഞതിനാൽ ഹെൻറി കുപിതനായി. ക്രോംവെല്ലിൽ രാജദ്രോഹം ആരോപിച്ചു് അദ്ദേഹത്തെ കൊലപ്പെടുത്തി; ആനിനെ ഉപേക്ഷിക്കയുംചെയ്തു. അതിന്റെ ശേഷം ഹെൻറി കാതെറിയിൻ ഹൌവാർഡു് (Catherine Howard) എന്ന സ്ത്രീയെ വിവാഹംചെയ്തു. ഒരു വർഷത്തിനുള്ളിൽ അവളുടെ മേൽ പാതിവ്രത്യഭംഗമാരോപിച്ചു അവളെ ഹിംസിച്ചു. പിന്നെ ഹെൻറി, കാതെറയിൻ പാർ (Catherine Parr) എന്നൊരു സ്ത്രീയെ വിവാഹം ചെയ്തു. ഹെൻറിക്കു് ഈ സ്ത്രീയോടും തനിക്കു സഹജമായ വിരക്തി ഉത്ഭവിക്കുന്നതിനു മുൻപു ഇവളുടെ ഭാഗ്യാതിരേകത്താൽ ഹെൻറി ചരമഗതിയെ പ്രാപിച്ചു. തന്റെ പ്രഥമരാജ്ഞിയെ ഉപേക്ഷിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ ദുഷ്കൃത്യങ്ങളെക്കുറിച്ചു മനുഷ്യർക്കു സഹജമായുള്ള സങ്കോചമെല്ലാം നീങ്ങിപ്പോയതിന്റെ ശേഷം ഹെൻറിയുടെ ഗതി മദോത്മത്തനായ ഒററയാന്റേതു പോലെയായിരുന്നു.

സംഗതിവശാൽ കാലത്തിന്റെ ക്രമത്തെ അതിലംഘിച്ചു് ഹെൻറിയുടെ ദാമ്പത്യജീവിതത്തെ അവസാനം വരെ നാമിവിടെ സംക്ഷിപ്തമായി വിവരിച്ചുവെന്നേ

ഉള്ളു. ആൻബോളിന്റെ കിരീടധാരണമഹോത്സവത്തിനു ശേഷം നടന്ന സംഭവങ്ങളെ ഇനിയും യഥാക്രമം പരിശോധിക്കാം. ഹെൻറി പരസ്യമായി ആൻബോളിനിനെ വരിച്ചു വൎത്തമാനം പാപ്പാ അറിഞ്ഞയുടനെ അദ്ദേഹത്തിന്റെ കൎത്തവ്യം അദ്ദേഹം നിറവേററി. മലയാളത്തിൽ "മഹറോൻ". എന്നു സാധാരണമായി വ്യവഹരിക്കപ്പെടാറുള്ള ബഹിഷ്കാരശാസനത്താൽ അദ്ദേഹം കത്തോലിക്കാസഭയുടെ ഗാത്രത്തിൽ നിന്നും ഹെൻറിയെ ബഹിഷ്കരിച്ചു. ഹെൻറിയുടെയും ആൻബോളിനിന്റെയും സഹവാസം ക്രിസ്തീയധൎമ്മശാസ്ത്രപ്രകാരം. അസന്ദിഗ്ധമായ വ്യഭിചാരമായിരുന്നു. തന്മൂലം മാർപാപ്പായുടെ ഈ പ്രവൃത്തി അനപലപനീയവുമായിരുന്നു. ഇതിന്റെശേഷം ഹെൻറിയുടെ ഉദ്യമം ശക്തിപ്രയോഗം കൊണ്ടു് തന്റെ അബദ്ധത്തിന്റെ ഫലങ്ങളെ നിവാരണംചെയ്യുന്നതിനും തന്റെ ദുർവൃത്തിയിൽ അനുകമ്പയില്ലാത്തവരെയെല്ലാം കൊന്നുകളുന്നതിനുമായിരുന്നു.

അദ്ദേഹത്തിന്റെ ക്രോധത്തിനും പ്രതികാരത്തിനും പാത്രമായവരിൽ ഒരുവൻ ധൎമ്മധീരനായ നമ്മുടെ ചരിത്രപുരുഷനായിരുന്നു. അക്കാലത്തു് എലിസബെത്തു് ബാൎട്ടൻ (Elizabeth Barton) എന്നൊരു സന്യാസിനിയുണ്ടായിരുന്നു. ഭാവികളായ സംഭവങ്ങൾ കാണുന്നതിനു ശക്തിയുണ്ടെന്നു ഈ സ്ത്രീ ഭാവിച്ചിരുന്നു. ഹെൻറിയുടെ വിവാഹമോചന പ്രസ്ഥാനം ആവിർഭവിച്ചപ്പോൾ ഈ സ്ത്രീയുടെ ഭാവിദൎശനം രാജകാൎയ്യങ്ങളേയും സ്പർശിച്ചുതുടങ്ങി. ഹെൻറി ആൻബോളിനിനെ വിവാഹം

ചെയ്താൽ ഏഴു മാസത്തിനകം അദ്ദേഹത്തിന്നു രാജ്യം നഷ്ടമാകുമെന്നു് ഈ സ്ത്രീ പ്രസ്താവിച്ചു. ഹെൻറി നരകത്തിൻെറ ഇന്ന സ്ഥാനത്താണു് കിടക്കാൻ പോകുന്നതെന്നു് തനിക്കു് ഒരു ദശ്നമുണ്ടായെന്നും ആ സ്ത്രീ പറയുകയുണ്ടായി. രാജാവിനെക്കുറിച്ചു് ഇങ്ങനെയെല്ലാം പറയുന്നതു് രാജദ്രോഹമാണെന്നു പറയണമെന്നില്ലല്ലൊ. ഹെൻറി എലിസബെത്തിനെ പിടികൂടി. ഹെൻറി തൻെറ കടുംകൈകളെല്ലാം നിയമത്തിൻെറ രൂപത്തിലാണു് ചെയ്തിരുന്നതു്. വിചാരണകൂടാതെ ആരെയുമുപദ്രവിച്ചിരുന്നില്ല. പക്ഷെ, വിചാരണ ചെയ്യുന്ന ന്യായാധിപന്മാർ ഹെൻറിയുടെ ചൊല്പടിയിൽ നില്ക്കുന്ന കിങ്കരന്മാരായിരുന്നുവെന്നേ ഉള്ളൂ. തൻെറ ഹിതമനുസരിച്ചു വിചാരണ ചെയ്യുന്നവരെയും വിധിയെഴുതുന്നവരെയും മാത്രമേ ഹെൻറി ഇങ്ങനെയുള്ള കാര്യങ്ങളിൽ നിയോഗിച്ചിരുന്നുള്ളൂ.

ഹെൻറിക്കു വളരെ ദുസ്സഹന്മാരായിരുന്നവർ റോച്ചെസ്റ്ററിലെ (Rocheser) മെത്രാനായ ജോൺ ഫിഷറും (John Fisher) തോമസ് മോറുമായിരുന്നു. ഇവർ രണ്ടുപേരും മഹാപണ്ഡിതന്മാരും പുണ്യവാന്മാരുമാണെന്നുള്ളതു് പ്രസിദ്ധമായിരുന്നു. ഇവർ തന്നെ അനുകൂലിക്കാതെ നില്ക്കുന്നതു് ഹെൻറിയുടെ നിലയ്ക്കു് ഹാനികരമായിരുന്നു. ഇവരുടെ ജനസമ്മതത്വമാണു് ഹെൻറിയുടെ പന്ഥാവിൽ മാഹാവിഘ്നമായി നിന്നതു്. ഇവരെ എങ്ങനെയെങ്കിലുമപായപ്പെടുത്തിയാൽ തൻെറ മാർഗ്ഗം സുഖതരമാകുമെന്നു ഹെൻറിക്കറിയാമായിരുന്നു. ഇവരെ കുടുക്കിലാക്കി കൊല്ലുന്നതിനു് ഹെൻറി തക്കം നോക്കുന്നുണ്ടായിരുന്നു. അപ്പോളാണു് എലിസബെത്തു ബാർട്ടൺ കേസുത്ഭവിച്ചതു്.

ഫിഷരും മോറും രാജാവിനെക്കുറിച്ച് ഇങ്ങനെയെല്ലാം പറയാൻ എലിസബെത്തിനു പ്രേരണ നൽകിയെന്നു വരുത്തുവാൻ കേസു വിചാരണ കഴിച്ചവർ പ്രയത്നിച്ചു. ഫിഷരും എലിസബെത്തും തമ്മിൽ ചില എഴുത്തുകുത്തുകൾ ഉണ്ടായിരുന്നുവെങ്കിലും ഫിഷറിൻെറ പ്രേരണകൊണ്ടാണ് എലിസബെത്തിൻെറ ഭാവിദർശനങ്ങൾ ഉണ്ടായതെന്നു തെളിഞ്ഞില്ല. എങ്കിലും ഫിഷറിനു മുന്നൂറു പവൻ പിഴ കല്പിച്ചു. മോറിനെ ഈ കേസിൽ കുടുക്കുന്നതിനു ഇത്രയും പോലും തെളിവില്ലായിരുന്നു, മോർ ഇതിൽ ഇടപെട്ടിട്ടുണ്ടെന്നു അദ്ദേഹത്തെ കുടുക്കാൻ പ്രയത്നിച്ചവക്കു തന്നെ വിശ്വാസമില്ലായിരുന്നു. എങ്കിലും രാജദ്രോഹകുററത്തിൽ ഉൾപ്പെടുത്തിയൊന്നു ഭയപ്പെടുത്തിയാൽ അദ്ദേഹം ഹെൻറിയുടെ പുതിയ വിവാഹം സാധുവാണെന്നു സമ്മതിച്ചേക്കുമെന്നു അവക്കു് ആശയുണ്ടായിരുന്നു. ഈ കേസിൽ പ്രതികളായ രുന്നവരിൽ ഒരുവൻ എലിസബെത്തിൻെറ ഭാവിദർശനങ്ങളെക്കുറിച്ച് മോറിനോടു സംസാരിക്കയുണ്ടായി എന്നു സമ്മതിച്ചു മൊഴികൊടുത്തതായിരുന്നു അദ്ദേഹത്തെക്കൂടെ പ്രതിയാക്കുന്നതിനുണ്ടായ കാരണം. എന്നാൽ രാജാവിനെക്കുറിച്ചുള്ള ഭാവിദർശനങ്ങളൊന്നും കേൾക്കയില്ലെന്നു മോർ പറയുകയാൽ ആ കാര്യങ്ങളൊന്നും അദ്ദേഹത്തോടു പറഞ്ഞില്ലെന്നും ആ സാക്ഷിയുടെ മൊഴിയിലുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ തന്നെക്കൂടെ പ്രതിയാക്കിയതിനെ പ്രതിഷേധിച്ച് മോർ ഈ കാര്യത്തിൽ ഹെൻറിയുടെ കാര്യസ്ഥനായിരുന്ന ക്രോംവെല്ലിനും ഹെൻറിക്കുതന്നെയും എഴുത്തുകളയച്ചു.

എന്നുമാത്രമല്ല; തന്നെ വിസ്തരിക്കുന്നതു പ്രഭുസഭയായിരിക്കേണമെന്നു മോർ വാദിച്ചു. മോർ ചാൻസെല്ലറായിരുന്നപ്പോൾ പ്രഭുസഭയുടെ അദ്ധ്യക്ഷനായിരുന്നല്ലോ. ഈ കാരണം കൊണ്ടു് മോറിനെ വിസ്തരിക്കുവാനുള്ള അവകാശം പ്രഭുസഭയ്ക്കുള്ളതാണെന്നു ആ സഭയും വാദിച്ചു. മോറിനെ പരസ്യമായി വിസ്തരിക്കുന്നതു് ആപൽകരമായേക്കാമെന്നു കണ്ടു് ഹെൻറി അദ്ദേഹത്തെ ഈ കേസിൽ നിന്നൊഴിച്ചു. സന്യാസിനിയെയും അവളുടെ പ്രസ്താവങ്ങളോടു ബന്ധമുണ്ടായിരുന്ന മറ്റു് ആരുപേരെയും ഹെൻറിയുടെ കൌൺസിൽ വധശിക്ഷയ്ക്കു വിധിക്കയും ചെയ്തു.

ഈ കേസു സംബന്ധിച്ചു മോർ കൌൺസിലിന്റെ മുൻപിൽ ഹാജരായപ്പോൾ അവർ സന്യാസിനിയുടെ പ്രവൃത്തികളെക്കുറിച്ചു് ഒന്നും ചോദിക്കാതെ വളരെ സൌജന്യം പ്രദർശിപ്പിച്ചുകൊണ്ടു് ഹെൻറിയുടെ വിവാഹമോചന കാര്യത്തെക്കുറിച്ചാണു് സംഭാഷണം ചെയ്തതു്. പാർലമെന്റും, മെത്രാന്മാരും, വിജ്ഞാനനിധികളായിരിക്കുന്ന സർവ്വകലാശാലകളും സമ്മതിച്ചിരിക്കുന്ന കാര്യത്തിൽ മോർ വിസമ്മതം കാണിക്കുന്നതു് ഉചിതമല്ലെന്നും അദ്ദേഹവും അതിനു സമ്മതിക്കേണമെന്നും അവർ വാദിച്ചു. ക്രാൻമെറും, ആവ്ഡ്‌ലിയും, നോർഫോക്കും, ക്രോംവെല്ലുമാണു് മോറിനോടു സംഭാഷണം നടത്തിയതു്. ഇവരുടെ ഈ വാദത്തിനു മറുപടിയായിട്ടു് മോർ ഹെൻറിയുടെ നാനാഗുണങ്ങളെ സമ്മതിച്ചു പറഞ്ഞു രാജാവു് തന്നോടു് കാണിച്ചിട്ടുള്ള അനവധി ദാക്ഷിണ്യങ്ങളെക്കുറിച്ചു് താൻ കൃതജ്ഞനാണെങ്കിലും വിവാഹമോചനകാര്യ

ത്തിൽ അദ്ദേഹത്തോടു യോജിക്കാൻ മനസ്സാക്ഷി തന്നെ അനുവദിക്കുന്നില്ലെന്നും ഈ നിശ്ചയത്തിൽ താൻ അചാലല്യനാണെന്നും അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു. ഇതുകേട്ട് അവർ കുപിതരായി; ഈ നിർബന്ധംമൂലം മോറിനുണ്ടാകാവുന്ന ആപത്തുകളെ വിവരിച്ച് അവർ അദ്ദേഹത്തെ ഭയപ്പെടുത്തുവാൻ തുടങ്ങി. "എന്റെ പ്രഭുക്കന്മാരെ, ഈ ഭീഷണങ്ങൾ ശിശുക്കൾക്കു ന്യായങ്ങളായിരിക്കാം, എനിക്കു ന്യായങ്ങളല്ല" എന്നു അദ്ദേഹം ധൈര്യസമേതം മറുപടി പറഞ്ഞു. എന്തെല്ലാം ആപത്തുകൾ ഉണ്ടായാലും തന്റെ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിനു മോർ സന്നദ്ധനല്ലായിരുന്നു.

ഹെൻറിയുടെ ജീവകാലത്താണ് പ്രോട്ടെസ്റ്റാൻറു മതത്തിന്റെ പ്രഥമ പ്രണേതാവായ ലൂതർ (Luther) തന്റെ പ്രസ്ഥാനം ആരംഭിച്ചതു്. ലൂത്തർ മാർപാപ്പായോടു പിണങ്ങി കത്തോലിക്കാസഭയുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും പരസ്യമായി നിരാകരിക്കുവാൻ ആരംഭിച്ചു. ഹെൻറി സാമാന്യം നല്ല ഒരു പണ്ഡിതനായിരുന്നുവെന്നു നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ. കത്തോലിക്കാസഭയുടെ ആദർശങ്ങളും തന്റെ കാമചാരിത്വവും തമ്മിൽ സംഘട്ടനമുണ്ടാകുന്നതുവരെ അദ്ദേഹം അഭിമാനിയായ ഒരു കത്തോലിക്കനുമായിരുന്നു. ലൂതറിന്റെ വാദങ്ങളെ ഖണ്ഡിച്ചു ഹെൻറി ഒരു പുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തി. ആ പുസ്തകത്തിന്റെ വൈശിഷ്ട്യംകൊണ്ടു് മാർപാപ്പാ ശ്രദ്ധാത്രാതാവെ (Defender of the Faith) എന്നുള്ള ബിരുദനാമം ഹെൻറിക്കു കല്പിച്ചുകൊടുത്തു. ഈ സ്ഥാനപ്പേർ ഇന്നും

ഇംഗ്ലണ്ടിലെ രാജാക്കന്മാർ ഉപയോഗിക്കുന്നുണ്ടു്. പക്ഷെ,
ഏതൎത്ഥത്തിൽ മാർപാപ്പാ ഈ സ്ഥാനപ്പേർ ഹെൻറിക്കു
കൊടുത്തുവോ ആ അൎത്ഥം ഇപ്പോൾ അതിനില്ലെന്നേ
ഉള്ളു. ഹെൻറിയുടെ പുസ്തകത്തിൽ മാർപാപ്പായുടെ
പരമാധികാരത്തെ സ്ഥാപിക്കയും സമ്മതിക്കയും ചെ
യ്യുന്ന ഒരു ഭാഗമുണ്ടായിരുന്നു. ഹെൻറി പുസ്തകമെഴുതി
തോമസ് മോറിനെക്കൊണ്ടു പരിശോധിപ്പിച്ചതിന്റെ
ശേഷമായിരുന്നു പ്രസിദ്ധംചെയ്തതു്. മാർപാപ്പായുടെ
പരമാധികാരം സമ്മതിക്കുന്ന ഭാഗം മതകാൎയ്യങ്ങളിൽ
മാർപാപ്പായോടു പല ഇടപാടുകളിലും പ്രവേശിക്കു
വാനിടയുള്ള ഒരു രാജാവു പ്രസിദ്ധം ചെയ്യുന്നതു ഭാവി
വൈഷമ്യങ്ങൾക്കു കാരണമാകുമെന്നും ആ യുക്തികൊണ്ടു്
ആ ഭാഗം ഉപേക്ഷിക്കണമെന്നും തോമസ് മോർ അന്നു
ഉപദേശിച്ചു. ആ ഉപദേശം കൂട്ടാക്കാതെയാണു്
ഹെൻറി തന്റെ പുസ്തകം പ്രസിദ്ധംചെയ്തിരുന്നതു്.

ഹെൻറിയുടെ വിവാഹമോചനം സാധുവാണെന്നു
മോർ സമ്മതിക്കാത്ത പക്ഷം ഹെൻറിയുടെ പുസ്തകത്തി
ലെ ഈ ഭാഗം മോറിന്റെ ദുരുപദേശംകൊണ്ടു ചേ
ൎക്കപ്പെട്ടുവാൻ ഇടയായതാണെന്നുള്ള അപരാധം അദ്ദേ
ഹത്തിൽ ചുമത്തുമെന്നു പറഞ്ഞാണു് ക്രാൻമെറും മററും
അദ്ദേഹത്തെ ഭയപ്പെടുത്താൻ തുടങ്ങിയതു്. സത്യത്തി
നു നേരെവിപരീതമായ ഈ അപരാധാരോപണത്തെ
മോർ യുക്തിപൂൎവം പ്രതിഷേധിക്കയാൽ ഇതിൽ അദ്ദേ
ഹത്തെ കുടുക്കാൻ നിവൃത്തിയില്ലെന്നു പ്രത്യക്ഷമായി.
അദ്ദേഹം തല്ക്കാലത്തേക്കു പൊയ്ക്കൊള്ളുവാൻ അവർ
അനുവദിച്ചു.

വ്യവസ്ഥാപിതമായ ദണ്ഡനീതിപ്രകാരം ശിക്ഷിക്കപ്പെടുവാൻ പാടില്ലാത്തവർക്ക് ശിക്ഷകൊടുക്കുന്നതിന് ഒരു പ്രത്യേകസമ്പ്രദായം അക്കാലത്ത് ഇംഗ്ലണ്ടിൽ നടപ്പുണ്ടായിരുന്നു. രാജദ്രോഹസംബന്ധിച്ച കുററങ്ങൾക്കാണ് ഈ സമ്പ്രദായം സാധാരണമായി പ്രയോഗിക്കപ്പെട്ടിരുന്നത്. പ്രതികളുടെമേൽ കുററം ആരോപിക്കുന്നതും അവർക്കു കൊടുക്കേണ്ട ശിക്ഷകൾ വിവരിക്കുന്നതുമായ ഒരു ബിൽ രാജാധികാരികൾ പാർല്യമെൻററിൽ ഹാജരാക്കും. പാർല്യമെൻറ്, ആ ബിൽ അംഗീകരിച്ചാൽ അതിൻപ്രകാരം കാൎയ്യങ്ങൾ നടത്തുന്നതിനുള്ള അധികാരം രാജപുരുഷന്മാർക്കു സിദ്ധിക്കും. പാർല്യമെൻറിൻെറ അഭിപ്രായത്തെ യഥേഷ്ടം നയിക്കുവാൻ ശക്തിയുള്ള രാജാക്കന്മാർക്ക് തങ്ങളുടെ വിരോധികളെ ധ്വംസിക്കുന്നതിനു് ഈ സമ്പ്രദായം ഉപകരിച്ചിരുന്നു. പ്രജകൾക്ക് ആപൽക്കരമായിരുന്ന ഈ സമ്പ്രദായം ൧൮൭൦-ൽ ഇംഗ്ലണ്ടിൽ നിൎത്തലാക്കപ്പെട്ടു. രാവണേശ്വരിയായ എലിസബെത്തിൻെറ കേസിൽ പൂർവ്വവിചാരണകൾ കഴിച്ചിട്ട് ഇങ്ങനെയൊരു ബിൽ പാർല്യമെൻററിൽ ഹാജരാക്കി അവരുടെ അംഗീകരണം ലഭിക്കേണ്ടിയിരുന്നു. ക്രാൻമെറും മററും തോമസ് മോറിനെ വിട്ടുകളഞ്ഞതു് അദ്ദേഹത്തോടുള്ള ആനുകൂല്യംകൊണ്ടല്ലായിരുന്നു. തൻെറ വിവാഹമോചനം സംബന്ധിച്ചു മോർ ഇപ്പോഴും പ്രദർശിപ്പിച്ചിരുന്ന പ്രതിഷേധനിലയാൽ കോപാക്രാന്തനായ ഹെൻറി മോറിൻെറ പേരും ബില്ലിൽചേർക്കണമെന്നു നിർബന്ധിച്ചു. എന്നാൽ മോറിൻെറപേരും ബില്ലിൽ ഉണ്ടായിരുന്നാൽ പാർല്യമെൻറ് ബിൽ ആകപ്പാടെ നിരാകരിക്കാൻ ഇടയുണ്ടെന്നും അങ്ങനെ വന്നാൽ മററുള്ളവരും

അവരിൽ ആരോപിച്ചിരുന്ന കററത്തിൽനിന്ന വിമുക്തരാകുമെന്നും കൌൺസിൽ ഹെൻറിയെ ധരിപ്പിച്ചു. പിന്നീട്ട വല്ല കണക്കിലും മോറിനെ അപായപ്പെടുത്തിക്കൊള്ളാമെന്ന കണ്ടാണ് അദ്ദേഹത്തെ അപ്പോൾ വിട്ടതൽ ചെയ്തത്. എങ്കിലും ഹെൻറി മോറിന്റെ അടുത്തുൺ പിടിച്ചുകളഞ്ഞു.

മോർ കൌൺസിലുമായുള്ള വിവാദം കഴിഞ്ഞിറങ്ങി വന്നപ്പോൾ വളരെ പ്രസന്നനായിരുന്നു. അദ്ദേഹം ചെത്സിയിലേക്ക തിരിച്ചുപോകുമ്പോൾ തന്റെ ജാമാതാവായ റോപ്പെറും വള്ളത്തിലുണ്ടായിരുന്നു. മോറിന്റെ ഉന്മേഷം കണ്ടിട്ട് റോപ്പെർ വിചാരിച്ചത് കാര്യമെല്ലാം ശുഭമായി അവസാനിച്ചുവെന്നും രാജദ്രോഹബില്ലിൽനിന്ന് മോറിനെ കൌൺസിൽ ഒഴിച്ചുവെന്നുമാണ്. റോപ്പെർ, ഈ കാര്യത്തെക്കുറിച്ച ചോദിച്ചപ്പോൾ "മകനേ! ഞാനാക്കാര്യം ചോദിക്കാൻ വിട്ടുപോയി" എന്ന് മോർ മറുപടിപറഞ്ഞു. പ്രാണാപായത്തെ സ്പർശിച്ചിരുന്ന ഈ കാര്യം വിട്ടുപോയെന്നുകേട്ട് റോപ്പെർ അത്ഭുതപ്പെട്ടു. പിന്നെയെന്തുകൊണ്ടാണ് ഇത്ര സന്തുഷ്ടചിത്തനായിരിക്കുന്നതെന്ന ചോദിച്ചു. "എന്റെ സന്തോഷത്തിന്റെ കാരണം കേൾക്കണമെന്നോ, മകനേ? പിശാചിന് ഞാൻ നീചമായ ഒരു പതനം നല്കിയതോർത്താണ് ഞാൻ സന്തുഷ്ടനായിരിക്കുന്നത്. വലിയ ലജ്ജകൂടാതെ പിൻവലിയുവാൻ പാടില്ലാത്തവണ്ണം ഞാൻ ആ പ്രഭുക്കന്മാരുടെ സമക്ഷം മുൻപോട്ടുപോയി" എന്നായിരുന്നു മോറിന്റെ മറുപടി. കൌൺസിലിന്റെ മുൻപിൽ ഹെൻറിയുടെ വിവാഹമോചനത്തെ

ക്കുറിച്ചുള്ള തന്റെ നില പ്രകടമാക്കിയെന്നും ഇതിന്റെ ശേഷം ലജ്ജയില്ലാത്തവർ മാത്രമെ ആ നിലയെ ഉപേക്ഷിക്കേണ്ടുള്ളുവെന്നുമായിരുന്നു മോർ പറഞ്ഞതിന്റെ സാരം "ഈ മറുപടി കേട്ട് ഞാൻ ദുഃഖാർത്തനായി. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനതു് ഇഷ്ടമായിരുന്നെങ്കിലും എനിക്കതു് ഒട്ടും ഇഷ്ടമായിരുന്നില്ല" എന്നു റോപ്പർ രേഖപ്പെടുത്തുന്നു.

മോറിനെ രാജദ്രോഹബില്ലിൽ ചേർക്കുന്നില്ലെന്നുള്ള വാസ്തവം പിറേറദിവസം ക്രോംവെൽ റോപ്പെറിനോടു പറഞ്ഞപ്പോളാണു് അറിയപ്പെട്ടതു്. റോപ്പെർ ഈ കാലത്തു് ഒരു പാർലമെൻറു സാമാജികനായിരുന്നു. ഈ വാസ്തവമറിഞ്ഞയുടനെ റോപ്പർ മോറിന്റെ വസതിയിലേക്കു് ഒരു സന്ദേശമയച്ചു. എന്നാൽ മോറിനു് തന്റെ അന്തത്തെക്കുറിച്ചു സംശയമൊന്നുമില്ലായിരുന്നു. ഹെൻറിയുടെ സ്വഭാവം അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. ഹെൻറിയുടെ ഹിതമനുസരിച്ചു പ്രവർത്തിക്കാത്തവരെ അദ്ദേഹം ഇന്നല്ലെങ്കിൽ നാളെ ഹിംസിക്കുമെന്നുള്ളതിൽ മോറിനു യാതൊരു തർക്കവുമില്ലായിരുന്നു. "മെഗ്", നീക്കിവെയ്ക്കപ്പെട്ടിരിക്കുന്നതു് ഒഴിക്കപ്പെട്ടിരിക്കുന്നതല്ല" (quid differtur non aufertur എന്നു് മോർ തന്റെ പുത്രിയായ മാർഗരററിനോടു അപ്പോൾ പറയുകയുണ്ടായി.

മോർ സ്വീകരിച്ചനില ഗർവ്വത്തിന്റേയോ ഔദ്ധത്യത്തിന്റേയോ ഫലമല്ലായിരുന്നു. അങ്ങിനെയായിരുന്നുവെങ്കിൽ അദ്ദേഹം അർഹിച്ചിരിക്കുന്ന ശ്ലാഘയ്ക്കു്

അദ്ദേഹം അർഹനായിത്തീരുകയില്ലായിരുന്നു. താൻ സ്വീകരിക്കേണ്ട പദ്ധതി എന്തായിരിക്കേണമെന്നുള്ളതിനെക്കുറിച്ച് ഗാഢമായി അദ്ദേഹം ആലോചിക്കുന്നുണ്ടായിരുന്നു. "മാർഗറെറ്റ്! എന്റെ ഭാര്യ ഉറങ്ങുകയും ഞാനുറങ്ങുകയാണെന്നു വിചാരിക്കയും ചെയ്തിരുന്ന അസ്വാസ്ഥ്യകരവും ശ്രമകരവുമായ വളരെ വളരെ രാത്രികളിൽ എനിക്ക് എന്തു ആപത്തു സംഭവിക്കാമെന്ന് ഞാൻ ആലോചിച്ചു. അത് നിർണ്ണയിച്ചതിൽ എന്റെ ഹൃദയം വിഷാദപൂർണ്ണമായിരുന്നു" എന്ന് തന്റെ ചിന്താഗതിയെക്കുറിച്ച് മോർ ഒരിക്കൽ തന്റെ മകളോടു പറഞ്ഞു. രാജാക്കന്മാരോടു മത്സരിക്കുന്നതു ആപൽക്കരമായിരിക്കുമെന്നും മോർ ഹെൻറിയുടെ ഹിതത്തെ അനുവർത്തിക്കേണമെന്നും നോർഫോക്ക് പ്രഭു അദ്ദേഹത്തോടുപദേശിച്ചു. "രാജകോപം മരണമാണു" (indignatio principis mors est) എന്നു പറഞ്ഞു നോർഫോക്ക് ഉപദേശം അവസാനിപ്പിച്ചു. "അത്രയുമെ ഉള്ളോ, പ്രഭോ? എന്നാൽ അങ്ങുന്നും ഞാനുമായിട്ടു ഇത്രയെ വ്യത്യാസമുള്ളു: ഞാനിന്നു മരിക്കും, അങ്ങുന്നു നാളെയും മരിക്കും" എന്നു പറഞ്ഞ് ഈ ഉപദേശത്തെ മോർ നിരാകരിച്ചു. സുകൃതങ്ങളിലും ദുഷ്കൃതങ്ങളിലും തന്റെ ആത്മമിത്രങ്ങളായിരുന്നവരെ നിസ്സാരകാരണങ്ങളാൽ കഴുവു കയററുന്നതിനു സന്നദ്ധനായിരുന്ന അതികൃതഘ്നനായ ഹെൻറി ഈ നോർഫോക്ക് പ്രഭുവിന്റെ മേലും രാജദ്രോഹമാരോപിച്ച് അദ്ദേഹത്തെ കൊല്ലുന്നതിന്റെ പ്രാരംഭമായി തടവിൽ പാർപ്പിക്കയുണ്ടായി. എന്നാൽ നോർഫോക്കിന്റെ ഭാഗ്യാതിരേകത്താൽ രാജദ്രോഹബില്ലിനു പാർല്യമെ

ൻറിൻെറ അംഗീകരണം കിട്ടുന്നതിനു മുൻപു് ഹെൻറിയെ മൃത്യു പിടികൂടുകയാൽ അദ്ദേഹം കണ്ടകോടാലിയിൽ നിന്നു രക്ഷിക്കപ്പെട്ടു.

തൻെറ വിവാഹമോചനവും പുനർവിവാഹവും അസാധുവാണെന്നു വിചാരിച്ചിരുന്നവരെക്കൊണ്ടു് അതു രണ്ടും സാധുവാണെന്നു ഹെൻറി ബലം പ്രയോഗിച്ചു സംവദിപ്പിച്ചുകൊണ്ടിരിക്കയിൽ അദ്ദേഹത്തിൻെറ ചിന്ത ഭാവികാര്യങ്ങളിലും വ്യാപരിക്കുന്നുണ്ടായിരുന്നു. ഇവരെയെല്ലാംകൊണ്ടു സംവദിപ്പിച്ചാൽ ഭാവിഫലമെന്തു്? തൻെറ പ്രജകളിൽ ആരെയെല്ലാംകൊണ്ടു സംവദിപ്പിച്ചാലും ക്രിസ്തീയലോകത്തിൻെറ ദൃഷ്ടിയിൽ ആൻബോളിൻ കുലടയും അവളുടെ പുത്രിയായ എലിസബെത്തു് കൌലടേയിയുമായിരുന്നു. മരണം കൊണ്ടു തൻെറ വക്കാണം നിൽക്കുമ്പോൾ ലോകം ഇവരെ ധിക്കരിക്കുമല്ലോ. ഈ ഭവിഷ്യത്തിനെ പരിഹരിക്കുന്നതിനായി തൻെറ കാലശേഷം ഇംഗ്ലണ്ടിൻെറ കിരീടത്തിൻെറ അവകാശം ആൻബോളിനിൽ തനിക്കുണ്ടാകുന്ന മക്കൾക്കാണെന്നു് ഒരു നിയമം ഹെൻറി പാർലമെൻറിനെക്കൊണ്ടു് നിർമ്മിപ്പിച്ചു. ഈ നിയമം മേലിൽ "സന്തതിനിയമം" (Act ot Succession) എന്നു് ഈ ഈ പുസ്തകത്തിൽ വ്യവഹരിക്കപ്പെടുന്നതാകുന്നു. തോമസ് മോറും കൌൺസിൽ സാമാജികന്മാരും തമ്മിലുണ്ടായതായി മുൻ വിവരിക്കപ്പെട്ടിരിക്കുന്ന സംഭാഷണം ഫബ്രവര് മാർച്ചുമാസം ൨൩-ാംനു-യായിരുന്നു. അതു മാസം ൩൦-ാംനു- സന്തതിനിയമം ഊർജ്ജിതത്തിൽ വന്നു. ഈ നിയമപാശം കൊണ്ടാണു് ഹെൻറി തോമസ് മോറിനെ കുടുക്കിൽ അകപ്പെടുത്തിയതു്.

# ആറാമദ്ധ്യായം

## സർ തോമസ് മോറിന്റെ കാരാഗൃഹവാസം.

---

ഇംഗ്ലണ്ടിന്റെ കിരീടത്തിന്റെ അവകാശം ആൻ ബോളീനിന്റെ മക്കൾ വഴിയ്ക്കാണെന്നു് എല്ലാവരും ശപഥം ചെയ്യണമെന്നും അങ്ങനെ ശപഥം ചെയ്യുവാൻ വിസമ്മതം കാണിക്കുന്നവർ വധ്യന്മാരാണെന്നും ഒരു വകുപ്പു സന്തതിനിയമത്തിലുണ്ടായിരുന്നു. ഒരു രാജ്യത്തെ കിരീടത്തിന്റെ അവകാശം ആർക്കാണെന്നു നിശ്ചയിക്കുന്നതു് ആ രാജ്യത്തെ ജനങ്ങളുടെ ഇഷ്ടംപോലെയാണു്. ഇതിൽ ക്രിസ്തീയധർമ്മശാസ്ത്രത്തെ സ്പർശിക്കുന്ന യാതൊരു തത്വവുമടങ്ങിയിട്ടില്ല. "കേസറിന്റേതു കേസറിനും ദൈവത്തിന്റേതു ദൈവത്തിനും" എന്നുള്ള ക്രിസ്തുവിന്റെ ഉപദേശപ്രകാരം ഇതു കേവലം കേസറിന്റെ കാര്യമാണു്; കേവലം ഭൌതികമാണു്. ആയതുകൊണ്ടു് സന്തതിനിയമത്തിൽ വിധിച്ചിരുന്ന പ്രകാരം ശപഥം ചെയ്യുന്നതിനു് ക്രിസ്തീയധർമ്മശാസ്ത്രത്തിൽ നിന്നു രേഖാമാത്രം പോലും വ്യതിചലിക്കാത്തവനും വിരോധമില്ലായിരുന്നു. എന്നാൽ ശപഥവാചകം ഇന്ന വിധത്തിലായിരിക്കണമെന്നു് ഒരു വ്യവസ്ഥയും സന്തതിനിയമത്തിൽ ഇല്ലായിരുന്നു. ശപഥവാചകം രാജാധികാരികൾ യഥേഷ്ടം ഉണ്ടാക്കിക്കൊള്ളാമെന്നാണു് വന്നുകൂടിയതു്. അവർ ഉണ്ടാക്കിയ വാചകത്തിൽ പ്രകൃതത്തോടു സംബന്ധമില്ലാത്ത മൂന്നു സംഗതികൾ കൂടെ ചേർത്തിരുന്നു. ഹെന്റിയും കാതെ

റയിന്നും തമ്മിലുള്ള വിവാഹം അസാധുവാണെന്നും അദ്ദേഹം ആൻബോളിനിനെ വിവാഹം ചെയ്തതു സാധുവാണെന്നും പരദേശവർത്തിയായ യാതൊരു അധികാരിയോടും ആരെങ്കിലും ചെയ്തിട്ടുള്ള വിശ്വാസ്യതാ പ്രതിജ്ഞ ഉപേക്ഷണീയമാണെന്നും ആ വാചകത്തിൽ അവർ കൂട്ടിച്ചേർത്തു. ഈ ഒടുവിൽ പറഞ്ഞതു് മാർപാപ്പായെ ഉദ്ദേശിച്ചും ക്രാൻമെർ മുതലായി ഹെൻറിയുടെ പക്ഷവർത്തികളായിരുന്ന മെത്രാന്മാരെ അവരുടെ പ്രതിജ്ഞയിൽ നിന്നു് മോചിക്കുന്നതിനു വേണ്ടിയുമായിരുന്നു.

ഈ മൂന്നു വാചകങ്ങൾക്കും സമ്മതം കൊടുക്കുന്നതു് കത്തോലിക്കാ സഭയുടെ ധർമ്മശാസ്ത്രത്തിനു വിപരീതമായിരുന്നു. ഈ വാചകങ്ങൾ മൂന്നും അബദ്ധമാണെന്നു എല്ലാവർക്കും അറിയാമായിരുന്നുവെങ്കിലും രാജഭയം നിമിത്തം മാന്യന്മാരായ പലരും രാജാവിന്റെ ഹിതമനുസരിച്ചു ശപഥം ചെയ്തു. എന്നാൽ തോമസ് മോർ മുതലായി ധർമ്മബുദ്ധിക്കു സമം നിർഭയത്വവുമുണ്ടായിരുന്ന ചിലർ ഈ സത്യം ചെയ്യുന്നതിനു് വിസമ്മതിക്കയും ആ കാരണംകൊണ്ടു വധിക്കപ്പെടുകയും ചെയ്തു.

൧൫൩൪ ഏപ്രിൽ മാസം ൧൨-ാംനു- ഞായറാഴ്ച തോമസ് മോറും ജാമാതാവായ റോപ്പെറും സെൻറു് പോൾസ് (St. Paul's) പള്ളിയിൽ പോയി. കുർബാന കഴിഞ്ഞു് അവർ മാർഗരെറ്റു് ഗിഗ്സും അവളുടെ ഭർത്താവായ ജോൺ ക്ലെമെൻറ്സും (John Clements) താമസിക്കുന്ന വീട്ടിൽ കയറി. അവിടെ ഭക്ഷണം

കഴിച്ചുകൊണ്ടിരിക്കുമ്പോൾ പിറേറദിവസം ശപഥം ചെയ്യുവാനായി ലാംബെത്തു (Lambeth) കൊട്ടാരത്തിൽ *രാജാവിൻെറ കമ്മിഷ്യണർമാരുടെ മുൻപിൽ ഹാജരാകണമെന്നുള്ള കല്പന ഒരു ഉദ്യോഗസ്ഥൻ മോറിനെ ഏല്പിച്ചു. പിറേറദിവസം കാലത്തു മോർ എഴുന്നേററു. രാജാവു് അദ്ദേഹത്തിനു് നൽകിയ വലിയസ്ഥാനങ്ങൾ ഏററ ദിവസങ്ങളിൽ ആദ്യം തന്നെ പള്ളിയിൽപോയി കമ്പസാരിച്ചു കർബാന ഉൾക്കൊള്ളുകയും മററു മതകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്തതിൻെറ ശേഷമാണു് സ്ഥാനങ്ങൾ കയ്യേററതു്. ആ സന്ദർഭങ്ങളിൽ ചെയ്ത മതകൃത്യങ്ങളെല്ലാം ഈ ദിവസവും മോർ അനുഷ്ഠിച്ചു. തൻെറ മഹാകൃത്യങ്ങളിൽ ഉത്തമമായതിൻെറ പ്രാരംഭമായിരുന്നല്ലൊ ഈ ദിവസം. അദ്ദേഹം വീട്ടിൽനിന്നു വല്ല കാര്യങ്ങൾക്കും പോകുന്ന അവസരങ്ങളിൽ കുടുംബാംഗങ്ങൾ അദ്ദേഹത്തെ അനുയാത്ര ചെയ്തു വള്ളക്കടവുവരെ ചെല്ലുകയും അവിടെ വെച്ചു അദ്ദേഹം അവരെ ചുംബനം ചെയ്തു യാത്ര പറയുകയും പതിവായിരുന്നു. ഈ പ്രാവശ്യം അവർ വള്ളക്കടവുവരെ ചെല്ലുന്നതിനു് അദ്ദേഹം അനുവദിച്ചില്ല. എല്ലാവരും കൂടെ പടിവാതൽവരെ ചെന്നതിൻെറ ശേഷം അദ്ദേഹം പുറത്തിറങ്ങി പടിവാതലിൻെറ കതകടച്ചു. റോപ്പർ മാത്രം തന്നെ അനുഗമിക്കുവാൻ നിർദ്ദേശിച്ചു. അതിൻെറ ശേഷം വിഷണ്ണവദനനായി നടന്നു് വള്ളത്തിൽ കയറി റോപ്പെറിനോടും നാലു വള്ളക്കാരോടും കൂടെ ലാംബെത്തു കൊട്ടാരത്തെ ലക്ഷ്യമാക്കി യാത്രതിരിച്ചു. മോർ മ്ലാനവദനനായിതന്നെ വള്ളത്തിൽ ഇരിക്കയായിരുന്നു. ഇങ്ങനെ ചിന്താമഗ്നനായിരിക്കയിൽ മോർ പെട്ടെന്നു തിരിഞ്ഞു്

"മകൻ റോപ്പെർ! രണാംഗണം വിജിതമായിരിക്കുന്നു" എന്നു റോപ്പെറിനോടു പറഞ്ഞു. മോർ ഉദ്ദേശിച്ച രണാംഗണവും വിജയവും എന്താണെന്നു ഗ്രഹിക്കാതെ "എനിക്കതിൽ വളരെ സന്തോഷമുണ്ടു" എന്നു റോപ്പെർ മറുപടി പറഞ്ഞു. ലൌകികമായ സകല മോഹത്തെയും താൻ ജയിച്ചുവെന്നായിരുന്നു മോർ പറഞ്ഞതിൻെറ സാരം. ദൃഢനിശ്ചയംകൊണ്ടു ആശാബന്ധങ്ങളിൽ നിന്നു മോചനം സമ്പാദിക്കുന്നതു വിജയങ്ങളിൽ ഉത്തമമായിട്ടുള്ളതാണല്ലോ.

സന്തതിനിയമപ്രകാരമുള്ള ശപഥവാചകം സ്വീകരിക്കുന്നതിനു നിയമിക്കപ്പെട്ടിരുന്ന അധികാരികൾ ക്രോംവെലും, ക്രാൻമെറും, ആഡ്‌ലിയും, വെസ്റ്റ്മിൻസ്റ്ററിലെ ആബ്ബട്ടും (Abbot of Westminster) ആയിരുന്നു. ശപഥംചെയ്യുന്നതിനു കല്പനകിട്ടിയിരുന്ന മററു ചിലർ മോർ ചെല്ലുന്നതിനുമുൻപെ ലാംബെത്തിൽ ഹാജരുണ്ടായിരുന്നു. എങ്കിലും കമ്മിഷ്യണർമാർ മോറിനെ ആദ്യം വിളിച്ചു ശപഥംചെയ്യുമോ എന്നുചോദിച്ചു. ശപഥവാചകം വായിച്ചുനോക്കിയതിൻെറ ശേഷം തൻെറ അഭിപ്രായം പറയാമെന്നു അദ്ദേഹം മറുപടിപറഞ്ഞു. അതിൻെറ ശേഷം അദ്ദേഹം വാചകം വായിച്ചുനോക്കി. അതിൽ വിവരിക്കപ്പെട്ടിരുന്ന ആശയങ്ങൾ സ്വീകരിച്ചു ശപഥംചെയ്യുന്നതിനു വിരോധമില്ലാത്തവരെ താൻ ആക്ഷേപിക്കുന്നില്ലെങ്കിലും തനിക്കു ആ ശപഥംചെയ്യുവാൻ നിവൃത്തിയില്ലെന്നു മോർ പ്രസ്താവിച്ചു. ആ വാചകപ്രകാരം ശപഥംചെയ്തു മഹാനുഭാവന്മാരായ വളരെപ്രഭുക്കളുടെയും ജ്ഞാനപണ്ഡന്മാ

ങ്ങളെയും ഒരു പട്ടിക ആവ്ഡ്ലി മോറിനെക്കാണി ച്ചുകൊണ്ടു് അദ്ദേഹമാണു്, ആ ശപഥത്തിന്നു് ആദ്യം വിസമ്മതം കാണിക്കുന്നതെന്നു ചൂണ്ടിക്കാണിച്ചു. എന്തായാലും ആ ശപഥംചെയ്യുവാൻ തനിക്കു നിവൃത്തിയില്ലെന്നു മോർ തീർത്തുപറഞ്ഞു. ഇതിൻെറ ശേഷം അവർ അദ്ദേഹം പുറത്തൊരു മുറിയിൽ ഇരിക്കാൻ ആജ്ഞാപിച്ചുംവെച്ചു് മററു ചിലരെക്കൊണ്ടു ശപഥം ചെയ്യിക്കുവാൻ തുടങ്ങി.

അന്നു വന്നിരുന്നവർ എല്ലാം രാജഹിതമനുസരിച്ചു ശപഥം ചെയ്തു. കൊട്ടാരത്തിലെ വൈദികന്മാരിൽ ഒരാളായിരുന്ന ഡാക്ടർ വിൽസൺ (Dr. Wilson) മാത്രം വിസമ്മതിച്ചു. അദ്ദേഹത്തെ കമ്മിഷ്യണർമാർ ടൌവർ (Tower) എന്ന കാരാഗൃഹത്തിലേക്കയച്ചു. ടൌവർ ലണ്ടനിലുള്ള ബലമേറിയ ഒരു ദുർഗ്ഗമാണു്. രാജദ്രോഹികളെ ഈ കാരാഗൃഹത്തിലാണു് അക്കാലത്തു്ബന്ധിക്കപ്പെട്ടിരുന്നതു്. തോമസ്മോറും, വിൽസണും ശപഥം ചെയ്യുന്നതിനു വിസമ്മതിച്ചു ആ ദിവസത്തിൽതന്നെ വളരെ വൈദികന്മാർ ശപഥം ചെയ്തു. അവരെല്ലാം രാജപ്രസാദത്തിനു പാത്രമായതിൽ സന്തുഷ്ടരായി തിരിച്ചുപോയി. വൈദ്യുകസഹായനായിട്ടു് തോമസ്മോർ മാത്രം ശേഷിച്ചു ഇത്ര വളരെപ്പേർ ശപഥം ചെയ്യുന്നതും ശപഥം ചെയ്യാത്ത വിൽസൺ കാരാഗൃഹത്തിലായതും കണ്ടിട്ടു് അദ്ദേഹം തൻെറ നിശ്ചയത്തിൽ വല്ലപരിവൎത്തനവും വരുത്തിയിരിക്കാമെന്നു്വിചാരിച്ചുകൊണ്ടു്കമ്മിഷണർമാർ മോറിനെ രണ്ടാമതു വിളിച്ചു. തനിക്കു് ശപഥം ചെയ്യുവാൻ

നിവൃത്തിയില്ലെന്നു മോർ രണ്ടാമതും പ്രസ്താവിച്ചു. ശപഥവാചകത്തിൽ ഏതുഭാഗങ്ങളാണു് സ്വീകാൎയ്യമല്ലാത്തതെന്നു് അവർ ചോദിച്ചു. ഈ ചോദ്യം ഒരു ചതിവായിരുന്നു. ഹെൻറിയുടെ പുനർവിവാഹം അസാധുവാണെന്നു ആരെങ്കിലും പ്രസ്താവിച്ചാൽ ആ പ്രസ്താവത്താൽ തന്നെ അയാൾ കുററക്കാരനാകുമായിരുന്നു. അദ്ദേഹം ഈ അൎത്ഥം വരുന്ന വല്ലമറുപടിയും പറഞ്ഞെങ്കിൽ അതിനാലെ തന്നെ മോർ കുററക്കാരനാകുമായിരുന്നു. അദ്ദേഹത്തിന്റെ വിസമ്മതത്തിൽ അന്തർഭവിച്ചിരുന്ന അൎത്ഥം ഇതുതന്നെയായിരുന്നുവെങ്കിലും അങ്ങനെയൊരു പ്രസ്താവത്താൽ അപരാധിയാകാൻ അദ്ദേഹം ആഗ്രഹിച്ചില്ല. രാജാവിനെക്കുറിച്ചു് താൻ ഒരു ദൂഷണവും പറയുകയില്ല; എന്നാൽ രാജഹിതത്തിനുവേണ്ടി ഒരു ദുഷ്കൃത്യവും ചെയ്യുകയുമില്ല. ഇതായിരുന്നു മോറിന്റെ നില. കമ്മിഷ്യണർമാരുടെ ഈ ചോദ്യത്തിനു് ഉത്തരം രഹസ്യമായി രാജാവിനെ അറിയിക്കാമെന്നു അദ്ദേഹം മറുപടി പറഞ്ഞു. അതു പോരാ എന്നു് അവരും പറഞ്ഞു.

മോറിനെക്കൊണ്ടു് ശപഥം ചെയ്യുന്നതിനു് സമ്മതിപ്പിക്കുവാൻ അവർ വളരെ യുക്തികൾ പറഞ്ഞു നോക്കി. ആ യുക്തികളെല്ലാം അദ്ദേഹം തടുത്തു. അവസാനത്തിൽ മോർ കിരീടാവകാശത്തെ മാത്രം സംബന്ധിച്ച ശപഥം ചെയ്യുവാൻ സന്നദ്ധനാണെന്നു് രാജാവിന്റെ അടുക്കൽ അവർ ഒരു സന്ദേശമയച്ചു. അദ്ദേഹത്തെക്കൊണ്ടു മുഴുവൻ ശപഥവും ചെയ്യിക്കണോ എന്നുള്ളതിനെക്കുറിച്ചു കമ്മിഷ്യണർമാരുടെയിടയിൽ

അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അവകാശത്തെക്കുറിച്ചുള്ള ശപഥംമാത്രം മോർ സ്വീകരിച്ചാലും രാജാവിൻെറ ഉദ്ദേശസിദ്ധിക്ക് അതു പര്യാപ്തമായിരിക്കുമെന്നായിരുന്നു ക്രാൻമെറിൻെറ അഭിപ്രായം. എന്നാൽ ഹെൻറിയുടെ അഭിപ്രായമിങ്ങനെയല്ലായിരുന്നു. ഫിഷേറും മോറും ശപഥംമുഴുവനും സ്വീകരിക്കേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇവർ കിരീടാവകാശത്തെക്കുറിച്ചു മാത്രം ശപഥംചെയ്യുകയും മററുഭാഗങ്ങൾ വിട്ടുകളയുകയും ചെയ്താൽ തൻെറ പുനർവിവാഹം അസാധുവാണെന്നും ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയുടെ മേൽ തനിക്ക് പരമാധിപത്യമില്ലെന്നും ഒരു ധ്വനിയുണ്ടാകുമെന്നും സാധാരണജനങ്ങൾ അതു് വിശ്വസിക്കുമെന്നുമായിരുന്നു ഹെൻറിയുടെ അഭിപ്രായം. ഈ അഭിപ്രായം ശരിയുമായിരുന്നു. ഹെൻറി തൻെറ മർക്കടമുഷ്ടിയുടെകൂടെ ബുദ്ധിയും പ്രദർശിപ്പിച്ചിരുന്നു.

ഈ വിചാരണയുടെ ശേഷം കമ്മീഷ്യണർമാർ തോമസ് മോറിനെ നാലുദിവസം വെസ്റ്റ്മിൻസ്റ്ററിലെ ആബ്ബട്ടിൻെറകൂടെ താമസിപ്പിച്ചു; അതിൽപിന്നെ അദ്ദേഹത്തെ ടൌവറിലേക്കുമാററി. അദ്ദേഹത്തിൻെറ നിശ്ചയത്തിനു വല്ല മാററവുംവരുമോ എന്നറിയുന്നതിനായി അദ്ദേഹത്തെ ഏകദേശം ഒന്നേകാൽ വർഷത്തോളം ഹെൻറി തടവിൽപാർപ്പിച്ചിരുന്നു. കാരാഗൃഹത്തിൽനിന്നു് അവസാനമായി അദ്ദേഹമിറങ്ങിയതു് വദ്ധ്യസ്ഥാനത്തേക്കു പോകുന്നതിനായിട്ടായിരുന്നു.

കാരാഗൃഹത്തിൽ താമസിക്കുന്നകാലത്തും തോമസ് മോർ തൻെറ സഹജമായ പ്രസന്നതയെ പ്രദർശിപ്പിച്ചി

ന്നു. അദ്ദേഹം കാരാഗൃഹവാസം തുടങ്ങിയകാലത്തു് അദ്ദേഹത്തിന് നെഞ്ചുവേദന, അശ്മരി മുതലായ ചില രോഗങ്ങൾ ഉണ്ടായിരുന്നു. കാരാഗൃഹവാസം ഈ രോഗങ്ങൾക്ക് ദോഷകരമായിരുന്നുവെന്ന് പറയണമെന്നില്ലല്ലോ. എങ്കിലും മോർ തന്റെ കഷ്ടപ്പാടുകളെ ക്ഷമയോടും സന്തുഷ്ടിയോടുംകൂടെത്തന്നെ സഹിച്ചു. ടൌവറിന്റെ ഭരണാധികാരി സർ. എഡ്മണ്ട് വാൽസിങ്ഹാം (Edmund Walsingham) എന്നൊരുവനായിരുന്നു. തോമസ്മോർ രാജപ്രതിനിധിയായി ഫ്രാൻസിൽ പോയിരുന്ന സമയം തന്റെകൂടെ പോയിരുന്നവരിൽ ഒരുവനായിരുന്നു വാത്സിങ്ഹാം. ഇദ്ദേഹത്തിന് മോറിന്റെനേരെ വളരെ ആദരവുണ്ടായിരുന്നു എങ്കിലും രാജശാസനത്തിനു വിപരീതമായ യാതൊരു ആനുകൂല്യവും പ്രദർശിപ്പിക്കുവാൻ ഇദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു. ഒരിക്കൽ ടൌവറിൽ കിട്ടിയിരുന്ന ഭക്ഷണത്തിന്റെയും മററും ന്യൂനതകൾ ക്ഷമിച്ചുകൊള്ളണമെന്ന് വാത്സിങ്ഹാം സ്നേഹപൂർവ്വം മോറിനോടു പറഞ്ഞു. "നിങ്ങൾ പറയുന്നതു ഞാൻ സത്യമായിട്ടു വിശ്വസിക്കുകയും നിങ്ങളോടു കൃതജ്ഞനായിരിക്കയും ചെയ്യുന്നു. എനിക്കു കിട്ടുന്ന ഭക്ഷണം എനിക്കിഷ്ടമില്ലാത്തതല്ലെന്നു ഞാൻ ഉറപ്പുപറയുന്നു. നിങ്ങളുടെ ആതിഥ്യത്തെക്കുറിച്ചു ഞാനെപ്പോഴെങ്കിലും കുററം പറഞ്ഞാൽ നിങ്ങൾ എന്നെ നിങ്ങളുടെ പടിക്കു പുറത്തു തള്ളിക്കൊള്ളണം" എന്നിങ്ങനെ ഫലിതമായിട്ടാണ് മോർ അതിന്നു മറുപടി പറഞ്ഞതു്.

ആദ്യകാലത്തു് ടൌവറിന്റെ ഉള്ളിലുള്ള തോട്ടത്തിൽ നടക്കുന്നതിനും ടൌവറിലെ പള്ളിയിൽ

പോകുന്നതിനും മോറിനു സ്വാതന്ത്ര്യമുണ്ടായിരുന്നു. തന്റെ നിശ്ചയം സ്ഥിരമായി നിൽക്കുന്നിടത്തോളം തന്റെ വാസത്തിന്റെ കഷ്ടപ്പാടുകൾ അധികാരികൾ കൂട്ടിക്കൂട്ടിക്കൊണ്ടു വരുമെന്നു് മോറിനു് അറിയാമായിരുന്നു. കാഠിന്യങ്ങൾ കൂടിക്കൂടിവരുമെന്നു അദ്ദേഹം തന്റെ മകൾ മാർഗരെററിനോടു് മുൻകൂട്ടിത്തന്നെ പറഞ്ഞിരുന്നു. അതിൻപ്രകാരംതന്നെ സംഭവിച്ചു. മോർ തന്റെ മുറിയിൽ നിന്നു് പുറത്തിറങ്ങരുതെന്നു് കാലക്രമേണ അധികാരികൾ ഒരു നിഷ്കൃഷ്ചെയ്തു. അദ്ദേഹം വൈമനസ്യംകൂടാതെ ആ നിഷ്കൃഷ്ടയേയും സ്വീകരിച്ചു. ഇങ്ങനെയുള്ള നിയന്ത്രണം മോറിനു ദുസ്സഹമല്ലായിരുന്നു. അദ്ദേഹം പ്രകൃത്യാ വിവിക്തവാസത്തിൽ സന്തുഷ്ടിയുള്ള ഒരു യോഗിയായിരുന്നു. വിവിക്തവാസത്തിൽ ധ്യാനത്തിനും ഈശ്വരസേവയ്ക്കും കൂടുതൽ സൌകര്യമുണ്ടല്ലോ. ഇങ്ങനെയുള്ള കൃത്യങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു.

മോറിന്റെ സംബന്ധികൾ ടൌവറിൽ ചെന്നു് അദ്ദേഹത്തെ കണ്ടുകൊള്ളുന്നതിനു് അധികാരികൾ സമ്മതിച്ചിരുന്നു. ഇതു് അവർ മോറിനോടു് കാണിച്ചു ഒരു ആനുകൂല്യമാണെന്നു വിചാരിക്കുവാൻ പാടില്ല. വല്ല കണക്കിലും അദ്ദേഹത്തെ വധശിക്ഷയിൽ നിന്നു് രക്ഷിക്കുന്നതിനു് സംബന്ധികൾ ഉൽസാഹിക്കുമായിരുന്നല്ലോ. അതിനുള്ള ഏകമാർഗ്ഗം മോറിനെ ശപഥത്തിനു സമ്മതിപ്പിക്കുകയായിരുന്നു. . സന്തപ്തചിത്തരായ ഇവരുടെ പ്രേരണകൊണ്ടു് അദ്ദേഹം അതിനു സമ്മതിക്കുമെന്നു് അധികാരികൾ കരുതിയിരുന്നു.

പണ്ഡിതകളായിരുന്ന മോറിന്റെ പുത്രികൾക്കു് അദ്ദേഹത്തിന്റെ ആദർശമാഹാത്മ്യം ഗ്രഹിക്കുവാൻ കഴിയുമായിരുന്നു. ദേഹത്യാഗത്തിനു പ്രേരിക്കുന്ന ആ ഉന്നതാദർശം ആവശ്യമില്ലെന്നേ അവർ വാദിച്ചിരുന്നുള്ളു. എന്നാൽ ലെയ്ഡിമോറിനു അദ്ദേഹത്തിന്റെ ആദർശത്തിന്റെ സ്വഭാവം തന്നെ മനസ്സിലായിരുന്നില്ല. കേർ നിരർത്ഥമായ ഒരു മർക്കടമുഷ്ടി പിടിക്കുകയാണെന്നേ ഉത്താനബുദ്ധിയായ ആ ഗൃഹനായിക ഗ്രഹിച്ചിരുന്നുള്ളു.

ഒരിക്കൽ ലെയ്ഡിമോർ വന്നു പറയുകയാണു്:- "ഇത്ര നാളും ജ്ഞാനിയാണെന്നു വിചാരിക്കപ്പെട്ടിരുന്ന നിങ്ങൾ ഇപ്പോൾ ഈ മൂഢത്വം കാണിക്കുന്നതിൽ ഞാൻ വിസ്മയിക്കുന്നു. ഈ രാജ്യത്തിലെ എല്ലാ മെത്രാന്മാരും പണ്ഡിതന്മാരായ ആളുകളും ചെയ്തതുപോലെ സത്യംചെയ്തു് രാജാവിന്റെയും കൌൺസിലിന്റെയും പ്രീതി സമ്പാദിച്ചാൽ സ്വതന്ത്രനായി നടക്കാമെന്നിരിക്കെ എലികളുടെയും ചുണ്ടെലികളുടെയും കൂടെ ഈ നാറിയ ഇരുട്ടറമുറയിൽ ഇങ്ങനെ കിടക്കുന്നതു മൂഢത്വമല്ലേ? ചെൽസിയിൽ നിങ്ങൾക്കൊരു നല്ല വീടില്ലേ? പുസ്തകശാലയില്ലേ? പ്രദർശനശാലയില്ലേ? ഇങ്ങനെ ആവശ്യമുള്ളതെല്ലാം ഭംഗിയായിട്ടുണ്ടു്. അവിടെ നിങ്ങളുടെ ഭാര്യയുടെയും, മക്കളുടെയും, പരിജനങ്ങളുടെയും കൂടെ സുഖമായി താമസിക്കാൻ പാടുള്ളപ്പോൾ ഇത്ര വലിയ താല്പര്യത്തോടുകൂടെ ഇവിടെ താമസിക്കുന്നതിന്റെ അർത്ഥമെന്താണെന്നാണു് ഞാൻ വിചാരിക്കുന്നതു്". ലൌകികസുഖത്തെ ജീവിതോദ്ദേശമായി ഗണിക്കുന്ന ഉത്താനബുദ്ധികൾക്കു് ഏവംവിധമായ അഭിപ്രായമേ ഉണ്ടാകയുള്ളു.

ഒരു മഹാശയന്റെ വാത്സല്യഭാജനമായിരിക്കുന്ന-
വൎക്ക് അവന്റെ ആശയം ഗ്രഹിക്കുവാൻ പാടില്ലാതെ
വരുമ്പോൾ അവനുണ്ടാകുന്ന വിഷാദം ദുസ്സഹമായി
രിക്കും. ക്രിസ്തു തന്നെ തന്റെ ശിഷ്യന്മാരുടെ മന്ദബു
ദ്ധിത്വത്തെ അനുശോചിച്ചിട്ടില്ലയോ? തോമസ്
മോറിന് രാജാവിന്റെയും മന്ത്രിസഭയുടെയും മുൻപിൽ
ഉന്നതമായ തന്റെ ആദൎശത്തെ പ്രഖ്യാപനം ചെയ്തു
ധൈൎയ്യസമേതം അതിന്റെ ഫലത്തെ വരിച്ചു കൃതാൎത്ഥ
നാകാമായിരുന്നു. എന്നാൽ തന്റെ പ്രാണപ്രേഷ്ഠ
ഇങ്ങനെ വാദിച്ചാൽ എന്താണ് ചെയ്യുക? "ഈ
സ്ഥലം എന്റെ സ്വന്തസ്ഥലംപോലെ സ്വൎഗ്ഗത്തി
നടുത്തല്ലേ?" എന്ന് മോർ പറയുന്നു. സുഖകരമായ
ഒരു പ്രാസാദത്തിനും ദുഃഖകരമായ ഒരു കാരാഗൃഹ
ത്തിനും സ്വൎഗ്ഗത്തോടുള്ള സാമീപ്യം ഒന്നു തന്നെയാണെ
ന്നു പറഞ്ഞാൽ അത് ഉത്താനബുദ്ധികൾക്കു മനസ്സി
ലാകുമോ? "ഈ ലോകത്തിൽ താനൊരു പഥികനാ
ണെന്നു ഏതു മനുഷ്യനും എളുപ്പത്തിൽ പറയാമെ
ങ്കിലും, ഈ പറയുന്നതിനെ ഹൃദയപൂൎവ്വം ഗ്രഹിക്കയും
ആഗ്രഹിക്കയും ചെയ്യുന്നതു് ഏതു മനുഷ്യനും കഷ്ട
മായിരിക്കും." എന്നിങ്ങനെ മോർ ഭാൎയ്യയോടു പറയു
വാൻതുടങ്ങി "റ പീററിൽ, റ് പാററിൽ, റ് പീററിൽ,
റ് പാററിൽ" എന്നാണ് ലെയ്ഡിമോർ മറുപടി പറ
ഞ്ഞതു്. ഇതിന്റെ സാരം മോറിന്റെ ഏവംവിധ
മായ വാദങ്ങൾ നിരൎത്ഥങ്ങളാണെന്നായിരുന്നു. സൽ
കൃത്യങ്ങളിൽ തന്നെ പ്രോത്സാഹിപ്പിക്കേണ്ടവളായ
ധൎമ്മപത്നി തന്റെ ഉന്നതാദൎശങ്ങളെ ഇങ്ങനെ ബാലി
ശവാദങ്ങളായി ഗണിച്ചതു് അദ്ദേഹത്തിനു മൎമ്മഭേദ
കമായിരുന്നിരിക്കണമല്ലോ.

ലെയ്ഡിമോർ അസംസ്കൃതചിത്തയായ ഒരു സാധാരണ ഗൃഹിണിയെന്നു ഗണിച്ച് അവരുടെ ഉപദേശത്തെ അവഗണിക്കാമെന്നിരിക്കട്ടെ. ധൎമ്മശാസ്ത്രത്തിൽ സുശിക്ഷിതയായിരുന്ന തന്റെ മകൾ മാർഗറെറ്റും തന്നെ തന്റെ ഉന്നതമാൎഗ്ഗത്തിൽ നിന്നു് അപനയിക്കാൻ ശ്രമിച്ചതു് അദ്ദേഹത്തിനു് അരുന്തുദമായിരുന്നു. മോർ കാരാഗൃഹത്തിൽ താമസിക്കുന്നതിനിടയിൽ മാർഗറെറ്റ് പോയി കൌൺസിൽ ആവശ്യപ്പെട്ട പ്രകാരം ശപഥം ചെയ്തുകൊടുത്തു. "ദൈവനിയമത്തോടു യോജിക്കുന്നിടത്തോളം" എന്നുള്ള വാചകംകൂടെ ചേൎത്താണു് മാർഗറെറ്റു ശപഥം ചെയ്തതു്. അവളുടെ ധൎമ്മശിക്ഷയുടെയെല്ലാം ഫലം നിന്ദ്യമായ ഈ കൌശലം മാത്രമാകുന്നു. "ദൈവം സമ്മതിക്കുന്നിടത്തോളം" എന്നു പറഞ്ഞുകൊണ്ടു് നമ്മുടെ ഉത്തമബോധത്തിനു വിപരീതമായ ഒരു കൃത്യം ചെയ്യുന്നതും അധൎമ്മംതന്നെയാണു്. ഇങ്ങനെയുള്ള ചിന്തകളാൽ മോർ വിഷണ്ണനായിത്തീൎന്നു. ഇങ്ങനെയുള്ള വിഷാദങ്ങൾ തനിക്കുണ്ടായെങ്കിലും അദ്ദേഹം തന്റെ ഭാൎയ്യയോടും മക്കളോടും തനിക്കുണ്ടായിരുന്ന സ്നേഹത്തെ ത്യജിക്കയാകട്ടെ അപ്രസന്നനായിത്തീരുകയാകട്ടെ ചെയ്തില്ല. തന്റെ പരമഗുരുവായ ക്രിസ്തുവിനെ അനുകരിച്ച് മോർ പാപങ്ങളെ വെറുക്കുകയും പാപികളോടു ദയകാണിക്കയും ചെയ്തിരുന്നു.

തന്റെ ഭാൎയ്യാസുതയായ ലെയ്ഡി ആലിങ്ങ്ടണ്ണിനെ (Alington) മോർ പുത്രിനിർവിശേഷം സ്നേഹിച്ചിരുന്നു. ആ സ്ത്രീ അദ്ദേഹത്തെ സപിതാവിനെപ്പോലെയും സ്നേഹിച്ചിരുന്നു. വല്ല കണക്കിലും മോർ വധത്തിൽ

നിന്നു രക്ഷപെടേണമെന്നു് ലെയ്ഡി ആലിങ്ങ്ടണ്ണും
സോല്ലണ്ണും ആഗ്രഹിച്ചിരുന്നു. ഒരിക്കൽ മാർഗറെററു
ലെയ്ഡി ആലിങ്ങ്ടണ്ണിന്റെ പ്രാത്ഥനയെ നിവൃത്തി
പ്പിക്കുന്നതിനായി മോറിന്റെപക്കൽ വന്നു. മാർഗരെ
റ്റു് കൊണ്ടുവന്ന സന്ദേശം കേട്ടതിന്റെ ശേഷം അദ്ദേഹം
തന്റെസഹജമായ ഫലിതത്തോടുകൂടെ ഇങ്ങനെ മറുപ
ടിപറഞ്ഞു:—"എന്തു്! ഹവ്വാമ്മെ (Mistress Eve)
എന്റെ മകൾ ആലിങ്ങ്ടൺ നിന്റെ പക്കൽ സർപ്പം
കളിച്ചു, ഇല്ലേ! അവൾ ഒരെഴുത്തുകൊണ്ടു് നിന്റെ
പിതാവിനെ പരീക്ഷിക്കുന്നതിന്നു് നിന്നെ നിയോഗി
ച്ചിരിക്കുന്നു. നിന്റെ പിതാവിനോടുള്ള സ്നേഹത്തെ
പ്രതി അയാളെക്കൊണ്ടു് തന്റെ മനസ്സാക്ഷിക്കു വിരോ
ധമായി ശപഥം ചെയ്യിച്ചു് പിശാചിന്റെ അടുക്കൽ
അയക്കാൻ നീ പ്രയത്നിക്കയും ചെയ്യുന്നു, അല്ലേ?......
മകളെ! മാർഗരെററു്! രണ്ടുമൂന്നു പ്രാവശ്യത്തിലധികം
നമ്മൾ ഈ കാര്യത്തെക്കുറിച്ചു സംസാരിച്ചിട്ടുണ്ടല്ലോ.
ദൈവത്തിനു് വിരോധം വരാത്ത വിധത്തിൽ രാജാവു
തിരുമേനിയെ തൃപ്തിപ്പെടുത്തുവാൻ കഴിയുമായിരുന്നെ
ങ്കിൽ എന്നെക്കാൾ സന്തോഷത്തോടുകൂടെ മററാരും ഈ
ശപഥം ചെയ്യുകയില്ലായിരുന്നുവെന്നു് ഞാൻ നിന്നോടു
പറഞ്ഞിട്ടില്ലേ."

ദൈവഹിതത്തിന്നു് വിപരീതമല്ലാത്തതെന്തും
ആർക്കുവേണ്ടിയും ചെയ്യുവാൻ തോമസ്മോർ സന്നദ്ധ
നായിരുന്നു. അനാവശ്യമായ വാശിയും നിർബന്ധവും
അദ്ദേഹത്തെ സ്പർശിച്ചിരുന്നില്ല. മോർ തുടർന്നു പറഞ്ഞു:-
"മകളേ, ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഉത്തമനെന്നു

നിക്കറിയാവുന്നവന്റെ പുറത്തുപോലും എന്റെ ആത്മാവിനെ ഘടിപ്പിച്ചു വെക്കുന്നതിനു് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അയാൾ അതിനെ എങ്ങോട്ടു കൊണ്ടുപോകുവാൻ ഇടയാകുമെന്നെനിക്കറിഞ്ഞുകൂടല്ലോ. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനെക്കുറിച്ചു് അവൻ ജീവിച്ചിരിക്കുമ്പോൾ എനിക്കു് നിശ്ചയമില്ല. ചിലർ ഇഷ്ടംകൊണ്ടും ചിലർ ഭീരുത്വം കൊണ്ടും പ്രവൎത്തിച്ചു് എന്റെ ആത്മാവിനെ തെററായ വഴിക്കു കൊണ്ടുപോയേക്കാം. ചിലർ ഒരു മനസ്സാക്ഷിയെ നിർമ്മിച്ചിട്ടു് പിന്നീടു് പശ്ചാത്തപിച്ചു പാപമോചനം പ്രാപിച്ചുകൊള്ളാമെന്നും ദൈവം അതു് തങ്ങൾക്കു നൽകുമെന്നും വിചാരിച്ചേക്കാം. തങ്ങൾ ഒന്നു പറകയും മറെറാന്നു വിചാരിക്കയും ചെയ്താൽ ദൈവം നാക്കിനെക്കാൾ ഹൃദയത്തെ ഗൌനിച്ചുകൊള്ളുമെന്നും ആയതുകൊണ്ടു് തങ്ങളുടെ സത്യം വാക്കിനെയല്ല, മനസ്സിനെ അനുഗമിക്കുന്നുവെന്നും ചിലർ പക്ഷെ വിചാരിച്ചേക്കാം. എന്നാൽ, മാർഗരെററു്! ഇങ്ങനെയുള്ള ഒരു വലിയ കാര്യത്തിൽ അങ്ങനെയുള്ള മാൎഗ്ഗങ്ങളിലൊന്നിനേയും അനുസരിക്കുവാൻ എനിക്കു് നിവൃത്തിയില്ല."

ഇതു കേട്ടിട്ടും മാർഗരെററു് ഹവ്വായെപ്പോലെ തന്നെ ആചരിച്ചു. തന്റെ പിതാവിന്റെ ഈ ദൃഢനിശ്ചയത്താൽ വരാവുന്ന വിധിയെ സഹിക്കുവാൻ നിവൃത്തിയില്ലാതെ അവൾ മററു പ്രലോഭനങ്ങൾ പ്രയോഗിച്ചുനോക്കി. മഹാപണ്ഡിതന്മാരെന്നും ചിന്താശീലന്മാരെന്നും പ്രസിദ്ധിയുള്ളവർ ശപഥംചെയ്തല്ലോ. ഇതാണു് മാർഗരെററിന്റെ പിന്നത്തെ യുക്തി. അതിനു മോർ പറയുന്നു:-

"ശപഥം ചെയ്തവരിൽ അതിപണ്ഡിതന്മാരായ ചിലർ ശപഥം ചെയ്യണമെന്നുള്ള നിർബന്ധം ഉണ്ടാകുന്നതിനു മുൻപ് ശപഥം ചെയ്ത സംഗതികൾക്കു വിപരീതമായി പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു് എനിക്കു നിശ്ചിതമായിട്ടറിയാം; അവരുടെ പ്രസ്താവങ്ങൾ സാഹസികമോ യാദൃച്ഛികമോ അല്ലായിരുന്നു; സത്യം കണ്ടുപിടിക്കുന്നതിനായി ഉത്സാഹപൂർവ്വം ഗവേഷണം ചെയ്തതിന്റെ ശേഷം പലപ്പോഴും അവർ പ്രസ്താവിച്ചിട്ടുണ്ടു്." അവർ പുനരാലോചനയിൽ അവരുടെ ആദ്യ അഭിപ്രായം അബദ്ധമാണെന്നു കണ്ടായിരിക്കാമെന്നു ഗാർഗററിനു സമാധാനം പറഞ്ഞു. ഇതു ശരിയായിരിക്കാം; മററുള്ളവർ പരമാത്ഥികളല്ലെന്നു പറയുവാൻ മോറിനു് ഔദ്ധത്യമില്ല; തന്റെ ധമ്മബുദ്ധി അതിനനുവദിക്കയുമില്ല. ജീവിച്ചിരിക്കുന്ന ഒരുവനെയും തന്റെ ആത്മാവിനെ ഏൽപ്പിക്കയില്ലെന്നു മോർ മുൻപെ തന്നെ പറഞ്ഞല്ലോ. ജീവിച്ചിരിക്കുന്ന മനുഷ്യന്റെ ബുദ്ധി ഏതെല്ലാം കപഥങ്ങളിൽ സഞ്ചരിക്കുമെന്നു നമുക്കു് മുൻകൂട്ടി നിശ്ചയിക്കുവാൻ പാടില്ല. ജീവിച്ചിരിക്കുന്ന ആരുടെയും മാതൃകയെ മോർ അനുഗമിക്കയുമില്ല. മോർ പറയുന്നു: "മുൻപെ മരിച്ചവരും സ്വർഗ്ഗത്തിൽ നിവസിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നവരുമായവരെ നമുക്കു നോക്കാം. ജീവിച്ചിരുന്നപ്പോൾ ചില കാര്യങ്ങളിൽ ഞാനിപ്പോൾ വിചാരിക്കുന്നതുപോലെ വിചാരിച്ചിരുന്നവർ അവരിൽ ന്യൂനപക്ഷമല്ലായിരുന്നുവെന്നു എനിക്കു് നിശ്ചയമുണ്ടു്." ക്രിസ്തുവിനുവേണ്ടി ദേഹത്യാഗം ചെയ്ത അനവധി മഹാനുഭാവന്മാരെയാണു് മോർ ഇവിടെ ഉദ്ദേശിക്കുന്നതു്. ശുക്ലാംബരന്മാരായ ആ മഹാവീരന്മാരുടെ

ഗണത്തിൽ താനും ഗണിക്കപ്പെടുവാനിരുന്നതിൻെറ പൂർവ്വജ്ഞാനം ഈ വാക്യങ്ങളിൽ ധ്വനിക്കുന്നു.

മാർഗറെററിൻെറ യുക്തികളെല്ലാം തീൎന്നു; ഒന്നും മിണ്ടാതെ ചിന്താമഗ്നയായി ഇരിപ്പായി. മാർഗറെററ് ലെയ്ഡിമോറിനെക്കാൾ ശിക്ഷിതയായിരുന്നല്ലോ. അവൾക്കു മോറിൻെറ ആശയങ്ങൾ ഗ്രഹിക്കാമായിരുന്നു. അദ്ദേഹം പറഞ്ഞതൊന്നും "റ്റ്വിററിൽ, റ്റ്വാററിൽ" അല്ലെന്നു് അവൾ ഗ്രഹിച്ചിരുന്നു. എങ്കിലും ഈ മഹാതിക്തകമൊന്നു മാററിക്കിട്ടുമോ എന്നാണു് അവൾ ചിന്തിക്കുന്നതു്. തൻെറ പ്രിയപുത്രിയുടെ വിഷാദത്തെ സഹജമായ നർമ്മാലാപം കൊണ്ടു നീക്കുന്നതിനു് അദ്ദേഹം ശ്രമിക്കുന്നു. "എന്തു്, മകളെ, മാർഗറെററു്? ഹവ്വാമ്മെ, ഇനിയുമെന്താണു്? നിൻെറ വിചാരമിപ്പോളെവിടെയാണു്? അപ്പൻ ആദാമിനു് പഴം ഒരിക്കൽക്കൂടെ കൊടുക്കുന്നതിനു് ഒരു പുതിയ പ്രലോഭനം കണ്ടുപിടിക്കാൻ ഹൃദയത്തിലിരിക്കുന്ന സർപ്പത്തോടു് ആലോചിച്ചും കൊണ്ടു് ഇരിക്കേണ്ട" എന്നു മോർ പറഞ്ഞു.

മാർഗറെററിൻെറ തൂണീരത്തിൽ ഇനിയും പ്രലോഭനാസ്ത്രങ്ങളൊന്നുമില്ല. അവൾപറഞ്ഞു: "ഇതിലധികം പറയുവാൻ, അപ്പാ, എനിക്കു് ശക്യമല്ല". മഹാശയന്മാരുടെ അഭിപ്രായങ്ങളും നടപടികളുമെല്ലാം മാർഗറെററ് വിവരിച്ചു കഴിഞ്ഞിരുന്നു. ഗത്യന്തരമില്ലാതെ ഇനിയും ഫലിതക്കാരുടെ യുക്തി പറഞ്ഞുനോക്കാമെന്നു അവൾ നിശ്ചയിച്ചു. "വിജ്ഞന്മാരുടെ മാതൃകകൊണ്ടു് അങ്ങു ചലിക്കയില്ലെന്നു വന്നിരിക്കെ, മാസ്റ്റർ ഹാറി

പാറററൻസൺ (Master Harry Pattenson) പറഞ്ഞ യുക്തിക്കൊണ്ടു് അങ്ങയെ വശീകരിക്കാമോ എന്നു നോക്കുകയല്ലാതെ മററൊന്നും ഞാൻ കാണുന്നില്ല” എന്നു് മാർഗററെറു് പറഞ്ഞു. ഈ ഹാറി പാറററൻസൺ മോറിന്റെ കുടുംബവിദൂഷകനാണു്. “നമ്മുടെ ഭൃത്യന്മാരിൽ ഒരുവനെ അയാൾ ഒരു ദിവസം കണ്ടു് അങ്ങു് ഇപ്പോഴും ടൗവറിൽ കിടക്കുന്നതെന്താണെന്നു കേട്ടപ്പോൾ അയാൾ അങ്ങയോടു കോപിച്ചു് “എന്തു്? ശപഥം ചെയ്യാതിരിക്കാൻ അദ്ദേഹത്തിനെന്താണു് സുഖക്കേടു്? ശപഥം ചെയ്യാനദ്ദേഹത്തിനിത്ര മടിയെന്താണു്? ഞാൻ തന്നെ ശപഥം ചെയ്തു കഴിഞ്ഞല്ലോ” എന്നു പറഞ്ഞു. തന്റെ പ്രാണവേദനയിൽ കണ്ടുമായ ഈ അസ്ത്രവും മാർഗററെറു് പ്രയോഗിച്ചു.

ശപഥം ചെയ്യിക്കുന്നതിനു സമ്മതിപ്പിക്കുന്നതിനായി അധികാരികൾ തന്നെ ദേഹോപദ്രവം ചെയ്തു പീഡിപ്പിക്കുമെന്നു് മോറിനു ശങ്കയുണ്ടായിരുന്നു. അക്കാലത്തു പ്രതികളിൽ നിന്നു സമ്മതം വാങ്ങുവാനായി പ്രയോഗിച്ചിരുന്ന പീഡനങ്ങൾ അതിദാരുണങ്ങളും നികൃഷ്ടങ്ങളുമായിരുന്നു. മോറിനെക്കൊണ്ടു സത്യവാചകം സമ്മതിപ്പിക്കുവാനായി അദ്ദേഹത്തെ പീഡിപ്പിച്ചേക്കുമെന്നുള്ള ഭയം അദ്ദേഹത്തിന്റെ സംബന്ധികളെയും പരിഭ്രാന്തരാക്കിയിരുന്നു. അദ്ദേഹം ദേഹോപദ്രവം ഏൽക്കേണ്ടിവരുമെന്നു് ക്രോംവെൽ സൂചിപ്പിക്കയും ചെയ്തിരുന്നു. മോറിനെയും സ്നേഹിതന്മാരെയും ഈ ശങ്കയാണു് അത്യന്തം വിഹ്വലരാക്കിയതു്. മാർഗറെററു് ഈ അത്യാഹിതത്തെ സൂചിപ്പിച്ചു് തീവ്രവേദനയോടുകൂടെ തന്റെ പിതാവിനോടു സംസാരിച്ചു. ശരീരവേദനയെ മറുതലിച്ചു നില്ക്കുമാൻ തനിക്കു സാധി

ക്കമോ എന്നൊരു സംശയം അദ്ദേഹത്തിനുമുണ്ടു്. ആ അത്യാഹിതം നേരിടാതിരിക്കുന്നതിന്നു് അദ്ദേഹം സന്തപ്ലചിത്തനായി ദൈവത്തോടു പ്രാൎത്ഥിക്കുന്നുണ്ടായിരുന്നു. ദൈവം എന്തെങ്കിലുമൊരു പ്രതിവിധിയുണ്ടാക്കുമെന്നു് അദ്ദേഹം ദൃഢമായി വിശ്വസിക്കയും ചെയ്തിരുന്നു. "മാർഗറെറ്റു്, അവസാനമായി, എനിക്കിതറിയാം; എന്നിൽ നിന്നു് ഒരു തെററുകൂടാതെ ഞാൻ നശിച്ചുപോകുന്നതിന്നു ദൈവം സമ്മതിക്കയില്ല. ആയതുകൊണ്ടു് ദൃഢമായ പ്രത്യാശയോടുകൂടെ ഞാനെന്നെ ദൈവത്തിന്നു സമൎപ്പിക്കും......എന്നാൽ, മെഗ്, ഉത്തമവിശ്വാസത്തോടുകൂടെ ഞാൻ പറയുന്നു: ദൈവത്തിന്റെ മൂല്യമായ ദയ എന്റെ പാവപ്പെട്ട ആത്മാവിനെ സംരക്ഷിക്കയും ഞാൻ ദൈവത്തെ സ്തുതിക്കുന്നതിന്നിടയാക്കുകയും ചെയ്യും. അതുകൊണ്ടു്, എന്റെ സ്വന്ത നല്ല മകളെ, ഈ ലോകത്തിൽ എനിക്കു സംഭവിക്കാവുന്ന യാതൊന്നിനെക്കുറിച്ചും നീ നിന്റെ മനസ്സിനെ ഒരിക്കലും കലുഷമാക്കാതിരിക്കു. ദൈവം നിശ്ചയിക്കുന്നതല്ലാതെ ഒന്നും വരികയില്ല." എന്നിങ്ങനെ പറഞ്ഞു് മോർ മകളെ ആശ്വസിപ്പിച്ചു.

അക്കാലത്തു് രാജദ്രോഹം സമ്പാദിക്കുന്നവരുടെ സ്വത്തുക്കൾ എടുത്തു് രാജാവു് തന്റെ സേവകന്മാൎക്കു് കൊടുക്കുക അസാധാരണമല്ലായിരുന്നു. ഈ വിഷയത്തിൽ ഹെൻറി അദ്വിതീയനമായിരുന്നു. തന്നോടു വിരോധമുള്ളവരുടെയും കത്തോലിക്കാ മതസ്ഥാപനങ്ങളുടെയും അനവധി വസ്തുവകകൾ കവൎന്നെടുത്തു് സേവകന്മാൎക്കു വീതിച്ചുകൊടുത്തവനാണു് ആ രാജാവു്. ഇങ്ങനെയുള്ള അക്രമം നടക്കുന്ന രാജ്യത്തു് രാജസേവകന്മാരും

രാജദ്രോഹികളും വളരെയുണ്ടാകുന്നതു് വിസ്മയകരമല്ല. മനുഷ്യരിൽ മിക്കവരും ധനലോലുപന്മാരാണു്; ധനലാഭത്തിനായി എന്തും ചെയ്യുവാൻ സന്നദ്ധന്മാർ വളരെയുണ്ടു്. ഒരുവനെ രാജദ്രോഹത്തിൽ കുടുക്കിയാൽ അവന്റെ വസ്തുക്കൾ കരസ്ഥമാകുമെന്നുണ്ടെങ്കിൽ ഇല്ലാത്ത രാജദ്രോഹവും അവനിൽ ആരോപിക്കാൻ അർത്ഥലോലുപന്മാർ ഉത്സാഹിക്കുമല്ലോ. ഇങ്ങനെ ചെയ്താൽ രാജപ്രീതിയും സമ്പാദിക്കാം. സന്മാർഗ്ഗത്തിലും ദുർമ്മാർഗ്ഗത്തിലും തന്നെ സഹായിക്കാൻ സന്നദ്ധരായ വളരെ സേവകന്മാർ ഈ പദ്ധതിമൂലം രാജാവിനുമുണ്ടാകും. ഹെൻറിയും തന്റെ അനന്തരന്മാരിൽ ചിലരും തങ്ങളുടെ തന്നിഷ്ടങ്ങളെ ഇംഗ്ലണ്ടിൽ ബലപ്പെടുത്തിയതു് ഈ മാർഗ്ഗത്തിലൂടെയാണു്. ഹെൻറി ഈ മാർഗ്ഗത്തിനു പുറമെ ക്രൗര്യവും പ്രയോഗിച്ചിരുന്നു. തോമസ് മോർ രാജാവിന്റെ അപ്രീതിക്കു പാത്രമായെന്നു കണ്ടപ്പോൾ സമുദായ ഗൃദ്ധ്രങ്ങൾ ഉത്പക്ഷന്മാരായിത്തീർന്നു. മോറിനു് ഓക്സ്ഫോർഡ്ഷയറിൽ (Oxford Shire) ഉണ്ടായിരുന്ന സ്ഥാവരവസ്തുക്കൾ രാജാവു് ഹെൻറി നോറിസ് (Henry Norris) എന്ന പേരായ ഒരാൾക്കു കൊടുത്തു. കെന്റിൽ (Kent) അദ്ദേഹത്തിനുണ്ടായിരുന്ന വസ്തുക്കൾ ആൻബോളിന്റെ സഹോദരനായ ജോർജ്ജ്ബോളിനും കൊടുത്തു. മോറിന്റെ ചെത്സിയിലെ ഗൃഹം കിട്ടുന്നതിനു് സഫോക്കു് (Suffolk) പ്രഭു ഹെൻറിയെ നിർബന്ധിക്കാനും തുടങ്ങി. മോറിന്റെ ഭാര്യയുടെയും മക്കളുടെയും വായിൽ മണ്ണടിക്കുന്ന പണിയായിരുന്നല്ലോ ഇതു്. സംഗതിയുടെ ഈ വശം മോറിനെ അത്യന്തം വ്യസനിപ്പിച്ചു. ഇതിനെക്കുറിച്ചു തനിക്കുള്ള വ്യസനത്തെ വിവരിച്ചു മോർ മാർഗരെററിനൊരെഴു

ത്തെഴുതി. "എന്റെ നല്ലമകനും, നിന്റെ ഭർത്താവിനും, എന്റെ നല്ല മകളായനിനക്കും, എന്റെ നല്ലഭാര്യയ്ക്കും മററുമുള്ള എന്റെ നല്ല മക്കൾക്കും നിർദ്ദോഷികളായ എന്റെ സ്നേഹിതന്മാർക്കും ഉണ്ടായിരിക്കുന്ന വ്യസനത്തെയും ദോഷത്തെയും കാണുന്നതു് എനിക്കു് ഭയങ്കര സന്താപമായിരിക്കുന്നു."

മോർ തന്റെപുത്രിക്കു നൽകിയിരുന്ന ശിക്ഷണം നിഷ്ഫലമായിരുന്നില്ല. തന്റെ പിതാവു് സഹിച്ചിരുന്ന കഷ്ടപ്പാടുകളിൽനിന്നും സഹിക്കുവാനിരുന്ന ഹിംസയിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുന്നതിനായി അവൾ ഭീരുയോഗ്യമായ ഉപദേശം നൽകിയതു വാസ്തവമാണു്. എന്നാൽ അത്ഥനാശം അവളെ ക്ലേശിപ്പിക്കുന്നില്ല. അത്ഥനാശത്തെക്കുറിച്ചു് തനിക്കും മററുള്ളവർക്കും യാതൊരു ക്ലേശവുമില്ലെന്നും അദ്ദേഹത്തിന്റെ ഉൽകൃഷ്ടങ്ങളായ ആദ്ധ്യാത്മികോപദേശങ്ങളെക്കുറിച്ചു അങ്ങൾ സർവ്വദാ കൃതജ്ഞരായിരിക്കുന്നുവെന്നും അദ്ദേഹത്തോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നതു തങ്ങളുടെ പരമോദ്ദേശമായിരിക്കുമെന്നും മററും മാർഗരെററു് മറുപടി അയച്ചു.

തോമസ്മോർ തടവിൽ പാർത്തിരുന്ന കാലത്തു് സമയം നയിച്ചിരുന്നതു സാഹിത്യകൃത്യങ്ങൾ കൊണ്ടാണു്. ചിലരുടെ ചിന്തകൾ തൂലികകളിൽ കൂടെയാണല്ലോ അധികമായി പ്രവഹിക്കുന്നതു്. അങ്ങനെയുള്ളവരിൽ ഒരുവനായിരുന്നു തോമസ്മോർ. എഴുതുവാൻ തുടങ്ങുമ്പോളാണു് അദ്ദേഹത്തിന്റെ മനസ്സിൽ

ഉന്നതചിന്തകൾ ഉദിച്ചിരുന്നതു്. അദ്ദേഹം തടവിൽ കിടന്ന കാലത്തുതന്നെ ഒരു പുസ്തകമെഴുതി പൂർത്തിയാക്കി. തോമസ്മോറിന്റെസാഹിത്യകൃതികളെ വിവരിക്കുന്ന അദ്ധ്യായത്തിൽ ഇതും പ്രതിപാദിക്കപ്പെടും. അദ്ദേഹത്തിനു സാഹിത്യലഭ്യമായ ഈ ആശ്വാസമില്ലാതാക്കണമെന്നു് അധികാരികൾ തീരുമാനിച്ചു; അദ്ദേഹത്തിന്റെ പേനാകളെല്ലാം എടുത്തു മാററി. അവർ പേനാകൾ മാററിയെങ്കിലും അദ്ദേഹത്തിനു കടലാസു കിട്ടാൻ മാർഗ്ഗമുണ്ടായിരുന്നുവെന്നു തോന്നുന്നു. പേനായ്ക്കും മഷിക്കും പകരം കരിക്കഷണം കൊണ്ടു് അദ്ദേഹം ചിലതെല്ലാം എഴുതിയിട്ടുണ്ടു്.

തോമസ്മോർ സത്യവാചകം നിഷേധിച്ച ദിവസത്തിൽതന്നെ ഡോക്ടർ വിൽസൺ എന്നൊരാളും അതു നിഷേധിച്ചതായി നാം കണ്ടുവല്ലോ. അദ്ദേഹവും മോറിനെപ്പോലെ തടവിൽ പാർക്കാനാണല്ലോ കൗൺസിൽ വിധിച്ചതു്. വിൽസണും മോറും സ്നേഹിതന്മാരായിരുന്നു. അവർ രണ്ടുപേരുമൊരുമിച്ചാണു് സത്യവാചകത്തിൽ അടങ്ങിയിരുന്ന സംഗതികളെക്കുറിച്ചു് അദ്ധ്യയനംചെയ്തു കർത്തവ്യം എന്തെന്നു തീരുമാനിച്ചതു്. രണ്ടുപേരുമൊരുമിച്ചാണു് കാരാഗൃഹത്തിൽ ബദ്ധരായതു. എന്നാൽ കുറെമാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിശ്ചയം പതറാൻ തുടങ്ങി. വല്ല കണക്കിലും തങ്ങളുടെ ദുർദ്ദശയ്ക്കു് ഒരുപരിഹാരമുണ്ടാക്കരുതോ എന്നു് അദ്ദേഹം മോറിനൊരെഴുത്തയച്ചു ചോദിച്ചു. സഹനമല്ലാതെ മറെറാരു മാർഗ്ഗവും താൻ കാണുന്നില്ലെന്നും എന്നാൽ തന്നെത്തന്നെയല്ലാതെ മററുള്ളവരെ വിധിക്കു

വാൻ താൻ സന്നദ്ധനല്ലെന്നും മോർ മറുപടി അയച്ചു. താൻ സത്യം ചെയ്യാൻ ഭാവിക്കയാണെന്ന് അപ്പോൾ വിൽസൺ മോറിനെ അറിയിച്ചു. "നമ്മുടെ കർത്താവു് നിങ്ങൾക്കിതിൽ സൌഭാഗ്യം തരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു......ദൈവത്തിന്റെ പ്രസാദംകൊണ്ടു് ഞാൻ എന്റെ മനസ്സാക്ഷിയെ അനുഗമിക്കും......... എന്റെ മനസ്സാക്ഷിപ്രകാരം അവസാനംവരെ പോകാൻ സാധിക്കുമോ എന്നുള്ളതു് ദൈവത്തിന്റെ നന്മയെ ആശ്രയിച്ചിരിക്കുന്നു; എന്റെ നന്മയെ അല്ല. നിങ്ങളുടെ ഭക്തിമത്തായ പ്രാർത്ഥനകളിൽ എന്നെയും ദൈവത്തെ സ്മരിപ്പിക്കണമെന്നു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു. എന്റെ അയോഗ്യങ്ങളായ പ്രാർത്ഥനകളിൽ അനുദിനം ഞാൻ നിങ്ങളെ സ്മരിക്കുന്നതാകുന്നു." എന്നു് അവസാനമായി മോർ അദ്ദേഹത്തിനെഴുതുകയും ചെയ്തു.

വിൽസൺ സത്യംചെയ്തു് വിംബോൺ (Wimborne) എന്ന സ്ഥലത്തെ ഡീനേറിയുടെ (deanery) ആദായങ്ങൾക്കു് അർഹനായിത്തീർന്നു. തോമസ് മോർ ഏകാകിയായിട്ടു് കുഷ്ഠമായ തന്റെ മാർഗ്ഗത്തെത്തന്നെ അനുസരിക്കയും ചെയ്തു.

# ഏഴാമദ്ധ്യായം.

## വിസ്താരവും വിധിയും.

തോമസ് മോർ തടവിൽ പാൎത്തകാലത്തു് ഗ്രന്ഥരചനയിലും ഉദ്യുക്തനായിരുന്നുവെന്നു് നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുവല്ലൊ. പീഡകളിൽ ആശ്വാസം ലഭിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെ പ്രതിപാദിക്കുന്നതായ ഒരു ആദ്ധ്യാത്മികഗ്രന്ഥം അദ്ദേഹം എഴുതിത്തീൎത്തു. ഇതിന്റെശേഷം അദ്ദേഹം പ്രധാനമായി ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെക്കുറിച്ചുള്ള ധ്യാനത്തിൽ തന്റെ സമയം കഴിച്ചിരുന്നു. ധ്യാനത്തിൽ തന്റെ മനസ്സിൽ ആവിൎഭവിച്ച ചിന്തകളെ അദ്ദേഹം രേഖപ്പെടുത്തുക പതിവായിരുന്നു. തന്റെ ധ്യാനങ്ങൾ ഇങ്ങനെ രേഖപ്പെടുത്തി ക്രിസ്തു ആസന്നങ്ങളായ പീഡകളെ ഉദ്ദേശിച്ചു കദൎത്ഥിതനായി ധ്യാനനിമഗ്നനായി ഗത്സെമനി തോട്ടത്തിൽ രാത്രി നയിച്ച ആ ഘട്ടത്തിൽ എത്തി. "അവർ യേശുവിൽ കൈവെച്ചു" എന്നുള്ള സുവിശേഷവാക്യം മോർ എഴുതിത്തീൎത്ത ആ ക്ഷണത്തിൽ കാരാരക്ഷികൾ മുറി തുറന്നു് അദ്ദേഹം കൗൺസിലിന്റെ മുൻപിൽ ഹാജരാകുന്നതിനാജ്ഞാപിച്ചു. ഈ സംനിപാതം യാദൃഛികമായിരുന്നിരിക്കാം. എങ്കിലും അതു് അൎത്ഥവത്തായിരുന്നു. ഗത്സെമനി തോട്ടത്തിൽവെച്ചു് യഹൂദകിങ്കരന്മാർ ക്രിസ്തുവിൽ കൈവെച്ചതു് ക്രിസ്തു സഹിച്ച മഹാമേനിക്ഷയത്തിന്റെ പ്രാരംഭമായിരുന്നു. കൌൺസിലിന്റെ മുൻപിൽ ഹാജരാകുവാനുള്ള ഈ ആജ്ഞ

തോമസ്മോറിൻെറ മേനിക്ഷയത്തിൻെറയും ആരംഭമായിരുന്നു.

ഇതു സംഭവിച്ചതു് 1535 ഏപ്രിൽ മാസം 30-ാം തീയതിയാണു്. തോമസ്മോർ കാരാഗ്രഹത്തിൽ താമസിക്കുന്ന കാലത്തു് ഹെൻറിയും സേവകന്മാരും പാർലമെൻറിനെക്കൊണ്ടു് പുതിയ ഒരു രാജദ്രോഹനിയമം ഉണ്ടാക്കിച്ചിട്ടുണ്ടായിരുന്നു. രാജാവിനും രാജ്ഞിക്കും അവരുടെ അവകാശികൾക്കും എതിരായി ആരെങ്കിലും എന്തെങ്കിലും പറയുകയോ എഴുതുകയോ ചെയ്താൽ അതു് വധാർഹമായ രാജദ്രോഹമായിരിക്കുമെന്നായിരുന്നു ആ നിയമത്തിൻെറ സാരം. "നമ്മുടെ അധീശപ്രഭുവായിരിക്കുന്ന രാജാവു് പാഷണ്ഡ (Heretic) നാണെന്നോ ഛിദ്രകാരി (Schismatic)യാണെന്നോ ജനദ്രോഹി (Tyrant) യാണെന്നോ അവിശ്വാസി (Infidel) ആണെന്നോ" ആരെങ്കിലും പറഞ്ഞാൽ അവൻ വധാർഹനായിരുന്നു. പ്രജകളുടെ ശ്വാസം മുട്ടിക്കുന്ന ഈ നിയമവും ഒന്നും മിണ്ടാതെയിരിക്കുന്നവരെ ശിക്ഷിക്കണമെന്നു വിധിച്ചിരുന്നില്ല.

ക്രോംവെല്ലിൻെറയും മററു നാലുപേരുടെയും മുൻപിൽ മോറിനെ കാരാരക്ഷികൾ കൊണ്ടുവന്നു. അദ്ദേഹം ഇരിക്കാമെന്നു അവർ പറഞ്ഞു; എന്നാൽ അദ്ദേഹം ഇരുന്നില്ല. വധ്യനായ പ്രതി തൻെറ ന്യായാധിപന്മാരുടെ കൂടെ ഇരിക്കുന്നതു യുക്തമല്ലല്ലോ. ക്ഷണികമായ ആ ബഹുമാനം മോറിനു് ആവശ്യമില്ല. പുതിയ നിയമം കണ്ടോ എന്നു് ക്രോംവെൽ ചോദിച്ചു; കണ്ടെന്നു് അദ്ദേഹം പറഞ്ഞപ്പോൾ അതിനെക്കുറിച്ചുള്ള

അഭിപ്രായമെന്താണെന്നു് ക്രോംവെൽ പിന്നെ ചോദിച്ചു. അതിനെക്കുറിച്ചുള്ള അഭിപ്രായമെന്തായിരിക്കണം? ആ മനുഷ്യന്റെ മനസ്സാക്ഷിയെ നിശ്ശേഷം ഹനിക്കുന്ന ഒരു നിയമമായിരുന്നു. ഇങ്ങനെ മോർ പറഞ്ഞെങ്കിൽ അതിനാലെതന്നെ അദ്ദേഹത്തെ കുടുക്കാമെന്നായിരുന്നു ക്രോംവെല്ലിന്റെ ഉദ്ദേശം. ആ നിയമത്തെക്കുറിച്ചു താൻ ഒരഭിപ്രായവും പറയുന്നില്ല എന്നു മോർ മറുപടിപറഞ്ഞു. ഇങ്ങനെയൊന്നും പറഞ്ഞാൽ രാജാവു സമ്മതിക്കയില്ലെന്നും പൂർണ്ണതരമായ ഉത്തരമാവശ്യമാണെന്നും ക്രോംവെൽ പ്രസ്താവിച്ചു. അതിന്റെശേഷം ഹെൻറിയുടെ ഗുണഗണങ്ങളെ അധികരിച്ചു ക്രോംവെൽ ഒരു പ്രസംഗം ചെയ്തു.

ഇതിന്റെ ശേഷം അവർ മോറിനെ പുറത്തേക്കയച്ചുവെച്ചു് എന്തോ ആലോചിച്ചു സ്വല്പനേരം കഴിഞ്ഞപ്പോൾ അവർ വീണ്ടും മോറിനെവിളിച്ചു. ഹെൻറിയുടെ മറ്റു പ്രജകളെപ്പോലെ തന്നെ അദ്ദേഹവും നിയമങ്ങൾക്കും ശിക്ഷകൾക്കും അധീനനല്ലേ എന്നു് ക്രോംവെൽ ചോദിച്ചു. ഇതിനു വിപരീതമായൊന്നും താൻ പറയുന്നില്ലെന്നു മോർ പറഞ്ഞു. മോറിന്റെ നിർബന്ധം മറ്റുള്ളവർക്കു് പ്രോൽസാഹനമായിത്തീരുന്നുവെന്നു് അപ്പോൾ ക്രോംവെൽ ചൂണ്ടിക്കാണിച്ചു. "ഏതെങ്കിലും അഭിപ്രായമിന്നവിധമായിരിക്കണമെന്നു നിശ്ചയിക്കുവാൻ ഞാനാർക്കും സന്ദർഭം കൊടുത്തില്ല; അഭിപ്രായമിന്നപ്രകാരമായിരിക്കണമെന്നു ഞാൻ ആരോടും ഉപദേശിച്ചിട്ടുമില്ല" എന്നു പറഞ്ഞു് മോർ ക്രോംവെല്ലിന്റെ ഈ ദോഷാരോപണത്തെ നിരാകരിച്ചു. അപ്പോൾ ക്രോംവെൽ പറഞ്ഞു: "കൊള്ളാം, ഈ നിയമത്തിൽ ദോഷമൊന്നുമില്ലെന്നു നിങ്ങൾ വിചാരിക്കുന്നു.

അതു കഴിഞ്ഞുള്ള മററു വല്ല നിയമങ്ങളിലും വല്ല ദോഷവുമുണ്ടോ?" ഇവിടെ മോർ സമ്മതിക്കാത്ത ഒരു സംഗതി സമ്മതിപ്പാൻ വേണ്ടി ഭാവിച്ചുകൊണ്ടാണ് ക്രോംവെൽ ഈ ചോദ്യം ചോദിക്കുന്നതു്. താൻ ഈ നിയമത്തെക്കുറിച്ചാകട്ടെ മററു നിയമങ്ങളെക്കുറിച്ചാകട്ടെ യാതൊരഭിപ്രായവും പറഞ്ഞിട്ടില്ലെന്നു് മോർ ഇതിനു മറുപടിയായി പറഞ്ഞു. മോർ പറഞ്ഞതൊന്നും അദ്ദേഹത്തിനെതിരായി പ്രയോഗിക്കയില്ലെന്നു പറഞ്ഞുംകൊണ്ടു് ക്രോംവെൽ അദ്ദേഹത്തെ കാരാഗൃഹത്തിലേക്കു വീണ്ടുമയച്ചു.

ഈ നടന്ന സംഗതികളെക്കുറിച്ചു് മോർ മാർഗരെററിനെഴുതിയയച്ചു; അതു കിട്ടിയ ഉടനെ മാർഗരെററു് അദ്ദേഹത്തെ കാണുന്നതിനു് അനുവാദം ചോദിച്ചു. മേ മാസം ൪-ാംതീയതി അദ്ദേഹത്തെ കണ്ടുകൊള്ളുന്നതിനു് അധികാരികൾ അനുവദിച്ചു. മാർഗരെററു് തന്റെ പിതാവിനോടുകൂടെ സംസാരിച്ചുകൊണ്ടിരിക്കവെയാണു് അദ്ദേഹത്തിന്റെ മേൽ ആരോപിച്ചിരിക്കുന്ന ആ കുററത്തിനായി തൂക്കിലിടുന്നതിനായിട്ടു് മൂന്നു കാർത്തൂസ്യൻ (Carthusian) പ്രിയോർ (Prior) മാരും മറെറാരുവനും കാരാഗൃഹത്തിൽ നിന്നും നയിക്കപ്പെട്ടതു്. മാർഗരെററിന്റെ സന്ദർശനവും ഭയാനകമായ ഈ സംഭവവും ഒരേസമയത്തു നടക്കുന്നതിനു് ഇടയായതു് യാദൃച്ഛികമായിരുന്നില്ല. നിർബന്ധം പിടിച്ചു നിന്നാൽ മോറിനും വന്നു ഭവിക്കാവുന്ന ഈ ദുരന്തം കണ്ടിട്ടു് പിതാവും പുത്രിയും ഭയപ്പെടുകയും അന്യോന്യവാത്സല്യത്താൽ മോർ വിജിതനായിത്തീരു

കയും ചെയ്യുമെന്നായിരുന്നു അധികാരികൾ കണക്കാക്കിയിരുന്നത്. എന്നാൽ അവരുടെ കണക്ക് തെററിപ്പോയി. ഈ ധീരന്മാർ വധ്യസ്ഥാനത്തേയ്ക്കു നയിക്കപ്പെട്ടുന്നതു് മോർ തൻെറ മുറിയുടെ ജന്നലിൽ കൂടെ കണ്ടു. "മെഗ്", അനുഗൃഹീതന്മാരായ ഈ പിതാക്കന്മാർ മണവാളന്മാർ പരിണയത്തിനു പോകുന്നതു പോലെ ആഹ്ലാദപൂർവ്വം തങ്ങളുടെ മരണത്തിനു പോകുന്നതു നീ കാണുന്നില്ലേ" എന്നു് അദ്ദേഹം മകളോടു ചോദിച്ചു. അധികാരികൾ ഗ്രഹനം ചെയ്ത ഭീഷണത്തിൻെറ ഫലം തോമസ് മോറിനെ സംബന്ധിച്ചിടത്തോളം ഇതുമാത്രമായിരുന്നു.

ഇതിൻെറ ശേഷം കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ പിന്നെയും മോർ വിചാരണക്ക് ഹാജരാകുവാൻ കൌൺസിൽ ആജ്ഞാപിച്ചു. ഈ പ്രാവശ്യം അദ്ദേഹത്തെ വിചാരണ ചെയ്യുവാൻ ഇരുന്നവരുടെ സംഘത്തിൽ ക്രോംവെൽ കൂടാതെ രാജാവിൻെറ മുഖ്യോപദേഷ്ടാക്കളിൽ ക്രാൻമെറും, ആഡ്ലിയും, ആൻബോളിനിൻെറ പിതാവുമുണ്ടായിരുന്നു. കഴിഞ്ഞ വിചാരണയുടെ വിവരങ്ങൾ കേട്ടിട്ട് രാജാവ് ഒരു വിധത്തിലും തൃപ്തനായിട്ടില്ലെന്നും ആയതുകൊണ്ടു് നിയമം സാധുവാണോ അല്ലയോ എന്നു് മോർ സ്പഷ്ടവും നിശ്ചിതവുമായ ഒരുത്തരം പറയണമെന്നു ക്രോംവെൽ പ്രസ്താവിച്ചു. രാജാവിൻെറ തൃപ്തികേടു കൊണ്ടു് തനിക്ക് വ്യസനമുണ്ടെങ്കിലും യാതൊരുത്തരവും പറയുവാൻ തനിക്ക് നിവൃത്തിയില്ലെന്നു മോർ ഇതിനു മറുപടി പറഞ്ഞു. ആഡ്ലിയും, ക്രോംവെല്ലുംകൂടെ

മോറിനെക്കൊണ്ടു് വല്ല കണിക്കിലും ഒരു അബദ്ധം പറയിച്ചു കുടുക്കിലാക്കാൻ പല പണികളും നോക്കി. മോർ ചാൻസെല്ലറായിരുന്നപ്പോൾ മാർപാപ്പായുടെ പരമാധിപത്യം സമ്മതിക്കുന്നുവോ എന്നു് ചിലരോടു ചോദിക്കയും അവർ മറുപടി പറയാൻ നിർബന്ധിക്കയും ചെയ്തിട്ടുണ്ടായിരിക്കണമല്ലോ എന്നു് അവർ വാദിച്ചു. അങ്ങനെയിരിക്കെ, ഹെൻറി ക്രിസ്തീയസഭയുടെ തലവനാണോ എന്നുള്ള ചോദ്യത്തിനു മറുപടി പറയുവാൻ എന്തുകൊണ്ടു നിർബന്ധിച്ചുകൂടാ? ഇതായിരുന്നു ക്രോംവെല്ലിൻെറ ഒരു പ്രശ്നം.

ലോകമൊട്ടുക്കുള്ള കത്തോലിക്കാസഭ സമ്മതിക്കുന്നതായ മാർപാപ്പായുടെ ആധിപത്യവും തനിക്കുണ്ടെന്നു ഹെൻറി വാദിക്കുന്ന ആധിപത്യവും തമ്മിൽ യാതൊരു സാമ്യവും ഇല്ലെന്നു മോർ ഇതിനു മറുപടിയായി പ്രസ്താവിച്ചു. പാപ്പായുടെ ആധിപത്യം ഏതു നാട്ടുകാരായാലും സകല കത്തോലിക്കരും സമ്മതിക്കുന്നതാണു്. ആയതുകൊണ്ടു് അതു് കത്തോലിക്കാസഭയുടെ വിശ്വാസത്തിൻെറ ഒരംശമാണു്. എന്നാൽ ഹെൻറിയുടെ വാദം തനിക്കു് കത്തോലിക്കാസഭയുടെ ഇംഗ്ലണ്ടിലുള്ള അംശത്തിന്മേൽ ആധിപത്യമുണ്ടെന്നേ ഉള്ളൂ. ഹെൻറിക്കു ഈ ആധിപത്യമുണ്ടെന്നു വന്നാൽ തന്നെയും അതു് വെറുമൊരു പ്രാദേശികാചാരമാകാനേ പാടുള്ളല്ലോ. വെറുമൊരു പ്രാദേശികാചാരം സവ്വജ്ജനീനമായ ഒരു തത്വത്തെ ബാധിക്കുന്നതല്ലായിരിക്കണമല്ലോ. അതിനെ നിരസിക്കുന്നതു് പാഷണ്ഡതയല്ല. എന്നിങ്ങനെ മോർ തൻെറ നിലയെ വിശദീകരിച്ചു.

മോർ ഇങ്ങനെ വാദിക്കുന്നതിന്നിടയിൽ ആദ്ധ്യാത്മികപദാർത്ഥങ്ങളെ ഭൌതികശക്തിയുടെ മാനദണ്ഡംകൊണ്ടു് അളക്കുക ശീലമായിരുന്ന ക്രോംവെൽ സന്ദർഭോചിതമായ ഗൌരവം കൂടാതെ ഹെൻറിയുടെ സന്നിധിയിൽ മോറും മോറിൻെറ സന്നിധിയിൽ പാഷണ്ഡനും തമ്മിലുള്ള വ്യത്യാസം ശിരശ്ഛേദവും ദഹനവും തമ്മിലുള്ളതായിരുന്നുവെന്നു പറയുകയുണ്ടായി. "അല്ല, ശിരശ്ഛേദവും നരകവും തമ്മിലുള്ള വ്യത്യാസമാണു്" എന്നു് മോർ അതിന്നു സഗൌരവം മറുപടി പറഞ്ഞു.

മോറും രാജപുരുഷന്മാരും തമ്മിൽ പിന്നെയും വളരെ വാഗ്വാദങ്ങൾ നടന്നു. ഈ വാദങ്ങളുടെയിടയിൽ മരിക്കുന്നതിന്നു തനിക്കു് വലിയ മനസ്സുകേടില്ലെന്നു സന്ദർഭവശാൽ മോർ പറയുകയുണ്ടായി. എന്നാൽ പിന്നെ ഹെൻറിയുടെ നിയമം അസാധുവാണെന്നു നേരേ പറഞ്ഞു കാര്യമവസാനിപ്പിക്കരുതോ എന്നു് രാജപുരുഷന്മാർ ചോദിച്ചു. ഇതിന്നു് മോർ മറുപടിയായി പറഞ്ഞു: "ധൈര്യസമേതം മരണം വരിക്കുവാൻ തക്കവണ്ണം പവിത്രമായ ജീവിതം നയിച്ച ഒരാളല്ല ഞാൻ എൻെറ ഔദ്ധത്യം നിമിത്തം ഞാൻ പതിക്കുന്നതിന്നു ദൈവം അനുവദിച്ചേക്കാം. അതുകൊണ്ടു് ഞാൻ മുൻപോട്ടു വരാതെ പിൻവലിയുകയാണു്. എന്നാൽ ദൈവംതന്നെ എന്നെ അതിലേക്കു് (മരണത്തിലേക്കു) ആകർഷിച്ചാൽ എനിക്കാവശ്യമുള്ള അനുഗ്രഹവും ധൈര്യവും എനിക്കു തരാതെയിരിക്കയില്ലെന്നു ദൈവത്തിൻെറ മഹാദയയിൽ ഞാൻ ശരണപ്പെടുന്നു." മോർ ഇവിടെ പ്രതിപാദിക്കുന്ന സൂക്ഷ്മമായ വ്യത്യാസം

ധൌതികചിത്തന്മാരായിരുന്ന രാജപുരുഷന്മാർ ഗ്രഹി ച്ചുകാണാൻ ഇടയില്ലം. മോർ തൻെറ നിയമപാടവ മെല്ലാം പ്രയോഗിച്ചു് തന്നിൽ ആരോപിക്കുന്നതിന് രാജപുരുഷന്മാർ ശ്രമിച്ച അപരാധങ്ങളെ എതിർത്തു് മരണഭയം കൊണ്ടല്ലായിരുന്നു; മരണം തൻെറ ഔദ്ധ ത്യംകൊണ്ടു് ആത്മഹത്യയാകരുതെന്നുള്ള വിചാരം കൊണ്ടു മാത്രമായിരുന്നു.

ഇതിൻെറ ശേഷം മോറിൻെറ ലേഖനങ്ങളിൽ നിന്നു് രാജദ്രോഹത്തിന്നു തെളിവു കണ്ടുപിടിക്കുവാൻ അധികാരികൾ പ്രയത്നിച്ചു. ആ പ്രയത്നം വിഫല മായിത്തീൎന്നു. എങ്കിലും കാരാഗൃഹത്തിൽ അദ്ദേഹ ത്തിൻെറ കൈവശമുണ്ടായിരുന്ന ലേഖനസാമഗ്രികൾ എടുത്തു മാററുന്നതിന്നു് അവർ ആജ്ഞ നൽകി. ഈ ലേഖനങ്ങളിൽ കണ്ട ചില നിസ്സാരസംഗതികൾ കൂടെചേർത്തു് അദ്ദേഹത്തിൽ അവർ അപരാധം ആ രോപിക്കയും ചെയ്തു.

ഇങ്ങനെ ചില വിചാരണകൾ കഴിച്ചതിൻെറ ശേ ഷം അവർ മോറിനെ കാരാഗൃഹത്തിലേക്കു തിരിച്ച യച്ചു. ഇതെല്ലാം അദ്ദേഹത്തിൻെറ മേൽ ആരോപി ക്കുന്നതിന്നു് അപരാധങ്ങൾ കണ്ടുപിടിക്കുന്നതിന്നാ യിട്ടു നടത്തിയ ഗവേഷണങ്ങൾ മാത്രമിരുന്നു. ജൂൺ മാസം ൧൯-ാംനു- കാർത്തുസ്യൻ വൈദികരുടെ മററാ രുസംഘത്തെ തൂക്കിലിട്ടു. ജൂൺ ൨൨-ാംനു- റോച്ചെസ്റ്റർ മെത്രാനായ ജോൺഫിഷർ വധിക്കപ്പെട്ടു. ജൂലായി മാസം ൧-ാംനു- തോമസ്മോറിൻെറ മേൽ അപരാധം ആരോപിച്ചുള്ള വിസ്താരം തുടങ്ങി. അദ്ദേഹത്തിൻെറ

മേൽ രണ്ടു കുററങ്ങളാണു് ആരോപിക്കപ്പെട്ടതു്. ക്രോംവെൽ നടത്തിയ പൂൎവ്വവിചാരണയിൽ ഹെൻറിയെ സഭയുടെ തലവനായി സ്വീകരിക്കുന്നോ എന്നുള്ള ചോദ്യത്തിനു് "അങ്ങനെയുള്ള കാൎയ്യങ്ങളിൽ ഞാൻ ഇടപെടുകയില്ല" എന്നു മോർ പറഞ്ഞതു് രാജദ്രോഹമാണെന്നായിരുന്നു ഒന്നാമത്തെ അപരാധാരോപണം. ജോൺ ഫിഷറും മോറുംകൂടി തങ്ങളുടെ മേൽ ആരോപിക്കുന്ന കുററത്തിനു എന്തുത്തരം നൽകുകണമെന്നാലോചിച്ചുവെന്നായിരുന്നു രണ്ടാമത്തെ അപരാധാരോപണം. മോർ ഫിഷറിനയച്ചു ഒരെഴുത്തിൽ "പാർല്യമെൻറിൻെറ നിയമം ഒരു ഇരട്ടവാത്തലവാളാകുന്നു; എന്തെന്നാൽ ഒരാൾ ഒരു വിധത്തിൽ ഉത്തരം പറഞ്ഞാൽ അവൻെറ ആത്മാവു നശിക്കും, മറെറ വിധത്തിൽ പറഞ്ഞാൽ ശരീരം നശിക്കും" എന്നെഴുതിയിട്ടുണ്ടായിരുന്നു. ഇതു് രാജദ്രോഹാലോചനയാണെന്നായിരുന്നു അധികാരികളുടെ വാദം. ആ കാലത്തു് സൊളിസിററർ ജെനറൽ (Solicitor General) ആയിരുന്നതു് റിച്ചു് (Rich) എന്നു പേരായ ഒരു മനുഷ്യാധമനായിരുന്നു. ഇയാൾ ജൂൺ ൧൨-ാംനു- കാരാഗൃഹത്തിൽ ചെന്നു മോറിനെ കാണുകയുണ്ടായി. സംഭാഷണത്തിനിടയിൽ പാർല്യമെൻറിനു് ഹെൻറിയെ സഭയുടെ പരമാധിപനാക്കുന്നതിനു് അധികാരമില്ലെന്നു മോർ പറഞ്ഞുവെന്നു് ഒരു അപരാധം അയാളും പറഞ്ഞുണ്ടാക്കി. ഇതിനെല്ലാമാണു് മോറിനെ വിസ്തരിക്കാൻ അധികാരികൾ ആരംഭിച്ചതു്. എന്നാൽ വിസ്താരം തുടങ്ങുന്നതിനു മുൻപെ തന്നെ മോർ രാജദ്രോഹിയാണെന്നു ഹെൻറി വിധിച്ചിരുന്നു. മോറിൻെറ രാജദ്രോഹങ്ങളെക്കുറിച്ചു് പള്ളികളിൽ പ്രസംഗിക്കുന്നതിനു ജൂൺ ൧൬-ാംനു- ഹെൻറി തൻെറ പാശ്ച

തതിലുണ്ടായിരുന്ന വൈദികപ്രാസംഗികന്മാൎക്കു് കല്പന
അയച്ചിട്ടുണ്ടായിരുന്നു. സത്തമനെന്നു പ്രസിദ്ധനായി
രുന്ന മോറിനെ കൊല്ലാൻ വിധിച്ചുവെന്നു പെട്ടെന്നു
കേട്ടാൽ ജനങ്ങൾക്കുണ്ടാകാവുന്ന ക്ഷോഭത്തെ ലഘുത
രമാക്കുന്നതിനു ചെയ്ത ഒരു വിദ്യയായിരിക്കാമിതു്.

ഒന്നാമത്തെ അപരാധാരോപണത്തിനു മറുപടി
യായിട്ടു മോർ വാദിച്ചതു് പാർല്യമെൻറിൻെറ നിയ
മത്തെക്കുറിച്ചു ഒന്നും പറയാതെയിരുന്നതിനു് താൻ
ദണ്ഡാൎഹനാകയില്ലെന്നായിരുന്നു. ആ നിയമപ്രകാര
മാകട്ടെ ലോകത്തിലുള്ള മറേറതു നിയമപ്രകാരമാകട്ടെ
വാക്കുകൾക്കോ പ്രവൃത്തികൾക്കോ ആയിട്ടല്ലാതെ
മൌനത്തിനു് ആരും ദണ്ഡാൎഹനാകയില്ലെന്നു്
അദ്ദേഹം പറഞ്ഞു. അപ്പോൾ ന്യായാധിപന്മാരിൽ
ഒരുവൻ മൌനം വിരോധത്തിൻെറ ലക്ഷണമാണെന്നു
വാദിച്ചു. "മൌനം സമ്മതമാണെന്നുള്ള സാധാരണ
നിയമത്തിലെ പ്രമാണം സത്യമാണെങ്കിൽ എൻെറ
മൌനത്തെ സമ്മതമായിട്ടു വേണമല്ലോ വ്യാഖ്യാനി
ക്കാൻ" എന്നിതിനു മോർ മറുപടി പറഞ്ഞു. രണ്ടാ
മത്തെ അപരാധാരോപണത്തെക്കുറിച്ചു മോർ സമാ
ധാനം പറഞ്ഞതു് താനും ഫിഷരും തമ്മിലുള്ള എഴു
ത്തുകളിൽ രാജദ്രോഹപരമായ യാതൊരാലോചനയു
മില്ലായിരുന്നുവെന്നായിരുന്നു. ഫിഷറിൻെറ കൈവ
ശമുണ്ടായിരുന്ന ലേഖനങ്ങളും മററും ദഹിപ്പിക്കപ്പെ
ട്ടിരുന്നതിനാൽ അതുകളിൽ തെളിവുണ്ടെന്നു പറയു
വാൻ അധികാരികൾക്കു നിവൃത്തിയുമില്ലായിരുന്നു.
പാർല്യമെൻറിൻെറ നിയമം ഇരട്ടവാത്തലയുള്ള
വാളാണെന്നു് ജോൺ ഫിഷറിൻെറ വിസ്താര

ത്തിനിടയ്ക്കു് അദ്ദേഹവും പറഞ്ഞിരുന്നു. ഈ ആശയം മോറിന്റെ ഒരെഴുത്തിലുമുണ്ടായിരുന്നതിനാൽ ഫിഷർ അങ്ങനെ പറഞ്ഞതു മോറിന്റെ ദുർബോധന കൊണ്ടാണെന്നു് അധികാരികൾ വാദിച്ചു. ഫിഷർ മഹാപണ്ഡിതനും മഹാപുണ്യവാനുമായിരുന്നല്ലോ. ഫിഷർ അങ്ങനെ പറഞ്ഞെങ്കിൽ അതു് അദ്ദേഹവും താനുമായുള്ള അഭിപ്രായസാമ്യം കൊണ്ടാണെന്നും തന്റെ ദുർബോധന കൊണ്ടല്ലെന്നും മോർ പ്രതിവാദം ചെയ്തു.

ഇതിന്റെ ശേഷം മോർ റിച്ചിന്റെ മൊഴിയെ വിമർശിക്കുവാൻ തുടങ്ങി. എല്ലാകാലങ്ങളിലും എല്ലാ സമുദായങ്ങളിലും സന്ദർഭസേവികളെ നാം കാണുന്നുണ്ടു്. എന്നാൽ റിച്ചിനെപ്പോലെ നീചനും ലജ്ജാവിഹീനനുമായ മറെറാരു സന്ദർഭസേവിയെ നാം കാൺകയില്ല. ശുഭകാംക്ഷിയെന്നുള്ള ഭാവത്തിൽ വിശ്വസ്തതയും നടിച്ചു ആളുകളെക്കണ്ടിട്ടു് അവർ പറഞ്ഞതും പറയാത്തതുമായ സംഗതികൾക്കു് ഒരു വിചാരണയിൽ മൊഴികൊടുക്കുന്നവൻ അതിനികൃഷ്ടനായ മനുഷ്യനായിരിക്കണമല്ലോ. ഈ റിച്ചു് ഫിഷറിന്റെയും മോറിന്റെയും വിചാരണയിൽ ഈ വിധമാണു് പ്രവർത്തിച്ചതു്. ഇവന്റെ അനന്തരചരിത്രം ഇതുപോലെതന്നെ നിന്ദ്യമാണു്. ഇവൻ ക്രോംവെല്ലിന്റെ സഹായിയായി നിന്നുകൊണ്ടു് സന്യാസാശ്രമങ്ങളെ നിർത്തൽ ചെയ്യുകയും അവയുടെ സ്വത്തുക്കളുടെ ഓഹരി കൈക്കലാക്കുകയും ചെയ്തു. എന്നാൽ ക്രോംവെൽ രാജകോപത്തിനു പാത്രമായപ്പോൾ അയാൾക്കെതിരായി മൊഴി കൊടുക്കുന്നതിനു ഇവൻ സന്നദ്ധനായിരുന്നു. ഹെൻറിയുടെ മരണത്തിനുശേഷം നവീകരണക്കാർക്കു് ശക്തി

കുറഞ്ഞപ്പോൾ ഇവൻ അവക്കെതിരായി നിന്നുകൊണ്ടു് അവരെ കഠിനമായി ഉപദ്രവിച്ചിരുന്നു. എന്നാൽ എഡ്‌വെർഡ്‌ഷഷ്ഠൻ രാജാവായപ്പോൾ ഇവൻ എതിർകക്ഷിയിൽ ചേൎന്നു. എഡ്‌വെർഡിനു പുരുഷപ്രായം തികഞ്ഞിട്ടില്ലായിരുന്നതിനാൽ സോമെർസെററ് (Somerset) പ്രഭു അദ്ദേഹത്തിൻെറ രക്ഷാധികാരിയായി രാജ്യഭാരം നടത്തുകയായിരുന്നു. നമ്മുടെ റിച്ചു് അദ്ദേഹത്തിൻെറ ആത്മമിത്രമായിത്തീൎന്നു. ഇവൻെറ സാഹായ്യങ്ങൾക്കു പ്രതിഫലമായി സോമെർസെററു് ഇവനു് ഒരു പ്രഭുസ്ഥാനവും ചാൻസെല്ലർസ്ഥാനവും കൊടുത്തു. എന്നാൽ സോമെർസെററു് അധഃപതിക്കയും നോർത്തംബർലൻഡ് (Northumberland) പ്രഭു രാജ്യാധികാരിയായിത്തീരുകയും ചെയ്തപ്പോൾ ഇവൻ അദ്ദേഹത്തിൻെറ കക്ഷിയിൽ ചേൎന്നു. തന്നെ പ്രഭുവും ചാൻസെല്ലറുമാക്കിയ സോമർസെററിനെ വിസ്തരിച്ചു കൊലക്കു വിധിച്ചതു് ഈ കൃതഘ്നനാണു്. യാഥാസ്ഥിതികന്മാർ ശക്തിമാന്മാരായിരുന്നപ്പോൾ നവീകരണക്കാരെ ഉപദ്രവിച്ചിരുന്ന ഈ ഉദരംഭരി ഇപ്പോൾ യാഥാസ്ഥിതികന്മാരെ ദ്രോഹിക്കുന്നതിൽ ഉത്സാഹിയായിത്തീൎന്നു. എഡ്‌വെർഡ് ബാല്യത്തിൽ തന്നെ മരിച്ചു. അപ്പോൾ ജെയിൻഗ്രെ (Jane Grey) എന്ന രാജവംശ്യയായ സ്ത്രീയെ രാജ്ഞിയാക്കുന്നതിനു ഒരു കൂട്ടുകെട്ടുണ്ടായി. ഇവർ പ്രസിദ്ധം ചെയ്ത വിളംബരത്തിൽ നമ്മുടെ റിച്ചും ഒപ്പു വെച്ചു. എന്നാൽ ജെയിൻഗ്രെയുടെ വിജയം സന്ദിഗ്ദ്ധമെന്നു കണ്ടപ്പോൾ പുള്ളി കാലുമാറി ഹെൻറിയുടെ പുത്രി മേരിയുടെ പക്ഷത്തു ചേൎന്നു. മേരിയുടെ മന്ത്രിസഭയിൽ ഇയാൾ

ഒരംഗമായിത്തീർന്നു. ഇതിന്റെശേഷം നോത്തംബേർലൻഡ് പ്രഭുവിനെ രാജദ്രോഹത്തിനു വിസ്തരിക്കാൻ നിശ്ചയിച്ച കമ്മിഷ്യനിൽ ഒരു സ്ഥാനം സ്വീകരിച്ചു. മേരി യാഥാസ്ഥിതികി, എന്നു പറഞ്ഞാൽ കത്തോലിക്കാമതാവലംബിനി, യായിരുന്നു. റിച്ചും ഒരു കത്തോലിക്കനെന്നു നടിച്ചുകൊണ്ട് നവീകരണക്കാരെ അതിദാരുണമായി ഉപദ്രവിച്ചു. ഇങ്ങനെ ആവശ്യംപോലെ തന്റെ അഭിപ്രായങ്ങളെ മാററുകയും സ്വാത്ഥബുദ്ധിയാൽ പ്രേരിതനായിട്ടു ഉപകാരികൾക്ക് അപകാരം ചെയ്യുകയും ചെയ്തിരുന്ന സന്ദർഭസേവിയായ ഉദരംഭരിയായിരുന്നു ഈ റിച്ച്. ഇവന്റെ അതിനീചമായ തകിടംമറിച്ചിലുകൾ മോറിന്റെ മരണശേഷമാണു് പ്രത്യക്ഷമായതു്. എങ്കിലും ഇവൻ നിന്ദ്യപ്രകൃതിയാണെന്നു് മോറിനറിയാമായിരുന്നു.

മോർ മൂർത്തമായ സത്യംപോലെ വിളങ്ങിയിരുന്ന തന്റെ നയനങ്ങളെ ഈ നീചന്റെ നേരെ തിരിച്ചുകൊണ്ടിങ്ങനെ പ്രസ്താവിച്ചു: "എന്റെ പ്രഭുക്കന്മാരേ! ഞാൻ സത്യത്തെക്കുറിച്ചു് ബഹുമാനമില്ലാത്തവനായിരുന്നെങ്കിൽ ഈ സ്ഥലത്തു് ഈ സമയത്തു് ഇങ്ങനെ നില്ക്കുകയോ ഈ കേസിൽ പ്രതിയായിരിക്കയോ ചെയ്യേണ്ടതായിരുന്നുവെന്നുള്ളതു് പ്രസിദ്ധമാണല്ലോ. മിസ്റ്റർ റിച്ച്! നിങ്ങൾ ചെയ്തിരിക്കുന്ന ഈ സത്യം (സാക്ഷിയായി മൊഴികൊടുക്കുന്നതിനു മുൻപു ചെയ്ത സത്യം) സത്യമാണെങ്കിൽ ഞാൻ ദൈവത്തെ അഭിമുഖമായി കാണാതെയിരിക്കട്ടെ എന്നു ഞാൻ പ്രാത്ഥിക്കുന്നു; മററു പ്രകാരമായിരുന്നെങ്കിൽ (റിച്ചിന്റെ

സത്യം സത്യമായിരുന്നെങ്കിൽ) ലോകം മുഴുവനും ലുഭി ക്കുന്നതിനുവേണ്ടിയും ഞാനിങ്ങനെ പറയുകയില്ലായി രുന്നു. മിസ്റ്റർ റിച്ച്! എനിക്കു വരാൻപോകുന്ന വിപ ത്തിനെക്കാളധികം നിങ്ങളുടെ കള്ളസത്യത്തെക്കുറിച്ചു ഞാൻ വ്യസനിക്കുന്നു. ഞാനാകട്ടെ എൻെറ അറിവി ൽപെട്ട മററാരെങ്കിലുമാകട്ടെ പ്രാധാന്യമേറിയ ഒരു കാര്യത്തിൽ നിങ്ങളെ വിശ്വസിച്ച് നിങ്ങളോട്ട രഹ സ്യം പറയത്തക്കവണ്ണം നിങ്ങൾ വിശ്വാസയോഗ്യന ല്ലെന്നു നിങ്ങൾ ധരിച്ചുകൊള്ളണം." മോർ ചാൻസെ ല്ലറായിട്ടും മററും അധികാരം നടത്തിയിരുന്ന കാലത്തു് ഉദരംഭരിയായ ഈ റിച്ച് അദ്ദേഹത്തിൻെറ ഒരു കീഴു ദ്യോഗസ്ഥനായിരുന്നിരിക്കണം. ഇവനൊരു നീചപ്ര കൃതിയാണെന്നു് അപ്പോൾ അദ്ദേഹം ധരിച്ചിട്ടുമുണ്ടാ യിരുന്നിരിക്കണം. വിപ്ലവകാലങ്ങളിലാണ് ഇങ്ങനെ യുള്ളവരുടെ വിളയാട്ടം; ഉത്തമപ്രകൃതികൾ അപ്പോൾ ഈ നീചപ്രകൃതികൾക്കിരയായിത്തീരുന്നു.

റിച്ചിനെ അവൻ അർഹിച്ചുവിധത്തിൽ ഇങ്ങനെ ശാസിച്ചതിൻെറ ശേഷം മോർ തൻെറ വാദം ന്യായാ ധിപന്മാരുടെ നേരെ തിരിച്ചു: "ലവലേശം സത്യമി ല്ലാത്തവനെന്നു് എനിക്കറിയാവുന്ന മിസ്റ്റർ റിച്ചിനെ ഇത്ര ഗൌരവമേറിയ ഒരു കാര്യത്തിൽ വിവേകമില്ലാ തെ അതിരുകടന്നു് ഞാൻ വിശ്വസിച്ചുവെന്നുള്ളതു് സംഭവ്യമാണെന്നു് ബഹുമാന്യങ്ങളായ അങ്ങേ പ്രാഭവങ്ങൾക്കു് (Your Honourable Lordships) തോന്നുന്നുണ്ടോ? എൻെറ" അധീശപ്രഭുവായ രാജാവി

നോട്ടം ആ തിരുമനസ്സിലെ ശ്രേഷ്ഠന്മാരായ മന്ത്രിമാരോട്ടം അവർ വളരെക്കാലം ആവശ്യപ്പെട്ടിട്ടും പറയാത്ത ഒരു രഹസ്യം ഇയാളോട്ട ഞാൻ പറയുമോ? ഞാൻ ഒരിക്കലും ചെയ്തിട്ടില്ലാത്തതും ചെയ്യാത്തതുമായ ഒരു കാര്യ! ഈ വിധമാം ഉണ്ടായതിന്റെ ശേഷം എന്റെ അഭിപ്രായം അറിയുന്നതിനായിട്ടല്ലാതെ മഹാറാണി അമല്ല തിരുമനസ്സിൽനിന്നും ടൌവറിൽ എന്റെ അട്ടക്കലേക്ക് പല പ്രാവശ്യം ദൂതന്മാരെ അയച്ചതെന്ന് അങ്ങേ മാന്യതകൾ (Your Honours) അറിഞ്ഞിട്ടില്ലാത്തതല്ല. എന്റെ പ്രഭുക്കന്മാരെ! ഇതു സത്യമാണെന്നു നിങ്ങളുടെ ബുദ്ധിയിൽ തോന്നുന്നുണ്ടോ?"

നീതിയെ പ്രതി സ്വായുസ്സ് ബലി കഴിക്കുവാൻ സന്നദ്ധനായി നിൽക്കുന്ന ഒരു ധീരാത്മാവിൽനിന്നും മുഴങ്ങിയ ഈ യുക്തി നിഷ്പക്ഷമാന സന്മാർഗ്ഗ് നിരാക്ഷേപമായിരിക്കുന്നു. എന്നാൽ തെളിവിന്റെ സ്വീകാര്യതയും ത്യാജ്യതയും ന്യായാധിപന്റെ വിവേകത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. പക്ഷപാതിയായ ഒരു ന്യായാധിപൻ വിവേകത്തെ ശരിയായി പ്രയോഗിക്കാതെ ഉദ്ദേശാനുസാരം തെളിവിനെ വ്യാഖ്യാനിക്കുന്നു. ന്യായത്തിന്റെ രൂപത്തിൽ അന്യായം നടത്തുന്നവർ വിവേകത്തെ വ്യഭിചരിപ്പിക്കയാണു ചെയ്യുന്നതു

ഗോറിന്റെ നിശിതമായ ഈ വിമർശനത്താലുണ്ടായ അവമാനത്തിൽനിന്നു രക്ഷപെടുന്നതിനായി റിച്ച് തന്റെ തെളിവിനെ തെളിയിക്കുന്നതിനായി മറു രണ്ടു സാക്ഷികളെ വിളിച്ചു. ഈ സാക്ഷികൾ സർ

റിച്ചാഡ്" സൌത്ത്"വെല്ലും (Sir Richard Southwell) പാമെർ (Palmer) എന്നൊരുവനുമായിരുന്നു. താൻ മോറിനോട് സംസാരിക്കുന്ന സമയം ഇവർ രണ്ടുപേരും കൂടെയുണ്ടായിരുന്നുവെന്ന്" റിച്ച്" പറഞ്ഞു. തങ്ങൾ മററു കൃത്യങ്ങളിൽ വ്യാപൃതരായിരുന്നതിനാൽ മോറും റിച്ചും തമ്മിലുള്ള സംഭാഷണം കേട്ടില്ലെന്നു അവർ പ്രസ്താവിച്ചു. നിഷ്"പക്ഷന്മാരുടെ ദൃഷ്ടിയിൽ രാജപുരുഷന്മാർ ആരോപിച്ച അപരാധങ്ങളിൽ ഒന്നിനും ഇങ്ങനെ തെളിവില്ലാതായി.

നിയമമനുസരിച്ച്" ജൂറി (Jury) എന്നു പറയപ്പെടുന്ന മധ്യസ്ഥസംഘത്തിന്റെ സന്നിധിയിലാണു" ഈ വിസ്താരം നടന്നതു". പ്രതി കുററക്കാരനാണോ അല്ലയോ എന്നു ഈ സംഘം നിർണ്ണയിക്കേണ്ടിയിരുന്നു. എന്നാൽ പാർലമെന്റിനെയും ഭയപ്പെടുത്തി ചൊൽപ്പടിക്കു നിർത്തിയിരുന്ന രാജാവിന്റെ ഹിതത്തിനെതിരായി എന്തെങ്കിലുമൊരഭിപ്രായം ആ ജൂറി രേഖപ്പെടുത്തുമെന്നു" ആക്കും വിചാരമില്ലായിരുന്നു. കാൽമണിക്കൂറുനേരത്തെ ആലോചനയുടെ ശേഷം മോർ കുററക്കാരനാണെന്നു" അവർ പ്രസ്താവിച്ചു. ഉടനെ തന്നെ ചാൻസെല്ലർ ആവ്"ഡ്"ലി വിധി പ്രസ്താവിക്കാൻ ആരംഭിച്ചു. അപ്പോൾ മോർ ആ നടപടിയുടെ പിശക്" ചൂണ്ടിക്കാണിച്ചുകൊണ്ടിങ്ങനെ പ്രസ്താവിച്ചു: "എന്റെ പ്രഭവെ, ഞാൻ നിയമകാര്യങ്ങളിൽ വ്യാപൃതനായിരുന്ന കാലത്തു" ഇങ്ങനെയുള്ള ഒരു കേസിൽ വിധി പ്രസ്താവിക്കുന്നതിനു മുൻപായി പ്രതിക്കെതിരായി വിധി പറയാതിരിക്കാൻ വല്ല കാരണവുമുണ്ടോ എന്നു" പ്രതിയോടു ചോദിക്ക പതിവായിരുന്നു.

നിയമത്തിൻെറ ബാഹ്യരൂപത്തിൽ ഒരു കുറവും വരുത്തേണമെന്നു് ന്യായാധിപന്മാക്ക് ആഗ്രഹമില്ലായിരുന്നു. മററുള്ളവർക്കു് യാതൊരുവിധത്തിലും ദൃശ്യമല്ലാത്ത വിവേകത്തെ അവർക്കു് വ്യഭിചരിപ്പിക്കാമല്ലോ. പിന്നെയെന്തിനു ദൃശ്യമായ ഒരു ന്യൂനത വരുത്തുന്നു? മോറിൻെറ ഇഷ്ടംപോലെയും നിയമശാസനം പോലെയുമായിക്കൊള്ളട്ടെ എന്നു് ചാൻസെല്ലർ നിശ്ചയിച്ചു.

തൻെറ അഭിപ്രായം തുറന്നുപറയുന്നതിനു് മോർ പ്രതീക്ഷിച്ചിരുന്ന സന്ദർഭം അപ്പോൾ ഉണ്ടായി. അദ്ദേഹത്തെ കൊലയ്ക്കുവിധിക്കാൻ വേണ്ടിയിരുന്ന ചടങ്ങുകളെല്ലാം രാജാധികാരികൾ നിർവഹിച്ചു കഴിഞ്ഞിരുന്നു. പാർല്യമെൻറു് ഉണ്ടാക്കിയ നിയമത്തെയോ ഹെൻറിയുടെ സഭാധിപമ്മന്യതത്തെയോ മോർ അപലപിച്ചിരുന്നില്ല. രാജാധികാരികൾ ആവശ്യപ്പെട്ട വിധത്തിൽ സത്യംചെയ്യുവാൻ നിവൃത്തിയില്ലെന്നേ മോർ പറഞ്ഞിരുന്നുള്ളൂ. എങ്കിലും അവർ രാജദ്രോഹം ചുമത്തി അദ്ദേഹത്തെ കൊല്ലുവാനാണു് തീർച്ചയാക്കിയിരിക്കുന്നതു്. ഇനിയും തൻെറ അഭിപ്രായം ഗോപനംചെയ്യേണ്ട ആവശ്യമില്ലെന്നു മോർ നിശ്ചയിച്ചു. എന്നിട്ടു് തൻെറ അഭിപ്രായത്തെ ഇങ്ങനെ വിവരിച്ചു:—

"എൻെറ പ്രഭുക്കന്മാരെ! ദൈവത്തിൻെറയും ദൈവത്തിൻെറ പരിശുദ്ധസഭയുടെയും നിയമങ്ങൾക്കു വിപരീതമായ ഒരു പാർല്യമെൻറു നിയമത്തിന്മേലാണു് ഈ അപരാധാരോപണം സ്ഥാപിതമായിരിക്കുന്നതു്. ഈ പരിശുദ്ധ സഭയുടെ പരമമായ ഭരണാധികാരം റോമാ സിംഹാസനത്തിനുള്ളതാകയാൽ യാതൊരു

ലൌകികരാജാവിനും കവൎന്നെടുക്കുവാൻ പാടില്ലാത്തതു മാകുന്നു. ഈ ആദ്ധ്യാത്മികാധികാരം ഭൂമിയിൽ മനുഷ്യനായി സന്നിഹിതനായിരുന്ന നമ്മുടെ രക്ഷിതാവു തന്നെ തൻെറ തിരുനാവിനാൽ പുണ്യവാനായ പത്രാസിനും അദ്ദേഹത്തിൻെറ അനന്തരരായ റോമായിലെ മെത്രാന്മാൎക്കും വിശേഷവിധിയായി നൽകിയിട്ടുള്ളതാകുന്നു. ആയതുകൊണ്ട് അതു് (പാർലമെൻറ് നിയമം) ക്രിസ്ത്യാനികളുടെയിടയിൽ യാതൊരു ക്രിസ്ത്യാനിയിലും അപരാധം ആരോപിക്കുന്നതിനു് പൎയ്യാപ്തമല്ല. ഈ വാദത്തിനു പല കാരണങ്ങളും പ്രമാണങ്ങളുമുണ്ട്. ഈ രാജ്യം ക്രിസ്തീയസഭയുടെ ഒരു അവയവവും ചെറിയ അംശവും മാത്രമാകുന്നു. രാജ്യത്തെ മുഴുവൻ ബാധിക്കുന്നതായി പാർലമെൻറിൽ നിന്നും ഉണ്ടായിട്ടുള്ള ഒരു നിയമത്തിനെതിരായ ഒരു നിയമം രാജ്യത്തിൻെറ ഒരു നിസ്സാരാംശമായ ലണ്ടൻ പട്ടണത്തിനുണ്ടാകുവാൻ പാടില്ലാത്തതുപോലെ ക്രിസ്തുവിൻെറ വംശജനിതമായ കത്തോലിക്കാസഭയുടെ സാധാരണ നിയമത്തിനെതിരായ ഒരു നിയമം ഈ രാജ്യത്തിനുണ്ടാകുവാൻ പാടില്ലാത്തതാകുന്നു. ഈ നിയമം ഇപ്പോഴും ഈ രാജ്യത്ത് ഊൎജ്ജിതത്തിൽ ഇരിക്കുന്ന നിയമങ്ങൾക്ക് വിപരീതമാകുന്നു. 'ആംഗ്ലിക്കൻ സഭ സ്വാതന്ത്ര്യമായിരിക്കട്ടെ, അവളുടെ അവകാശങ്ങൾ അവികലവും അക്ഷതവുമായിരിക്കട്ടെ' എന്നു് മാഗ്നാകാൎത്തായിൽ (Magna Charta) പറഞ്ഞിരിക്കുന്നതു നിങ്ങൾക്ക് സ്പഷ്ടമായി കാണാം. എന്നുമാത്രമല്ല, ഈ നിയമം നമ്മുടെ രാജാവു തിരുമനസ്സിനും മറെറല്ലാ ക്രിസ്തീയരാജാക്കന്മാരും കിരീടധാരണാവസരങ്ങളിൽ എല്ലായ്പ്പോഴും സഗൌരവം

ചെയ്തിട്ടുള്ള ശപഥത്തിനു വിപരീതവുമാണ്. ഇതു ഇംഗ്ലണ്ടുരാജ്യം റോമാസിംഹാസനത്തെ അനുസരിക്കാതെയിരിക്കുന്നതു് ഒരു ശിശു അതിൻെറ പിതാവിനെ അനുസരിക്കാതെയിരിക്കുന്നതുപോലെയാകുന്നു."

മോർ ഇങ്ങനെ പ്രസ്താവിക്കയിൽ ചാൻസെല്ലർ ചില യുക്തിവാദങ്ങൾ ചെയ്തു. അതിനുത്തരമായിട്ടു് "എൻെറ പ്രഭോ! നിങ്ങളുടെ ഒരു മെത്രാൻെറ അഭിപ്രായത്തിനെതിരായിട്ടു് എനിക്കു് നൂറു വിശുദ്ധന്മാരുടെ അഭിപ്രായങ്ങളുണ്ടു്. നിങ്ങളുടെ ഒരു പാർലിമെൻറിനു് പകരം—അതു് ഏതുതരമെന്നു ദൈവത്തിനറിയാമല്ലോ—എനിക്കു് ആയിരം വർഷങ്ങളിലെ പൊതുസുനഹദോസുകൾ ഉണ്ടു്; ഒരു രാജ്യത്തിനു പകരം ഫ്രാൻസും ക്രിസ്തീയമണ്ഡലത്തിൻെറ എല്ലാം രാജ്യങ്ങളും എൻെറ പക്ഷത്തുണ്ടു്." എന്നു മോർ പ്രതിവാദിച്ചു.

രാജകിങ്കരന്മാരായിരുന്ന ഈ ന്യായാധിപമ്മന്യന്മാർ യാതൊരു പ്രതിവാദവും സ്വീകരിക്കാൻ സന്നദ്ധന്മാരല്ലായിരുന്നുവെന്നു് ഈ വിചാരണയുടെ സാക്ഷ്യങ്ങളിൽ നിന്നു് നമുക്കൂഹിക്കാമല്ലോ. എങ്കിലും സ്വമേധയാ വിധി പ്രസ്താവിക്കുന്നതിനു ചാൻസെല്ലറിനു വൈമനസ്യമുണ്ടായി. അദ്ദേഹം തിരിഞ്ഞു് ലോഡ് ചീഫ് ജസ്റ്റീസിൻെറ (Lord Chief Justice) അഭിപ്രായം ചോദിച്ചു. "എൻെറ പ്രഭുക്കന്മാരെ! പാർലിമെൻറിൻെറ നിയമം നിയമവിരുദ്ധമല്ലെങ്കിൽ, അപരാധാരോപണം എൻെറ മനസ്സാക്ഷിപ്രകാരം ശരിയായിരിക്കുന്നു." എന്നു് അർത്ഥദ്വയത്തോടുകൂടെ

അദ്ദേഹം മറുപടി പറഞ്ഞു. ഈ മറുപടിയുടെ സന്ദിഗ്ധാർത്ഥതയെ വകവയ്ക്കാതെ ചാൻസെല്ലർ വിധി പ്രസ്താവിച്ചു: തോമസ്മോറിനെ തൂക്കിക്കൊന്നു് കുടലൂരി നാലായി കീറട്ടെ എന്നു്.

ഇതിന്റെ ശേഷം കൂടുതൽ വല്ലതും പറയാനുണ്ടോ എന്ന് ചാൻസെല്ലർ മോറിനോടു ചോദിച്ചു. കേസു സംബന്ധമായി ഇനിയും മോറിനു യാതൊന്നും പറയുവാനില്ല. ആസന്നമരണനായിരിക്കുന്ന അദ്ദേഹത്തിനു് തന്റെ സഹോദരന്മാരെ ആശീർവദിക്കുവാനെയുള്ളു. "എന്റെ പ്രഭുക്കന്മാരെ! എനിക്കു കൂടുതൽ ഒന്നും പറയുവാനില്ല. വിശുദ്ധസ്തേഫാനോസിനെ (Stephan) യഹൂദന്മാർ കല്ലെറിഞ്ഞു കൊന്ന അവസരത്തിൽ അനുഗ്രഹീതപ്രേഷിതനായ (Apostle) വിശുദ്ധപൌലോസ് സന്നിഹിതനായിരുന്നു് ആ വധത്തിനു സമ്മതിക്കയും കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ സൂക്ഷിച്ചുകൊണ്ടു നില്ക്കയും ചെയ്തുവെന്നു് നാം ശ്ലീഹന്മാരുടെ (Apostles) നടപടികളിൽ വായിക്കുന്നുണ്ടല്ലോ. എങ്കിലും അവർ രണ്ടുപേരും പാവനന്മാരായ വിശുദ്ധന്മാരായി സ്വർഗ്ഗത്തിൽ വസിക്കുന്നു. അവിടെ അവർ ശാശ്വതമായി സ്നേഹിതന്മാരായിരിക്കയും ചെയ്യും. അതുപോലെ ഇവിടെ ഭൂമിയിൽ അങ്ങെ പ്രാഭവങ്ങൾ എന്റെ വധം വിധിക്കുന്ന ന്യായാധിപന്മാരാണെങ്കിലും, ഇതിനുശേഷം നമ്മളെല്ലാവരും സ്വർഗ്ഗത്തിൽ സമ്മേളിക്കയും അവിടെ അനന്തമായകാലം ആഹ്ലാദപൂർവ്വം ഒരുമിച്ചു താമസിക്കയും ചെയ്യുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നതിനാൽ അതിനുവേണ്ടി ഞാൻ ഹൃദയപൂർവ്വം (ദൈവത്തോടു്) പ്രാർത്ഥിക്കുന്നതാകുന്നു."

വിസ്താരം കഴിഞ്ഞു മോറിനെ ടൌവറിലേക്ക് കൊണ്ടുപോയതു് ടൌവറിന്റെ കോൺസ്റ്റബിൾ (Constable of the Tower) ആയിരുന്ന സർ വില്യം കിങ്ങ്സ്റ്റന്റെ (Sir William Kingston) മേൽനോട്ടത്തിലായിരുന്നു. കിങ്ങ്സ്റ്റൻ മോറിനു യാത്ര പറഞ്ഞു പിരിയുന്ന സമയം അദ്ദേഹത്തിന്റെ ഗണ്ഡങ്ങളിൽ കണ്ണുനീർ ഒഴുകിയിരുന്നു. മോർ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. "നല്ലവനായ മിസ്റ്റർ കിങ്ങ്സ്റ്റൻ! ഇങ്ങനെ വ്യസനിക്കാതെ സന്തുഷ്ടനായിരിക്കൂ. ഞാൻ നിങ്ങൾക്കുവേണ്ടിയും സതിയായ നിങ്ങളുടെ ഭാര്യയ്ക്കുവേണ്ടിയും പ്രാർത്ഥിക്കും; സ്വർഗ്ഗത്തിൽ നമ്മൾ സമ്മേളിച്ച് അനന്തകാലം അവിടെ ആഹ്ലാദിതരായിരിക്കുന്നതിനായിട്ടു്."

മോറിനെ കോടതിയിൽനിന്നു തിരിച്ചുകൊണ്ടുവരുമ്പോൾ മാർഗരെററും അദ്ദേഹത്തിന്റെ മററു കുടുംബാംഗങ്ങളും ടൌവറിന്റെ കടവിൽ കാത്തുനിൽക്കുകയായിരുന്നു. മോറിനെ കൊണ്ടുവരുന്നതു കണ്ടയുടനെ മാർഗരെററു് നിന്നിടത്തുനിന്നും ഓടി ആൾക്കൂട്ടത്തിന്റെയും പടച്ചട്ടധാരികളായ ബന്തോവസ്തുകാരുടെയും ഇടയിൽക്കൂടെ തള്ളിക്കയറി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു് ചുംബനംചെയ്തു. തന്റെ പുത്രിയുടെ ഈ സ്നേഹവിസ്ഫോടനം കണ്ടു് മോർ സന്തുഷ്ടനായി അവളെ അനുഗ്രഹിക്കയും ആദ്ധ്യാത്മികോപദേശങ്ങൾ കൊണ്ടു് ആശ്വസിപ്പിക്കയും ചെയ്തു. ഇതിന്റെശേഷം മാർഗരെററു് അദ്ദേഹത്തെ വിട്ടുമാറി. ക്ഷണനേരം കഴിഞ്ഞപ്പോൾ പിന്നെയും അവൾ ആൾക്കൂട്ടത്തിൽക്കൂടെ തള്ളിക്കയറിച്ചെന്നു് പിതാവിനെ കെട്ടിപ്പിടിച്ചു്

തുടരെത്തുടരെ ചുംബനം ചെയ്തു. അദ്ദേഹത്തെ വിട്ടുമാറുന്നതിന് വൈമുഖ്യത്തോടും വ്യഥകൊണ്ടു വികൃതമായ മുഖത്തോടുംകൂടി നില്ക്കുന്നതുകണ്ട് അവിടെയുണ്ടായിരുന്നവരിൽ വളരെപ്പേർ കരഞ്ഞുപോയി.

൧൫൩൫ ജൂലായി ൬-ാംനു-യാണ് ഈ സംഭവങ്ങൾ നടന്നതു്. ഇതിന്റെ ശേഷം മോർ തന്റെ തപശ്ചര്യയെ ദ്വിഗുണീകരിച്ചു. അദ്ദേഹം വധത്തിനു വിധിക്കപ്പെട്ടിരുന്നവനായിട്ടും അദ്ദേഹത്തിന്റെ സഹജമായ പ്രസന്നത അദ്ദേഹത്തെ ത്യജിച്ചില്ല. ജൂലായി ൫-ാംനു- മോർ തന്റെ അവസാനത്തെ ലേഖനമെഴുതി. അതു് തന്റെ വാത്സല്യഭാജനമായ മാർഗരെററിനായിരുന്നു. അതു് എഴുതിയതു് ഒരു കരിക്കഷണം കൊണ്ടാണു്. ഈ ലേഖനത്തിൽ മാർഗരെററു് ആൾക്കൂട്ടത്തിൽവെച്ചു് വാത്സല്യത്താൽ പ്രേരിതയായി സ്ത്രീസഹജമായ ശാലീനത്വം വിസ്മരിച്ചു തന്നെ ചുംബനം ചെയ്തതിനു് മോർ അവളെ അഭിനന്ദിക്കുന്നു. തന്റെ കുടുംബാംഗങ്ങളെയും മററുബന്ധുക്കളെയും മിത്രങ്ങളെയും പ്രണയവചനങ്ങളോടുകൂടെ അദ്ദേഹം ഈ എഴുത്തിൽ ആമന്ത്രണം ചെയ്യുകയും ചെയ്യുന്നു. ഈ എഴുത്തെഴുതുന്ന സമയം തന്റെ വധം എപ്പോൾ നടത്തണമെന്നാണു് രാജാവു നിശ്ചയിച്ചിരിക്കുന്നതെന്നു് മോറിനറിവില്ല. "അതു നാളത്തേതിനപ്പുറംപോയാൽ എനിക്കു വ്യസനമായിരിക്കും. എന്തുകൊണ്ടെന്നാൽ നാളത്തെ ദിവസം വിശുദ്ധ തോമസിന്റെ പ്രദോഷവും * വിശുദ്ധ പത്രോസിന്റെ

---

* കത്തോലിക്കാ സഭയിൽ ആഘോഷിക്കപ്പെടുന്ന തിരുനാളുകൾ സംബന്ധിച്ചുള്ള വിധികൾ ആരംഭിക്കുന്നതു് തലേദിവസം സായംകാലത്താണു്. ആരാധനാവിധികൾ നിർവഹിക്കുന്ന [illegible]

അഷ്ടാഹ × പൂൎത്തിയുമാകുന്നു; അതിനാൽ നാളെ ഞാൻ ദൈവത്തെ കാണുന്നതിന്നു് ആഗ്രഹിക്കുന്നു." താൻ മരിക്കുവാൻ പോകുന്നതുപോലെ ക്രീസ്തുവിനുവേണ്ടി മരിച്ച ഈ രക്തസാക്ഷികളോടു്, പ്രത്യേകം ആൎക്കു ക്രീസ്തു നൽകിയ അധികാരത്തിനു സാക്ഷിയായി താൻ മരിക്കുന്നുവോ ആ പത്രോസിനോടു്, ബന്ധമുള്ള ദിവസത്തിൽ മരിക്കേണമെന്നുള്ള മോറിന്റെ പ്രാൎത്ഥനയെ ദൈവം സ്വീകരിച്ചു.

---

ത്തിൽ ദിവസം ഗണിക്കപ്പെടുന്നതു് സൂൎയ്യാസ്തമയംമുതൽ സൂൎയ്യാസ്തമയംവരെയാകുന്നു. ഒരു തിരുനാളിന്റെ വിധികൾ തുടങ്ങുന്നതു് തലേദിവസത്തെ പ്രദോഷ(സായംകാല)ത്തിലാകയാൽ ആ ദിവസത്തിനു ആ തിരുനാളിന്റെ പ്രദോഷം (Eve) എന്നു് പേർ സിദ്ധിച്ചു.

സർ തോമസ് ഇവിടെ വിവക്ഷിക്കുന്ന വി: തോമസ്, കാൻറർബെറി മെത്രാപ്പോലീത്തായായിരുന്ന തോമസ് അ ബെക്കെറ്റ് (Thomas a Becket) എന്ന വിശുദ്ധനാണു്. ഹെൻറി അഷ്ടമൻ തോമസ് മോറിനെ ഏതു കാരണത്താൽ വധിച്ചുവോ അതുപോലെയുള്ള ഒരു കാരണത്താൽ ഹെൻറി ദ്വിതീയൻ ബെക്കെറ്റിനെയും വധിച്ചു. ഈ വിശുദ്ധന്റെ തിരുനാളുകളിൽ ഒന്നു് ജൂലായി ൭-ാംതീയതിയാണു്.

× പ്രധാനങ്ങളായ ചില തിരുനാളുകൾ കഴിഞ്ഞാൽ ഏഴു ദിവസത്തേക്കു് ആ തിരുനാളുകൾ സംബന്ധിച്ചുള്ള ചില വിധികൾ നടന്നുകൊണ്ടിരിക്കും. എട്ടാമത്തെ ദിവസത്തിന്നു് അഷ്ടാഹപൂൎത്തി (Octave) എന്നാണു് പേർ. വി: പത്രോസിന്റെ തിരുനാൾ ജൂൺ ൨൯-ാംനു-യാണു്; അതിന്റെ അഷ്ടാഹപൂൎത്തി ജൂലായി ൬-ാംനു-യാണല്ലോ.

# എട്ടാമദ്ധ്യായം

## വിധിനടത്തു്.

---

ജൂലായിമാസം ൬-ാംനു- അതിരാവിലെ സർ തോമസ് പോപ്പ് (Sir Thomas Pope) വന്നു് അന്നു് ഒൻപതുമണിക്കു മുൻപു് വിധിനടത്തുണ്ടാകുമെന്നു് മോറിനെ അറിയിച്ചു. ഈ വർത്തമാനം തന്നെ അറിയിച്ചതിനു് സർ തോമസിൻെറ നേരെ മോർ കൃതജ്ഞത പ്രകാശിപ്പിച്ചു; ഇഹത്തിലും പരത്തിലും രാജാവിനുവേണ്ടി താൻ പ്രാർത്ഥിക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. "വധസമയത്തു് നിങ്ങൾ അധികം വാക്കുകൾ പ്രയോഗിക്കരുതെന്നുമാണു് രാജാവിൻെറ കല്പന" എന്നു് അപ്പോൾ സർ തോമസ് പോപ്പ്, മോറിനെ അറിയിച്ചു.

അപ്പോൾ മോർ പറഞ്ഞു: "മിസ്റ്റർ പോപ്പ്! രാജകല്പനയെന്താണെന്നു് മുൻകൂട്ടി എന്നെ അറിയിച്ചതിനു് ഞാൻ കൃതജ്ഞനായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ആ സമയം വല്ലതും സംസാരിക്കണമെന്നാണു് ഞാൻ ഉദ്ദേശിച്ചിരുന്നതു്; എന്നാൽ തിരുമേനിക്കാകട്ടെ മററാർക്കെങ്കിലുമാകട്ടെ വെറുപ്പുവരുന്നതൊന്നും പറയാൻ ഭാവിച്ചിട്ടില്ലായിരുന്നു. നല്ലവനായ മിസ്റ്റർ പോപ്പ്! ഞാനൊന്നപേക്ഷിക്കുന്നു; എന്നെ കുഴിച്ചിടുന്ന സമയത്തു് എൻെറ മകൾ മാർഗറെററു് സന്നിഹിതയായിരിക്കുന്നതിന്നനുവദിക്കാൻ തിരുമേനിയുടെ അടുക്കൽ ഒരു ശുപാർശ ചെയ്യണം." രാജാവു് ഇതിനു അനുവാദം നൽകിക്കഴിഞ്ഞിരിക്കുന്നുവെന്നു് പോപ്പു പറഞ്ഞു. "എങ്കിൽ

ഞാൻ തിരുമേനിയോട്ട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു! എൻെറ ഹീനമായ ശേഷക്രിയയെക്കുറിച്ചും തിരുമേനി ദയവായി ആലോചിച്ചിരിക്കുന്നല്ലോ" എന്നു മോർ അപ്പോൾ പോപ്പിനോടു പറഞ്ഞു.

മോറിനെ തൂക്കിക്കൊല്ലാനാണല്ലോ ന്യായാധിപന്മാർ വിധിച്ചിരുന്നതു്. നീചന്മാരും നിന്ദ്യന്മാരുമായ കുററക്കാരെയാണു് അക്കാലത്തു തൂക്കിലിട്ടു കൊല്ലാറുണ്ടായിരുന്നതു്. ആഭിജാത്യമുള്ളവരെ ഗളച്ഛേദം ചെയ്തു കൊല്ലുകയുമായിരുന്നു പതിവു്. ന്യായാധിപന്മാരുടെ വിധിയെ ഭേദപ്പെടുത്തി മോറിനെ ഗളച്ഛേദം ചെയ്തു കൊല്ലുവാൻ ഹെൻറി ആജ്ഞാപിച്ചിരുന്നു. ക്രൗര്യത്തിലുള്ള ഏവം വിധമായ ഔദാര്യങ്ങൾക്കു എന്തു വിലയാണു് നാം കല്പിക്കേണ്ടതു്! ഫലിതപ്രിയനായ മോർ ഈ ഔദാര്യത്തിൻെറ ഫലിതത്തെ ആസ്വദിച്ചു. "രാജാവു് ഇതുപോലെയുള്ള ദയ എൻെറ സ്നേഹിതന്മാരിൽ ആരോടെങ്കിലും കാണിക്കുന്നതിനെ ദൈവം തടയുമാറാകട്ടെ! എൻെറ സന്തതിയിൽ ആർക്കും ഇങ്ങനെയുള്ള മാപ്പു കിട്ടാതിരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ!" എന്നു പറയാതിരിക്കാൻ ആസന്നമൃത്യുവായിരുന്നിട്ടും മോറിനു സാധിച്ചില്ല.

ഈ സംഭാഷണത്തിനിടയിൽ സർ തോമസ് പോപ്പു കരഞ്ഞുതുടങ്ങി. "നല്ലവനായ മിസ്റ്റർ പോപ്പു! സമാഹിതനായിരിക്കു! വ്യസനിക്കേണ്ട; നമ്മൾ തമ്മിൽ ഒരിക്കൽ ആഹ്ലാദത്തോടുകൂടെ സ്വർഗ്ഗത്തിൽവെച്ചു കാണുകയും അവിടെ നമ്മൾ അനന്തകാലം ആനന്ദത്തിൽ ജീവിച്ചു് അന്യോന്യം സ്നേഹിക്കുകയും ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു" എന്നിങ്ങനെ പറഞ്ഞു് മോർ പോപ്പിനെ ആശ്വസിപ്പിച്ചു.

മോറിനെ ടൌവറിൽ ബന്ധിച്ച കാലത്തു് അദ്ദേഹം അരോഗനും ദൃഢഗാത്രനുമായിരുന്നു. കാരാഗൃഹവാസത്തിന്റെ കാഠിന്യംകൊണ്ടു് അദ്ദേഹത്തിന്റെ മനസ്സ് ലവലേശം ക്ഷയിച്ചില്ലെങ്കിലും ശരീരത്തിൽ ക്ലിഷ്ടജീവിതത്തിന്റെ ഫലങ്ങൾ പ്രത്യക്ഷമായിരുന്നു. ആനമ്രാകൃതിയും കൃശഗാത്രനുമായിത്തീർന്നിരുന്ന ഒരു മോറാണു് ടൌവറിൽ നിന്നും വധ്യസ്ഥാനത്തേക്കു് നയിക്കപ്പെട്ടതു്. അസാധാരണമായ ഈ വധം കാണുന്നതിന് വളരെ ജനങ്ങൾ കൂടിയിരുന്നു. മോർ ചാൻസെല്ലറായിരുന്ന കാലത്തു് അദ്ദേഹം ഒരു സ്ത്രീയുടെ വാദത്തിനെതിരായി ഒരു വിധി കല്പിച്ചിട്ടുണ്ടായിരുന്നു. ഈ വിധി അന്യായമായിരുന്നു എന്നായിരുന്നു ആ സ്ത്രീയുടെ വിചാരം. തങ്ങളുടെ ഹിതത്തിനു വിപരീതമായി വിധിയുണ്ടായാൽ ന്യായാന്യായവിവേചനം കൂടാതെ അല്പബുദ്ധികൾ ന്യായാധിപന്മാരിൽ ദോഷം ആരോപിക്കുക സാധാരണമാണല്ലോ. ഇത്തരം അല്പബുദ്ധികൾ മററുള്ളവരെ അവരുടെ ആപൽഘട്ടങ്ങളിൽ അവരുടെ ദുഷ്കൃത്യങ്ങൾ എന്നു തങ്ങൾ വിചാരിക്കുന്ന സംഗതികൾ സ്മരിപ്പിക്കുന്നതിൽ കൃതാർത്ഥത നേടുന്നവരുമാണു്. മോറിന്റെ വിധി അന്യായമായിരുന്നുവെന്നു് ആ സ്ത്രീ ആൾക്കൂട്ടത്തിൽനിന്നു് വിളിച്ചുപറഞ്ഞു. അദ്ദേഹം അവളുടെ നേരേ തിരിഞ്ഞുകൊണ്ടു് അവളുടെ കേസ്സ് താൻ നല്ലവണ്ണം ഓർമ്മിക്കുന്നുണ്ടെന്നും താൻ മുൻപെഴുതിയ വിധിതന്നെ അന്നുമെഴുതുമെന്നും അവളോടു പറഞ്ഞു.

മോറിനെ തന്റെ അവസാനയാത്രയിൽ അനുഗമിച്ചിരുന്ന അനുകമ്പികളായ ജനങ്ങളുടെയിടയിൽ

കൃതജ്ഞന്മാരുമുണ്ടായിരുന്നു. ആത്മഹത്യാഭ്രമക്കാരനായിട്ട് വിൻചെസ്റ്ററിൽ (Winchester) ഒരാൾ ഉണ്ടായിരുന്നു. മോറിൻെറ സ്നേഹപൂർവമായ ഉപദേശംകൊണ്ടു് ആ മനുഷ്യൻ ഈ ഭ്രമത്തിൽനിന്നു് മിക്കവാറും വിമുക്തനായിരുന്നു. ഇങ്ങനെയിരിക്കയിലാണ് മോർ കാരാഗൃഹത്തിൽ ബദ്ധനായത്. അതിൻെറ ശേഷം അയാളുടെ ഭ്രാന്തി പിന്നെയും ബലപ്പെട്ടു തുടങ്ങി. മോറിനെ വധത്തിനു വിധിച്ചിരിക്കുന്നുവെന്നു കേട്ട് വധ്യസ്ഥാനത്തേക്കുള്ള യാത്രയിലെങ്കിലും അദ്ദേഹത്തെ ഒരു നോക്കു കാണണമെന്നുറച്ച് ഈ മനുഷ്യൻ ലണ്ടനിലെത്തി. മോർ വരുന്നതുകണ്ട് ഇയാൾ ജനവിമർദ്ദത്തിൽക്കൂടെ തള്ളിക്കയറി "മിസ്റ്റർ മോർ! എന്നെ നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? നമ്മുടെ കർത്താവിനെ പ്രതി എന്നെ സഹായിക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ പണ്ടത്തെപ്പോലെ തന്നെ കഷ്ടപ്പെടുന്നു" എന്നു് ഉറക്കെ വിളിച്ചു പറഞ്ഞു. മോർ അയാളുടെ നേരേ തിരിഞ്ഞു് "ഞാൻ നിങ്ങളെ നല്ലവണ്ണം ഓർമ്മിക്കുന്നു. സമാധാനത്തിൽ പോയി എനിക്കുവേണ്ടി പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതെയിരിക്കയില്ല" എന്നയാളോടു പറഞ്ഞു. അതിൽ പിന്നീട് അയാളുടെ മരണംവരെ അയാൾക്കു് ആ ഉപദ്രവം ഉണ്ടായതുമില്ല.

കൊലത്തട്ട് ബലമില്ലാത്തതും ഇളകുമെള്ളതുമായിരുന്നു. അതിൻെറ കോവണി കയറാൻ തുടങ്ങിയപ്പോൾ മോർ തന്നെ നയിച്ചിരുന്ന ഉദ്യോഗസ്ഥനോടു പറഞ്ഞു: "എന്നെ സൂക്ഷിച്ചു കയറേറണമെ. കീഴോട്ടു

വരുന്ന കാൎയ്യം ഞാൻ തന്നെ നോക്കിക്കൊള്ളാം.”
എല്ലാവരും രാജാവിനു വേണ്ടി പ്രാൎത്ഥിക്കണമെന്നു്
കൊലത്തട്ടിൽ നിന്നുകൊണ്ടു് അദ്ദേഹം ജനക്കൂട്ടത്തോ
ടുപദേശിച്ചു. അതിൻെറ ശേഷം അദ്ദേഹം ചില
പ്രാൎത്ഥനകൾ കഴിച്ചു. “രാജാവിൻെറ രാജഭക്തിയുള്ള
നല്ല ഭൃത്യനാണെങ്കിലും ഒന്നാമതായി ദൈവത്തിൻെറ
ഭൃത്യനായി താൻ മരിക്കുന്നുവെന്നു പ്രസ്താവിച്ചു. താൻ
മറെറാരിടത്തിരുന്നു് അവൎക്കു വേണ്ടി പ്രാൎത്ഥിക്കുമെ
ന്നതുപോലെ അവർ തനിക്കുവേണ്ടി ഈ ലോകത്തി
ലിരുന്നു പ്രാൎത്ഥിക്കേണമെന്നു് ചുററും നിന്ന സ്നേഹി
തന്മാരോടു യാചിച്ചു. അതിൻെറ ശേഷം ഒരു കൈ
ലേസുകൊണ്ടു് മുഖം മറച്ചിട്ടു് അദ്ദേഹം വധ്യകാഷ്ഠ
ത്തിൽ നിവൎന്നുകിടന്നു. രാജാവിനോടു യാതൊരു
അപരാധവും ചെയ്തിട്ടില്ലാത്ത തൻെറ താടിമീശ
താൻ മാററിയതിനു മേലേ വെട്ടാവു എന്നു് അദ്ദേഹം
ഫലിതമായിട്ടു് വധകൎത്താവിനോടു് അഭ്യൎത്ഥിച്ചു.
വധകൻ അവൻെറ കൃത്യം നിൎവ്വഹിക്കയും ചെയ്തു.

സർ തോമസ് മോറിൻെറമേൽ വിധി നടത്തി
യിരിക്കുന്നുവെന്നുള്ള റിപ്പോർട്ടു കിട്ടിയപ്പോൾ ഹെൻറി
ആൻബോളിനുമായി ചീട്ടുകളിച്ചുകൊണ്ടിരിക്കയായി
രുന്നു. “നീയാണീ ആളിൻെറ മരണത്തിനു കാരണം”
എന്നു് അപ്പോൾ ഹെൻറി അവളോടു പറഞ്ഞു.

ഗളഛേദം ചെയ്തു വധിക്കപ്പെടുന്നവരുടെ ശിരസ്സു
കൾ കുന്തങ്ങളിൽ കുത്തി സകലൎക്കും മാതൃകാപാഠമായി
രിക്കുന്നതിനായി ലണ്ടൻപാലത്തിൽ നാട്ടിനിൎത്തുക
അക്കാലത്തു പതിവായിരുന്നു. മോറിനെ വധിക്കുന്ന
സമയം ജോൺ ഫിഷറിൻെറ തല ഈ പതിവിൻപ്ര
കാരം ലണ്ടൻ പാലത്തിൽ ശൂലാരോപിതമായി നില്ക്കു

യായിരുന്നു. ദണ്ഡാധികാരികൾ ആ തല ആററിലേക്കെറിഞ്ഞിട്ടു് ആ ശൂലത്തിൽതന്നെയാണ് മോറിൻെറ തലയും കുത്തി നിർത്തിയതു്. തല ആററിലേക്കെറിഞ്ഞുകളയേണ്ട തീയതിയടുത്തപ്പോൾ തല സൂക്ഷിപ്പുകാരന് കൈക്കൂലികൊടുത്തു് മാർഗററററ് അതു രഹസ്യമായിട്ടു അവനോടു വാങ്ങിച്ചു. കാൻറർബറിയിൽ ഒരു ദേവാലയത്തിൽ സ്ഥിതിചെയ്യുന്നതും റോപ്പെർ കുടുംബം വകയായിരുന്നതുമായ ഒരു ശവകുടീരത്തിൽ ഒരു പെട്ടിയിൽ വെച്ചു സൂക്ഷിക്കപ്പെട്ടിരിക്കുന്ന തല തോമസ്മോറിൻെറതാണെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നതു്.

അദ്ദേഹത്തിൻെറ ശരീരം കുഴിച്ചിടപ്പെട്ടതു ടൌവറിലുള്ള ശൃംഖലാബദ്ധനായ * വി. പത്രോസിൻെറ ദേവാലയത്തിലായിരുന്നു. കുറെ കാലം കഴിഞ്ഞതിൻെറ ശേഷം മോറിൻെറ ശരീരാവശേഷങ്ങൾ ഇവിടെനിന്നും ചെൽസിയിലെ ഇടവകപ്പള്ളിയിലേക്കു മാററപ്പെട്ടു എന്നു് ഐതിഹ്യമുണ്ടു്. എന്നാൽ പുരാതനജ്ഞന്മാരുടെയിടയിൽ ഇതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസവുമുണ്ടു്. ഫിഷറും മോറും വിശുദ്ധന്മാരാണെന്നു് കത്തോലിക്കാസഭ പ്രഖ്യാപനം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ അവരുടെ ശരീരാവശേഷങ്ങൾ എവിടെയെല്ലാമാണെന്നുള്ളതിനെക്കുറിച്ചു് ഉൽസാഹപൂർവ്വമായ ഗവേഷണം നടക്കുന്നുണ്ടു്.

---

* വി: പത്രോസ് ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു് കാരാഗൃഹത്തിൽ താമസിച്ചതിൻെറ സ്മാരകമായിട്ടുള്ളതാണ് ഈ പള്ളി. ഒരു കാരാഗൃഹത്തിലെ പള്ളിക്കു് ഈ പ്രതിഷ്ഠ അന്വർത്ഥമായിരിക്കുന്നു.

# ഒൻപതാമദ്ധ്യായം

## സർ തോമസ് മോറിൻെറ സാഹിത്യകൃതികൾ.

തോമസ് മോറിൻെറ പേരു കേട്ടാൽ സാഹിത്യചരിത്രജ്ഞന്മാരുടെ മനസ്സിൽ ആദ്യമുദിക്കുന്നതു് അദ്ദേഹത്തിൻെറ "യൂട്ടോപ്പിയാ" (Utopia) എന്ന കൃതിയാണു്. എന്നാൽ ഇതു് അദ്ദേഹത്തിൻെറ ഗംഭീരങ്ങളായ കൃതികളിൽ ഒന്നല്ല. അദ്ദേഹം കളിയായിട്ടു് വിനോദാർത്ഥം എഴുതിയ ഒരു ഗ്രന്ഥമാണിതു്. അതിലെ ആശയങ്ങളുടെ അസാധാരണത്വവും നവീനത്വവും കൊണ്ടാണു് ആ കൃതി പ്രസിദ്ധമായിത്തീർന്നതു്. "യൂട്ടോപ്പിയാ" എന്ന സംജ്ഞ ഒരു ഗ്രീക്കശബ്ദമാണു്; അതിൻെറ യൌഗികാർത്ഥം "അസ്ഥലം" എന്നുമാണു്. സമുദ്രമദ്ധ്യത്തിൽ യൂട്ടോപ്പിയാ എന്നൊരു ദ്വീപുണ്ടെന്നു സങ്കല്പിച്ചുകൊണ്ടു് ആ ദ്വീപിലെ ജനതതിയുടെ ആചാരങ്ങൾ, വിദ്യാഭ്യാസരീതി, രാജ്യഭരണരീതി, തത്വശാസ്ത്രം, മതം ഇത്യാദികളെ തോമസ് മോർ വർണ്ണിക്കുന്നു. അങ്ങനെയൊരു സ്ഥലം സാക്ഷാലില്ലാത്തതു കൊണ്ടാണു് അസ്ഥലം എന്നർത്ഥം വരുന്ന യൂട്ടോപ്പിയാ എന്ന സംജ്ഞ മോർ അതിനു കൊടുത്തിരിക്കുന്നതു്.

യൂട്ടോപ്പിയായിൽ പ്രകാശിതങ്ങളായിരിക്കുന്ന ആശയങ്ങൾ മോറിൻെറ ആദർശങ്ങളായിരുന്നോ അല്ലയോ എന്നുള്ളതിനെക്കുറിച്ച് പണ്ഡിതന്മാരുടെയിട

യിൽ വിവാദമുണ്ടായിട്ടുണ്ട്. വാദവിഷയമായി ആ കൃതിയിലുള്ള ആശയങ്ങൾ അഞ്ചെണ്ണമാണ്. ഇവയിൽ ഒന്നാമത്തേതു് പൌരസ്വവാദമാണു; എന്നു പറഞ്ഞാൽ നാട്ടിലുള്ള സ്വത്തെല്ലാം സകല പൌരന്മാരുടേയുമാണെന്നുള്ള വാദം. യൂട്ടോപ്പിയായിലെ വ്യക്തികൾക്കു് പ്രത്യേകം സ്വത്തില്ലായിരുന്നു; സ്വത്തെല്ലാം പൊതുവായിരുന്നു. ഈ വാദത്തിനാണല്ലോ ഇപ്പോൾ കൊമ്യൂണിസം എന്നു പേരുള്ളതു്; ഇതാണല്ലോ ഇപ്പോൾ റഷ്യായിൽ ഭരണാധികാരികൾ പ്രായോഗികമാക്കാൻ ശ്രമിക്കുന്ന ആദർശം.

രണ്ടാമതായി, തത്വശാസ്ത്രത്തിൽ യൂട്ടോപ്പിയാക്കാർ സുഖവാദികളായിരുന്നു. മനുഷ്യരുടെ പ്രവൃത്തികളുടെയെല്ലാം ലക്ഷ്യം ഭൌതികസുഖമാണെന്നാണു് ഈ വാദം. ഇതു് ഒരുവക ചാർവ്വാകത്വം അല്ലെങ്കിൽ നാസ്തികത്വമാണെന്നു പറയേണമെന്നില്ലല്ലോ. യൂട്ടോപ്പിയായിൽ വിവാഹമോചനം അംഗീകൃതമായിരുന്നുവെന്നുള്ളതാണു് ആ കൃതിയിലുള്ള മൂന്നാമത്തെ ആദർശവിശേഷം. അസാധ്യരോഗങ്ങളാൽ ബാധിതരായവർ ആത്മഹത്യചെയ്യുന്നതിനു യൂട്ടോപ്പിയായിൽ വിരോധമുണ്ടായിരുന്നില്ല. അവർ ദൈവമുണ്ടെന്നു വിശ്വസിച്ചിരുന്നെങ്കിലും ശ്രുതികളിൽ വിശ്വസിച്ചിരുന്നില്ല. ദൈവം മനുഷ്യരുടെ കാര്യങ്ങളിൽ ഉത്സുകനല്ലെന്നും തന്മൂലം ശ്രുതികൾവഴിയായി തന്റെ ഹിതം മനുഷ്യനെ അറിയിച്ചിട്ടില്ലെന്നുമാണു് ഈ വാദത്തിന്റെ സാരം.

ഈ ആശയങ്ങളെല്ലാം ക്രിസ്തീയാദർശങ്ങൾക്കു് വിപരീതവും പാഷണ്ഡികവുമാണു്. ക്രിസ്തീയമതത്തിൽ

സ്ഥിരവ്രതനായിരുന്ന തോമസ്മോർ ഏവംവിധങ്ങളായ ആശയങ്ങൾ അനുകരണീയങ്ങളെന്നുള്ള അഭിപ്രായത്തോടുകൂടെയാണോ യൂട്ടോപ്പിയായിൽ അവയെ പ്രതിപാദിച്ചിരിക്കുന്നതു്? അല്ലെന്നു് അദ്ദേഹത്തിന്റെ സ്വഭാവവും ജീവിതവും പ്രഖ്യാപനം ചെയ്യുന്നു. ഉദാഹരണമായിട്ടു വിവാഹമോചനമെടുക്കാം. ഹെൻറിയുടെ വിവാഹമോചനം സ്വീകാര്യമാണെന്നു സമ്മതിക്കാതെ വധമത്തെ വരിച്ചവൻ വിവാഹമോചനത്തെ ഒരു ആദർശമായി കരുതിയിരുന്നുവെന്നു് എങ്ങനെ നമുക്കു വിശ്വസിക്കാം. ഫലിതപ്രിയനായിരുന്ന തോമസ്മോറിന്റെ മഹാഫലിതമായിരുന്നു യൂട്ടോപ്പിയാ.

തോമസ്മോർ സർവ്വദാ സാഹിത്യപ്രണയിയും സാഹിത്യരചനയിൽ വ്യാപൃതനുമായിരുന്നു. അദ്ദേഹത്തിന്റെ ചെറുപ്പത്തിൽതന്നെ ലത്തീനിലും ഇംഗ്ലീഷിലും അനവധി പദ്യങ്ങൾ രചിച്ചിട്ടുണ്ടു്. തന്റെ മനസ്സിൽ ഉദിക്കുന്ന വിചാരങ്ങളെ രേഖപ്പെടുത്തുന്നതു് അദ്ദേഹത്തിനാനന്ദകരമായിരുന്നു. അദ്ദേഹം സർവ്വദാ–വധ്യകാണ്ഡത്തിൽ കിടക്കുമ്പോൾ പോലും–ഫലിതക്കാരനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ അധികവും ആദ്ധ്യാത്മികവിഷയങ്ങളെ അധികരിച്ചായിരുന്നു. യൂട്ടോപ്പിയാ ഒഴിച്ചു് രണ്ടോ മൂന്നോ കൃതികൾ മാത്രമേ ആധിഭൗതിക വിഷയങ്ങളെ പ്രതിപാദിക്കുന്നവയായുള്ളു.

ഇങ്ങനെയുള്ള കൃതികളിൽ ഒന്നായിരുന്നു റിച്ചാർഡു തൃതീയന്റെ ജീവചരിത്രം. ഈ കൃതി

തുടങ്ങിയതു് മോറിനു മുപ്പതുവയസ്സാകുന്നതിനു മുൻപായിരുന്നുവെങ്കിലും അദ്ദേഹമതു പൂർത്തിയാക്കിയിട്ടില്ലാ. ഈ ജീവചരിത്രം എഴുതപ്പെട്ടിരിക്കുന്നതു് ലത്തീനിലും ഇംഗ്ലീഷിലുമാണു്. ഒരേ കൃതി തന്നെ രണ്ടു ഭാഷകളിൽ അദ്ദേഹം എഴുതിയിരിക്കുന്നതു് എന്തിനാണെന്നു് നിർണ്ണയിക്കുവാൻ നിവൃത്തിയില്ല. ലത്തീൻപ്രതി കർട്ടിനാൾ മോർട്ടനും, ഇംഗ്ലീഷു് മോറും എഴുതിയതായിരിക്കണമെന്നു് ചില വിമർശകന്മാർ പറയുന്നു. കർട്ടിനാൾ മോർട്ടൻ, റിച്ചാർഡു് തൃതീയനോടു നേരിട്ടു പരിചയമുള്ള ആളായിരുന്നല്ലോ. ഇംഗ്ലണ്ടിനു പുറത്തുള്ള യൂറോപ്പിലെ മററു രാജ്യങ്ങളിലും പ്രചാരം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ലത്തീനിലും മോർ തന്നെ എഴുതിയതാണെന്നും വരാം. അക്കാലത്തു് യൂറോപ്പിലെല്ലാം പ്രചാരം ലഭിക്കേണ്ട പുസ്തകങ്ങൾ ലത്തീൻ ഭാഷയിലാണു് എഴുതപ്പെട്ടിരുന്നതു്. യൂട്ടോപ്പിയാ തന്നെ ലത്തീൻഭാഷയിലാണു്. ലത്തീനായിരുന്നു ആ കാലത്തെ പണ്ഡിതഭാഷ.

ആധിഭൗതികമായ മറെറാരു കൃതിയായിരുന്നു മോറിൻെറ "ആത്മസാധൂകരണം" (Apologia) എന്ന കൃതി. മോറിൻെറ ചില വിരോധികൾ അദ്ദേഹത്തിൽ ആരോപിച്ചിരുന്ന ദോഷങ്ങൾക്കു് ഒരു പ്രത്യാഖ്യാനമായിരുന്നു ഈ കൃതി.

അദ്ദേഹത്തിൻെറ ആദ്ധ്യാത്മികകൃതികളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് "നാലു് അന്ത്യപദാർത്ഥങ്ങൾ" (The Four Last Things) എന്ന ഗ്രന്ഥമാണു്. മനുഷ്യൻെറ ഭൗമികജീവിതത്തിൻെറ നശ്വരതവും

പാരത്രികജീവിതത്തിൻെറ ശാശ്വതത്വവുമാണ് ഇതു കൃതിയുടെ വിഷയം. ഇതുപോലെയൊരു ആദ്ധ്യാത്മിക കൃതിയായിരുന്നു അദ്ദേഹം തടവിൽ കിടക്കുമ്പോൾ എഴുതിയ "പീഡയ്ക്കെതിരായ ആശ്വാസത്തെക്കുറിച്ചുള്ള സംഭാഷണം" Dialogue of Comfort against Tribulation) എന്ന കൃതി.

തോമസ് മോറിൻെറ ജീവിതകാലത്താണല്ലോ നവീകരണത്തിൻെറ (Reformation) ഉത്ഭവം. അദ്ദേഹത്തെപ്പോലെ പണ്ഡിതനും ഭക്തനും ലേഖനപടുവുമായ ഒരുവൻ അതിൻെറ ആവർത്തങ്ങളിൽ പെട്ടിരിക്കണമെന്നു നമുക്കൂഹിക്കാമല്ലോ. "ലൂത്തറിനുമറുപടി" (Responsio ad Lutherum) എന്ന ഗ്രന്ഥമാണ് ഇതു സംഗതിയിൽ അദ്ദേഹത്തിൻെറ ഏററം പ്രധാനമായ കൃതി. ററിൻഡെയ്ൽ(Tyndale) ബാൺസ് (Barnes) മുതലായി ഇംഗ്ലണ്ടിൽ ആവിർഭവിച്ച നവീകാരികളുടെ വാദങ്ങൾക്കെതിരായും അദ്ദേഹം ലഘുലേഖകൾ രചിച്ചിട്ടുണ്ട്.

തോമസ് മോറിൻെറ ബുദ്ധിയുടെ വ്യാപാരങ്ങളെ പരിഗണിക്കുന്നതിൽ അദ്ദേഹം പലർക്കും അയച്ചിട്ടുള്ള അനവധി ലേഖനങ്ങളും ഗണനീയങ്ങളാണ്.

(സമാപ്തം)

# സർ തോമസ്‌മോർ



ഐ. സി. ചാക്കോ

PRICE Re 1.

Indic Digital Archive Foundation
gpura.org